"നിൻെറ ഹൃദയത്തിൽ പശ്ചാത്താപമുണ്ടാകണമെന്നു നി അഗ്രഹിക്കുന്നുവെങ്കിൽ, 'നിങ്ങളുടെ കിടക്കയിൽ പശ്ചാത്തപിച്ചുകൊള്ളുവിൻ' എന്നു (സങ്കി: IV: 5) എഴുതപ്പെട്ടിരിക്കുന്നതനുസരിച്ചു നിൻെറ മുറിക്കുള്ളിൽ പ്രവേശിച്ചു ലോകത്തിൻെറ ബഹളത്തെ പുറത്താക്കുക. പുറമെ നിനക്കു പലപ്പോഴും നഷ്ടമായി പോകുന്നതു് നിൻെറ മുറിക്കുള്ളിൽ നി കണ്ടെത്തും."

—ക്രിസ്ത്വാനുകരണം

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

"മിശിഹായുടെ പ്രവൃത്തികളെക്കുറിച്ചു യോഹന്നാൻ കാരാഗൃഹത്തിൽവച്ചു കേട്ടു്, തൻെറ ശിഷ്യന്മാരിൽ രണ്ടുപേരെ അവിടുത്തെ പക്കലേക്കയച്ചു ചോദിച്ചു: നിൻെറ വരവിനെപ്പററിയാണോ പ്രവചിക്കപ്പെട്ടിരിക്കുന്നതു്? അതോ, ഇനിയും മറെറാരുവനെ പ്രതീക്ഷിക്കണമോ? അപ്പോൾ ഈശോ അവർക്കു ഉത്തരമരുളി: നിങ്ങളുടെ കണ്ണുകളും നേത്രങ്ങളും സാക്ഷ്യംവഹിച്ചവയെക്കുറിച്ചു നിങ്ങൾപോയി യോഹന്നാനോടു പറയുവിൻ."

—മത്തായി XI. 2-4

Reg. No. M. 2293. | 1957 ഡിസംബർ 4—ബുധനാഴ്ച | Vol. 31, No. 17

# സഭാസംബന്ധവും ധാർമ്മികവുമായ പ്രശ്നങ്ങൾ

## ബിഷപ്പ്സ്കോൺഫറൻസ് സ്റ്റാൻഡിംഗ്കമ്മററിയുടെ പ്രസ്താവന

ഒരു സംഘടിതപാർട്ടിയെന്ന നിലയിൽ കമ്മ്യൂണിസത്തിൻെറ രംഗപ്രവേശവുംഒരുസംസ്ഥാനത്തു് ആ പാർട്ടി വരിച്ചിരിക്കുന്ന വിജയവും ശ്രദ്ധാർഹമായ ഒരു സ്ഥിതിവിശേഷവും ഒരു മുന്നറിയിപ്പുമായിരിക്കുന്നുണ്ടു്. കക്ഷിപരമായ രാഷ്ട്രീയത്തിൽ ഞങ്ങൾ തല്പരരല്ലായെങ്കിലും, കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നയപരിപാടികൾ സംബന്ധിച്ച മതപരവും ധാർമ്മികവുമായ പ്രശ്നങ്ങളെ ഞങ്ങൾക്കു പരിഗണനാവിഷയമാക്കാതിരിക്കുവാൻ സാദ്ധ്യമല്ല.

### വിദ്യാഭ്യാസം

കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിൻെറ കർശനവും സ്വേച്ഛാപരവുമായ നിയമാനുശാസനങ്ങളോടുകൂടിയ വിദ്യാഭ്യാസബില്ലിൽ അസ്വാസ്ഥ്യജനകമായ ഒരു സ്ഥിതിവിശേഷം സംജാതമാക്കിയിട്ടുണ്ടു്. ബില്ലിലെ വിവിധവ്യവസ്ഥകൾ വിദ്യാഭ്യാസരംഗത്തു മാതാപിതാക്കന്മാരുടേയും മതപരമായ ന്യൂനപക്ഷങ്ങളുടേയും മൗലികാവകാശങ്ങളുടെ നേക്കുള്ള അവിഹിതമായ ഒരു കൈയേററമാണു്. വിദ്യാലയങ്ങളുടെ കർശനമായ നിയന്ത്രണവും തുടന്നു ദേശവത്കരണവും ലക്ഷീകരിച്ചുള്ള സാഹസികമായ ഉദ്യമങ്ങളെ തുടന്നു് കേരളീയജനതയുടെ ഇടയിൽ ഉളവായിട്ടുള്ള ഉൽക്കണ്ഠയുടെ ഒരു സൂചനയാണു് രാഷ്ട്രീയവും മതാത്മകവുമായ ചിന്താഗതിക്കാരായ ഉത്തരവാദിത്വബോധമുള്ള എല്ലാഗണമാളുകളിൽനിന്നും ഉയന്നിട്ടുള്ള പ്രതിഷേധങ്ങൾ.

വിദ്യാഭ്യാസത്തിൻെറ സുസ്ഥിരവും ക്രമാനുസൃതവുമായ പുരോഗതിക്കായി റഗ്ഗുലേഷനുകൾ ക്രോഡീകരിക്കുവാൻ സ്റ്റേററിനുള്ള അവകാശത്തെ ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. എന്നാൽ തങ്ങളുടെ കുട്ടികളെ തങ്ങളുടെ അഭിലാഷങ്ങൾക്കും മതപരമായ വിശ്വാസങ്ങൾക്കും അനുസൃതമായി വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള മാതാപിതാക്കന്മാരുടെ പരിപാവനവും കൈമാററംചെയ്യപ്പെടുവാൻ വഹിയാത്തതുമായ അവകാശങ്ങളിലും, സ്വാതന്ത്ര്യത്തിൻേറയും സ്വയംഭരണത്തിൻേറയും സഹിഷ്ണുതയുടേയും ചരിത്രപരമായ നയത്തിനു് അനുസൃതമായും ഇന്ത്യൻ റിപ്പബ്ളിക്കിൻെറ ഭരണഘടനയിൽ 30-ാം ആർട്ടിക്കിളിൽ നൽകപ്പെട്ടിട്ടുള്ള ഉറപ്പുകൾക്കനുയോജ്യമായും സ്കൂളുകൾ നടത്തുവാൻ സഭയ്ക്കുള്ള അവകാശങ്ങളിലും കൈകടത്തുന്നതിനെ ഞങ്ങൾ ശക്തിയായി എതിർക്കുന്നു.

എല്ലാ മതവിശ്വാസങ്ങളേയും ആദരിക്കുമെന്നു് തിരിഞ്ഞെടുപ്പിനു മുൻപും പിൻപും കേരളത്തിലെ കമ്മ്യൂണിസ്റ്റ്നേതാക്കന്മാർ ഖണ്ഡിതമായി ഉറപ്പുനൽകിയിട്ടുള്ളതാണെങ്കിലും, അവർ തങ്ങളുടെ ടോട്ടലിറേററിയൻപ്രവണതകളും ക്രിസ്ത്യാനികളോടും തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസം നിർവ്വഹിക്കുന്നതിനുള്ള അവരുടെ മതപരമായ വിശ്വാസത്തോടുമുള്ള ശത്രുതയും നഗ്നമായി പ്രകടിപ്പിച്ചിരിക്കുന്നു. പ്രധാനമായും തങ്ങളുടെ കുട്ടികളെ ഉദ്ദേശിച്ചു സ്ഥാപിക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളെ സംബന്ധിച്ച തങ്ങളുടെ സ്വാഭാവികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള അവരുടെ ന്യായാനുസൃതമായ അവകാശവാദങ്ങൾക്കുവേണ്ടി കത്തോലിക്കരെ ശിക്ഷാപാത്രങ്ങളാക്കാൻ പാടില്ലാത്തതാകുന്നു. പ്രൈവററു് ഏജൻസികളുടെ കഴുത്തു ഞെരിക്കുകയും സ്റ്റേററു്സ്കൂളുകളെ ആലംബമാക്കുവാൻ കുടുംബങ്ങളെ നിർബന്ധിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസപരമോ വിജ്ഞാനപരമോ ആയ ഏതൊരു കുത്തകയും അവരുടെ മനസ്സാക്ഷിപ്രചോദനത്തിനു വിരുദ്ധവും അവരുടെ ന്യായയുക്തമായ മുൻഗണനയ്ക്കു അനനുയോജ്യവും തന്മൂലം നീയമരഹിതവും അനീതിപരവുമാകുന്നു.

### കമ്മ്യൂണിസം

കമ്മ്യൂണിസ്റ്റ് ജീവിതതത്വശാസ്ത്രം മനുഷ്യൻെറ സ്വഭാവത്തേയും ജനസമൂഹത്തിൻെറ സ്വഭാവത്തേയും സത്യത്തിൻെറ സ്വഭാവത്തേയും ജീവിതത്തിൻെറ അത്ഥത്തേയും ലക്ഷ്യത്തേയും സംബന്ധിച്ച കത്തോലിക്കാ പഠനത്തിനു തികച്ചും അനനുയോജ്യമാണെന്നു എല്ലാ കത്തോലിക്കർക്കും മുന്നറിയിപ്പുനൽകുവാനും അവരെ അനുസ്മരിപ്പിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഇങ്ങനെ പ്രഖ്യാപിച്ചു: "എവിടേയും വിരുദ്ധശക്തികൾ നിർണ്ണായകമായ ഒരു സമരത്തിൽ വ്യാപൃതമായിരിക്കുന്നു—ദൈവത്തിലുള്ള വിശ്വാസവും ദൈവനിഷേധവും; ആത്മാവിൻെറ പ്രാമുഖ്യവും പദാത്ഥമാത്രത്വത്തിൻെറ മേധാവിത്വവും; മനുഷ്യവ്യക്തിത്വത്തിനു നൽകപ്പെടുന്ന മൂല്യവും ചവററുകൊട്ടയിലേക്കുള്ള അതിൻെറ ഏറിയലും; യുക്തിജന്യമായ ക്രമവും യുക്തിയുടെ ദുർവ്വിനിയോഗത്തിൻെറ അനന്തരഫലമായ അരാജകത്വവും."

ആകയാൽയാതൊരു കത്തോലിക്കനും ഒരു കമ്മ്യൂണിസ്റ്റായിരിക്കാവുന്നതല്ല. പദാത്ഥമാത്രവും ക്രൈസ്തവവിരുദ്ധവുമായ ഒരു സിദ്ധാന്തം വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഏതൊരു കത്തോലിക്കനും തദ്വാരാ സഭയ്ക്കു ഇതരനായി ഭവിക്കുന്നു; തിരുസിംഹാസനത്തിനുമാത്രം മോചനം നൽകാവുന്ന മഹറോൻശിക്ഷയ്ക്കു വിധേയനായിത്തീരുകയും ചെയ്യുന്നു.

### കുടുംബസംവിധാനം

കുടുംബസംവിധാനം സംബന്ധിച്ച സംഘടിതമായി നടക്കുന്ന പ്രചരണത്തെപ്പററി നമ്മുടെ ജനങ്ങളുടെ ഉൽക്കണ്ഠാപൂർവ്വമായ ശ്രദ്ധയെ ആകർഷിക്കേണ്ടതു് ഞങ്ങളുടെ കത്തവ്യമായി കരുതുന്നു. പ്രകൃതിവിരുദ്ധങ്ങളായ ഉപാധികളാൽ കുടുംബങ്ങളുടെ അംഗസംഖ്യ പരിമിതപ്പെടുത്തുന്നതു് പ്രകൃതിയുടേയും ദൈവത്തിൻേറയും നിയമങ്ങൾക്കെതിരായിട്ടുള്ള ഒരു പാതകമാകുന്നു. വിവാഹജീവിതത്തിൻെറ വിശുദ്ധതയുടെ പ്രാഥമികലക്ഷ്യങ്ങളെ അതു പരാജയപ്പെടുത്തുന്നു. സെൻറു് തോമസ് 13-ാംനൂററാണ്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, സംഭവ്യമായ ജീവിതത്തെ മനഃപൂർവ്വം നശിപ്പിക്കുന്നതു് കൊലപാതകത്തോടടുത്ത സ്ഥാനമുള്ള ഒരു പാതകകൃത്യമാണു്. കൃത്രിമജനനനിരോധനോപാധികളുടെ ഉപയോഗം കുടുംബജീവിതത്തിൻെറ ശോഭായമാനതയെ വിഷലിപ്തമാക്കുകയും സ്വാർത്ഥപ്രതിപത്തിയെ പരിപോഷിപ്പിക്കുകയും കുടുംബങ്ങളിൽ സാമൂഹ്യവും സാമ്പത്തികവുമായ പല ക്രമക്കേടുകൾക്കും അസന്തുഷ്ടിക്കും ഇടയാക്കുകയും ചെയ്യുന്നു. സ്വാഭാവികവും ധാർമ്മികവുമായ നിയമങ്ങൾ മാത്രമല്ല, നമ്മുടെ രാജ്യത്തിൻെറ പാരമ്പര്യവും കുടുംബജീവിതത്തിൻെറ പവിത്രതയും നിയമരഹിതമായ ഈ ഉപാധികളുടെ നേക്കു് സാധാരണന്മാരും അനക്ഷരരുമായ ആളുകളിൽ ഒരറപ്പും വെറുപ്പും സംജാതമാക്കുന്നു.

മഹാത്മാഗാന്ധി 1936 മാർച്ച് 28-ാംനു-യിലെ ഹരിജൻപത്രത്തിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:- "ഈ പ്രചരണംകൊണ്ടുണ്ടാകുന്ന ഏററവും വലിയ വിപത്തു് പഴയ ആദശം നിരാകരിക്കുകയും അതിൻെറസ്ഥാനത്തു്, പ്രായോഗികമാക്കിയാൽ വംശത്തിൻെറ ധാമ്മികവും ശാരീരികവുമായ ഉന്മൂലനത്തിനുള്ള ഒരാദശം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നുവെന്നുള്ളതാണു്...ഒരുതരം കൃത്രിമോപാധികൾ മുൻപുണ്ടായിരുന്നു; ഇനിയുമുണ്ടാകാം. എന്നാൽ അവയുടെ ഉപയോഗം അന്നു് പാപകരമായി പരിഗണിക്കപ്പെട്ടിരുന്നു. തിന്മയെ നന്മയെന്നു് വിളിച്ചു് അതിനെ മിഥ്യയായി വാഴ്ത്തുകയെന്നതു് നമ്മുടെ തലമുറയ്ക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന ഒരു രീതിയായി തോന്നുന്നു. തെററായ ഒരു ആദശമെന്നു് ഞാൻ കരുതുന്ന ഒന്നിനെ ഇന്ത്യയിലെ യുവജനഹൃദയങ്ങളിൽ കുത്തിവയ്ക്കുകയെന്നതാണു് കൃത്രിമജനനനിരോധോപകരണങ്ങളുടെ പ്രണേതാക്കൾ ആ യുവജനങ്ങളോടുചെയ്യുന്ന കൊടിയ ദ്രോഹം. ഇന്ത്യയുടെ ഭാഗധേയങ്ങൾ വഹിക്കുന്ന ഇന്ത്യയിലെ യുവതിയുവാക്കന്മാർ ഈ വ്യാജദേവതയെപ്പററി കരുതലുള്ളവരായിരിക്കുകയും ദൈവം തങ്ങൾക്കു നൽകിയിരിക്കുന്ന അനുഗ്രഹപൂർണ്ണമായ അമൂല്യനിധി പരിരക്ഷിക്കുകയും, അതു ഏതുപയോഗത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അതിനായി മാത്രം, തങ്ങൾക്കിഷ്ടമുള്ളപക്ഷം ഉപയോഗിക്കുകയും ചെയ്യട്ടെ."

കത്തോലിക്കാസഭയുടെ അദ്ധ്യാപനം നമ്മുടെ ജനതയുടെ അമൂല്യപിന്തുടർച്ചാവകാശത്തിനു തികച്ചും അനുഗുണമായിട്ടുള്ളതാകുന്നു. ധാമ്മികനിയമത്തെ മാത്രമല്ല, ദൈവത്തിൻേറയും ഖണ്ഡിതമായ നിയമങ്ങളെ ലംഘിക്കാതെ

(ശേഷം 7-ാം പേജിൽ)




**അമലമനോഹരിയായ പരിശുദ്ധകന്യകമറിയം**

**(അമലോത്ഭവത്തിരുനാൾ—ഡിസമ്പർ 8)**

# ശാസ്ത്രീയ കൃഷിസമ്പ്രദായം

(ഡി. ജോസഫ് ഗ്രാമസേവക്, ആലങ്ങാട്,)

കേരളം ഒരു പ്രശ്നസംസ്ഥാനമാണെന്നും, നമ്മുടെ ഏററം പ്രധാനപ്പെട്ട പ്രശ്നം ഭക്ഷ്യവിഭവങ്ങളിൽ ഉള്ള അപൂർണ്ണതയാണെന്നും പരക്കെ ബോദ്ധ്യമായിട്ടുള്ള ഒരു സംഗതിയാണ്. ഇന്നു നമുക്കുള്ള കൃഷിസ്ഥലങ്ങളിൽതന്നെ കൃഷി ചെയ്തു് ഈ പ്രശ്നത്തിനു് ഒരു പരിഹാരം കാണേണ്ടതു്, കൂടുതൽ സ്ഥലങ്ങൾ ഇനിയും കൃഷിക്കുവേണ്ടി വിനിയോഗിക്കുവാൻ ഇല്ലാത്ത പരിതസ്ഥിതിയിൽ നമുക്കു സ്വീകരിക്കുവാനുള്ള ഏകമാർഗ്ഗമാണ്. കേരളത്തിൽ കമ്മ്യൂണിററി പ്രോജക്ടുകളും, ദേശീയവികസന പദ്ധതികളും പ്രവർത്തനം ആരംഭിച്ചതോടുകൂടി ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങളും, കൃഷിക്കു ഉപദ്രവം ചെയ്യുന്ന പ്രാണിശല്യങ്ങളിലും രോഗങ്ങളിലും കുറെയെല്ലാം നിയന്ത്രണം ചെലുത്തുന്നതിനും അവയെ തടയുന്നതിനും ഉള്ള മാർഗ്ഗങ്ങളും കുറെപേരെങ്കിലും ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ ഈ പ്രശ്നത്തിന്റെ വലിപ്പത്തേയും, രാജ്യത്തെ ജനസംഖ്യയേയും വച്ചുനോക്കുമ്പോൾ ഈ കാര്യത്തിൽ വിജ്ഞാനം ലഭിച്ചവർ വളരെ കുറവെന്നുവേണം വിചാരിക്കുവാൻ.

നമ്മുടെ നാട്ടിലെ പ്രധാനകൃഷി നെല്ലു്, തെങ്ങ് എന്നിവയാണല്ലോ. നെൽകൃഷിയിൽ ജപ്പാൻ സമ്പ്രദായം ആദായകരമായ ഒന്നായി പരിഗണിക്കപ്പെട്ടുവരുന്നു. പലരും ജപ്പാൻരീതിയിലുള്ള കൃഷിയെന്നു പറഞ്ഞാൽ വരിവരിയായി നടുകയെന്നതിൽ കവിഞ്ഞു് ഒന്നുമില്ലെന്നു ധരിച്ചവരായിട്ടുള്ളതായി തോന്നുന്നു. എന്നാൽ വരിയായി നടുകയെന്നതു് ഈ സമ്പ്രദായത്തിലുള്ള ഒരു ക്രമം മാത്രമാണ്. പ്രധാനമായി ഈ ആധുനികരീതിയിൽ സൂക്ഷിക്കേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യം വിത്തു തിരിഞ്ഞെടുക്കുന്നതിലും, ഞാറു് നന്നായി വളർത്തി ശരിയായ അകലത്തിലും ക്രമത്തിലും നടുന്നതിലുമാണെന്നുള്ള യാഥാർത്ഥ്യം മാക്കുവാനോ മറക്കുവാനോ പാടുള്ളതല്ല.

ആറും ഏഴും പറ വിത്തു് ഒരേക്കറിനു ഉപയോഗിച്ചുവരുന്ന ഇന്നത്തെ നാടൻ സമ്പ്രദായത്തിനു പകരം പന്ത്രണ്ടോ പതിന്നാലോ റാത്തൽ യോജിച്ച രീതിയിലുള്ള വിത്തു് ഒരേക്കറിനു മതിയാകുമെന്നുള്ളതാണു ഒരു മേന്മ. വിത്തു് ഞാററടിയിൽ ഇടുന്നതിനു മുൻപായി അഗ്രോസൻ (Agrrocen G. N.) എന്ന മരുന്നുകലക്കിയ വെള്ളത്തിൽ കുറച്ചുസമയം ഇട്ടു് വിത്തിൽതന്നെയുണ്ടായിരിക്കാൻ ഇടയുള്ള രോഗങ്ങളെ തടയേണ്ടതാകുന്നു. പ്രധാനമായി മൂട്ടചീയൽ, ബ്ലൈററു് മുതലായ രോഗങ്ങളാണ് ഈ ശുശ്രൂഷകൊണ്ടു് തടയാവുന്നതു്. ഇതുകൊണ്ടു് നെല്ലിനു മുട്ടപ്പും, പുകൾച്ചയുംകൂടി ഉണ്ടാകുവാൻ ഉപകരിക്കുന്നു. ഇങ്ങനെ പാകപ്പെടുത്തിയെടുത്തവിത്തു് സമനിരപ്പിൽനിന്നും കുറച്ചു് ഉയർന്ന തടങ്ങളിൽ പാകിയാണ് ഞാററടി ഉണ്ടാക്കേണ്ടതു്. ഞാററടിയിൽ തന്നെ കളപറിക്കുന്ന കാര്യത്തിലും, വളം ചെയ്യുന്ന കാര്യത്തിലും ശ്രദ്ധിക്കേണ്ടതും അത്യാവശ്യമാണ്. നാലാഴ്ചയോടുകൂടി പറിച്ചുനടത്തക്ക വളർച്ച പ്രാപിക്കുന്ന ഞാറു് വേരു പൊട്ടാതേയും, ഒടിയാതേയും പറിച്ചെടുത്തുവേണം നിലങ്ങളിൽ നടുന്നതിനു്. നടുന്നതിനു മുൻപായി ഡി. ഡി. ടി. കലക്കിയ വെള്ളത്തിൽ ഞാറുകൾ മുക്കി നെല്ലിനു വരാവുന്ന രോഗങ്ങളേയും കൃമികീടശല്യങ്ങളേയും തടയാവുന്നതാണ്.

ഇങ്ങനെയുള്ള ഞാറു് 9 ഇഞ്ച് അകലത്തിൽ ഒന്നോ രണ്ടോ വീതം വരിവരിയായി നടേണ്ടതാകുന്നു. പിന്നീടു് രണ്ടുപ്രാവശ്യമുള്ള ഇടയിളക്കലും വളമിടലും കൂടിയായാൽ ജപ്പാൻരീതിയിലുള്ള കൃഷിയായി എന്നു പറയാം. നല്ല ഞാറു് കൂടുതൽ ചിനപ്പെടുക്കുന്നതിനും, ചെടികൾക്കു കിട്ടുന്ന വെളിച്ചവും വായുവും മണ്ണിനു ലഭിക്കുന്ന ഇളക്കവും വളം വലിച്ചെടുക്കുന്നതിനും സഹായിക്കുന്നുവെന്നുള്ള കാര്യങ്ങളാണ് രോഗബാധയെ തടയുന്നതോടുകൂടി ഈ കൃഷിസമ്പ്രദായത്തെ മേന്മപ്പെടുത്തുന്നതു്.

നെല്ലിനു വരുന്ന ഓലപ്പുഴു, കതിരുറി, വെള്ളക്കൂമ്പു്, ചാഴി മുതലായ രോഗകൃമികീട ഉപദ്രവങ്ങളിൽനിന്നും കൃഷിയെ രക്ഷിക്കുന്നതിനു് ഇപ്പോൾ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും എൻ. ഇ. എസ്. ബ്ലോക്കുകളിൽനിന്നും പ്ലാൻറു് പ്രൊട്ടക്ഷൻ ആഫീസി(എറണാകുളം)ൽ നിന്നും വേണ്ട മരുന്നുകളും, നിർദ്ദേശങ്ങളും ലഭിക്കുന്നതിനു് ഒട്ടും പ്രയാസമില്ല. ഗാമക്സിൻ, ഡി. ഡി. ടി., ഫോളിഡോൾ മുതലായ കൃമികീടനാശിനികൾ യഥാകാലം ക്രമമനുസരിച്ചു ഉപയോഗിക്കുന്നെങ്കിൽ നെല്ലിനു വരുന്ന പലരോഗങ്ങളേയും, കൃമികീടശല്യങ്ങളേയും തടയാവുന്നതാണ്.

### ഗാമക്സിൻ

ചാഴിക്കു് പ്രതിവിധിയായിട്ടു് ഉപയോഗിക്കുന്നതിനു് ഏററവും പാററിയതു് ഗാമക്സിനാണ്. റൈസ് ഹിസ്പാ (Rice hispa) ഓലചുരുട്ടിപ്പുഴു മുതലായവയെ തടയുന്നതിനും ഗാമക്സിൻ അടിച്ചാൽ മതിയാകും.

### ഡി. ഡി. ടി.

ഈ വിഷം രണ്ടു വിധത്തിൽ കൃമികീടങ്ങളെ നശിപ്പിക്കുവാൻ ഉപകരിക്കുന്നു. സ്പർശനവിഷം (contact poison) ആമാശയവിഷം (stomach poison) എന്ന രണ്ടു രൂപത്തിലും പൊതുവെ നെല്ലുതുടങ്ങി വിവിധചെടികൾക്കും സസ്യങ്ങൾക്കും വരുന്ന കൃമികീടശല്യങ്ങളെ നശിപ്പിക്കുവാൻ ഉപകരിക്കുന്നു. നെല്ലു് ഞാററടിയിൽനിന്നും പറിച്ചു് നിലത്തിൽ നടുന്നതിനു മുൻപായി 50 ശതമാനം ഡി ഡി ടി കലക്കിയ വെള്ളത്തിൽ ഞാറിന്റെ തല മുക്കി നടുന്നതു് പല രോഗങ്ങളേയും തടയുന്നതിനു് സഹായകരമാണ്.

### ഫോളിഡോൾ (Folidol)

ഇതു് ഒരു വിഷദ്രാവകമാണ്. അതുകൊണ്ടു് ഇതു പ്രയോഗിക്കുന്ന കാര്യത്തിൽ കുറച്ചു ശ്രദ്ധിക്കേണ്ടതാണ്. അതേസമയം ഇതുകൊണ്ടുള്ള ഗുണം വളരെയധികവുമാണ്. നെല്ലിനു് സാധാരണയായി കണ്ടുവരാറുള്ള Stem borer ഉപദ്രവം (കൂമ്പുചീയുന്നതു്) തടയുന്നതിനു് ഫോളിഡോൾ വളരെ ഉപകരിക്കുന്നുണ്ടു്. പതിനഞ്ചുദിവസംമാത്രം പ്രായമുള്ള ഞാറിലും നെല്ലു് പൊതുമ്പാകുന്നതിനുമുൻപും ഫോളിഡോൾ അടിക്കുന്നതു് മുൻപറഞ്ഞ ഉപദ്രവത്തിൽനിന്നും നെല്ലിനെ രക്ഷിക്കുവാൻ ഉപകരിക്കുന്നു. ഒരു ഔൺസ് ഫോളിഡോൾ പന്ത്രണ്ടര ഗാലൻ വെള്ളത്തിൽ എന്ന കണക്കിൽ കലക്കി നെല്ലിനു് അടിക്കാവുന്നതാണ്. ഫോളിഡോൾ അടിക്കുമ്പോൾ കാററിനു് അനുകൂലമായി നിന്നു് sprayer (സ്പ്രെയർ) പിടിക്കേണ്ടതാണ്. സ്പ്രെയറിൽനിന്നും നിർഗ്ഗമിക്കുന്ന ഫോളിഡോൾ കലക്കിയ വെള്ളം അടിക്കുന്ന ആളുടെതന്നെ ദേഹത്തു പതിക്കുവാനും മൂക്കിൽകൂടി അകത്തു പ്രവേശിക്കുവാനും ഇടവരരുതു്.

കൂടാതെ ക്ലോറൊഡൈൻ 5 ശതമാനം (Chlorodine) ബി. എച്ചു് സി, ലിൻഡെൻ(Lindane) മുതലായ രാസമരുന്നുകളും കൃഷിക്കു് വളരെ ഉപയോഗപ്രദമായിട്ടുള്ളവയാണ്. ക്ലോറൊഡൈൻ 5 ശതമാനം എന്ന രാസമരുന്നു് മണലോടുകൂടി ചേർത്തു് തെങ്ങിന്റെ കൂമ്പിലും, പട്ടകളുടെ ഇടയിലും, ഒരു ചെറിയ ഇരുമ്പുകമ്പിയുടേയോ മറേറാ സഹായത്തോടെ ഇട്ടുകൊടുക്കുന്നതായാൽ സാധാരണയായി തെങ്ങിനു ബാധിക്കാറുള്ള ചെല്ലിയുടെ ഉപദ്രവത്തിൽനിന്നും തെങ്ങുകളെ രക്ഷപ്പെടുത്താവുന്നതാണ്. ഈ ചെല്ലികളെ ആരംഭത്തിലെ നശിപ്പിക്കുന്നതു് കുറച്ചുകൂടി സഹായകരമായിരിക്കും. ബി എച്ചു് സി 60 ശതമാനം ഒരു റാത്തൽ 30 ഗാലൻ വെള്ളത്തിൽ എന്ന കണക്കിൽ കലക്കി വളക്കുഴികളുടെ മുകളിൽ തളിക്കുകയാണെങ്കിൽ ഈ ചെല്ലികളുടെ മുട്ടകളേയും, കുഞ്ഞുങ്ങളേയും നശിപ്പിക്കുവാൻ സാധിക്കും. സസ്യങ്ങളിൽ സാധാരണയായി കാണാറുള്ള കൃമികീടങ്ങൾക്കു് ഒരു തക്കപ്രതിവിധിയാണ് ലിൻഡെയിൻ.

### ബോർഡോമിക്സ്ചർ (Beaurdeaux mixture)

തെങ്ങിനു സാധാരണയായി പല ദിക്കുകളിലും കണ്ടുവരുന്ന ഓലരോഗത്തിനുള്ള (കാററുവീഴ്ച) ഒരു മരുന്നാണ് ബോർഡോമിക്സ്ചർ. ഇതു് തുരിശും, നീററുകക്കയും ചേർത്തു് ഉണ്ടാക്കുന്നു.

തെങ്ങിനു കാണുന്ന മറെറാരു ഉപദ്രവമാണ് ചെമന്ന ചെല്ലിയുടേതു്. തെങ്ങിന്റെ ഉള്ളിൽ കടന്നു് ആയിരക്കണക്കായി മുട്ടയിട്ടു് പെരുകി തെങ്ങിനെ പാടെ നശിപ്പിക്കുന്ന ഒന്നാണ് ചെമന്ന ചെല്ലി. ക്രമേണ തെങ്ങിന്റെ കൂമ്പുമുട്ടുകയും ചെയ്യും. കൂടുതലായി ഇതേവിധത്തിലുള്ള ചെല്ലികളുടെ ശല്യമുള്ള തെങ്ങുകളിൽ തെങ്ങിനോടു ചെവിചേർത്തുവച്ചു നോക്കിയാൽ ഉള്ളിൽനിന്നും ഒരു ഇരമ്പൽശബ്ദം കേൾക്കുവാൻ സാധിക്കും. ഈ ചെമന്ന ചെല്ലിയെ നശിപ്പിക്കുന്നതിനു് പൈറക്കോൺ (Pyracone E·) എന്ന വിഷദ്രാവകം ഒരു ഫണലിൽക്കൂടി തെങ്ങിനുള്ളിലേക്കു വിടുന്നതു് ഒരു തക്കപ്രതിവിധിയാണ്. സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ രോഗബാധിതമായവയെ പാടെ ചുട്ടുനശിപ്പിക്കുന്നതു് അടുത്തുള്ള തെങ്ങുകൾക്കു് ഇതു വരാതിരിക്കുവാൻ സഹായകരമായിരിക്കും.

നമ്മുടെ കൃഷിസമ്പത്തു് അഭിവൃദ്ധിപ്പെടുത്തുന്നതിനു് കൃഷിക്കു വരുന്ന രോഗങ്ങളേയും, കൃമികീടങ്ങളേയും, തടയേണ്ടതും ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങൾ സ്വീകരിക്കേണ്ടതും ഒരാവശ്യംമാത്രമാണ്. മുകളിൽ പറഞ്ഞിട്ടുള്ള കൃമികീടനാശിനികളും, അവയുടെ പ്രയോഗങ്ങളെപ്പററിയുള്ള കൂടുതൽ വിവരങ്ങളും, എൻ. ഇ. എസ്. ബ്ലോക്കുകൾ, കൃഷിആഫീസുകൾ, എറണാകുളത്തുള്ള പ്ലാൻറു് പ്രൊട്ടക്ഷൻ ആഫീസ് മുതലായ കേന്ദ്രങ്ങളിൽനിന്നും ലഭിക്കാവുന്നതാണ്.

വിമർശനപംക്തി

# പത്രോസിന്റെ പരമാധികാരം

(തുടർച്ച)

15. മൂന്നാം നൂററാണ്ടിൽ കാർത്തേജിൽ ഒരു ശീശ്മ ഉണ്ടായി. അവിടെ മതപീഡനം നിമിത്തം ചിലർ മതത്യാഗികളായിത്തീർന്നു. ഈ മതത്യാഗികളെ മെത്രാന്മാരുടെ നിർദ്ദേശങ്ങൾക്കെതിരായി ചില വൈദികർ സഭയുമായി പുനരൈക്യപ്പെടുത്തിയതിനെ തുടർന്നാണു ശീശ്മ ഉണ്ടായതു്. ഇവരെപ്പററി വിശുദ്ധ സിപ്രിയാൻ എഴുതുന്നു: "ഇവയുടെ എല്ലാത്തിന്റെയും ശേഷം, അവർ ഇവയ്ക്കും പുറമെ, പാഷണ്ഡരാൽ അഭിഷിക്തരായ ഒരു അയഥാർത്ഥ മെത്രാനെ സ്ഥാപിച്ചശേഷം, കടൽയാത്രചെയ്തു ശീശ്മക്കാരും പുറമേയുള്ളവരുമായ ആളുകളിൽനിന്നും എഴുത്തും വാങ്ങി, പത്രോസിന്റെ സിംഹാസനത്തിലേക്കും, പൗരോഹിത്യൈക്യം എവിടെനിന്നു് ആരംഭിച്ചിരിക്കുന്നുവോ ആ പ്രധാനസഭയിലേക്കും പുറപ്പെടുവാൻ അവർക്കു തുനിവുണ്ടായി. ഇതു് ആരുടെ വിശ്വാസത്തെ ശ്ലീഹാ സ്തുതിച്ചുവോ, ആരുടെ പക്കൽ അവിശ്വാസത്തിനു സാമീപ്യമില്ലയോ, ആ റോമാക്കാർ തന്നെയാണ് അവർ (ആ സഭാംഗങ്ങൾ) എന്നു ഓർമ്മിക്കാതെയാണ് (അവർ പ്രവർത്തിച്ചതു്)" (Ep 59 18) ആഫ്റിക്കയിൽ ശീശ്മക്കാരായി ഗണിക്കപ്പെട്ടവർ റോമാ മാർപ്പാപ്പായെ അഭയംപ്രാപിച്ചെന്നാണല്ലോ ഇതു വ്യക്തമാക്കുന്നതു്. ആഫ്റിക്കക്കാരനായ പ്രിവാത്തൂസ് മെത്രാൻ, നമീദിയാ മെത്രാന്മാരാൽ ശപിക്കപ്പെട്ടപ്പോൾ റോമാമാർപ്പാപ്പായുടെ പക്കൽ അപ്പീൽ ബോധിപ്പിച്ചതായി വി. സിപ്രിയാൻ അന്യത്ര പ്രസ്താവിക്കുന്നുണ്ട്. (Ep. 36, 4; 59, 10) റോമാസഭ "പ്രധാന സഭയാണെന്നും, തന്റെ സഹോദരന്മാരെ ഉറപ്പിക്കുവാൻ ഉദ്യോഗം ലഭിച്ച പത്രോസിന്റെ സിംഹാസനമാണെന്നും" കൊർണേലിയസ് മാർപ്പാപ്പായ്ക്കു് എഴുതിയ ഒരു കത്തിൽ വിശുദ്ധ സിപ്രിയൻ പ്രസ്താവിച്ചിട്ടുണ്ട്.

16. മാർപ്പാപ്പായുടെ പരമാധികാരത്തിൽ വി. സിപ്രിയാൻ വിശ്വസിച്ചിരുന്നെങ്കിലും, ഒരവസരത്തിൽ ആ വിശ്വാസത്തിനു അനുഗുണമായി അദ്ദേഹം പ്രവർത്തിക്കാതിരുന്നിട്ടുണ്ട്. പാഷണ്ഡരാൽ മാമ്മോദീസാ മുക്കപ്പെടുന്നവർ, മാനസാന്തരപ്പെടുന്നതായാൽ, അവർ വീണ്ടും മാമ്മോദീസാ മുക്കപ്പെടണമെന്നു വി. സിപ്രിയാനും കപ്പദോക്കിയായിലെ ഫിർമിലിയോനും മററും വാദിച്ചിരുന്നു. റോമായിലെ എസ്തപ്പാനോസു മാർപ്പാപ്പാ ഈ വാദത്തെ ശപിക്കുകയും, തന്റെ കല്പന അനുസരിക്കുവാൻ ആഫ്റിക്കക്കാരോടും ഏഷ്യാക്കാരോടും ആവശ്യപ്പെടുകയുംചെയ്തു വി. സിപ്രിയാനും ഫിർമിലിയാനും മററും കല്പന അനുസരിക്കുവാൻ വിസമ്മതിച്ചു വി. സിപ്രിയാൻമാർപ്പാപ്പായുടെ ഈ കല്പനയെ അനുസരിച്ചില്ലെങ്കിലും, മാർപ്പാപ്പായ്ക്കു പരമാധികാരമില്ലെന്നു വാദിച്ചില്ലായെന്നതു വളരെ പ്രസക്തമായ ഒരു സംഗതിയാണ്. മാർപ്പാപ്പായെ ശീശ്മക്കാരൻ എന്നു വിളിച്ച ഫിർമിലിയോൻ എഴുതുന്നു: "അദ്ദേഹം (എസ്തപ്പാനോസ്) തന്റെ മേൽപ്പട്ടസ്ഥാനത്തിൽ അഹങ്കരിക്കുന്നു. തിരുസഭയുടെ അടിസ്ഥാനം വയ്ക്കപ്പെട്ടിരിക്കുന്ന പത്രോസിന്റെ പിൻഗാമിത്വം തനിക്കു ലഭിച്ചിരിക്കുന്നു എന്നതിൽ അദ്ദേഹം പ്രശംസിക്കുന്നു." (Ep. 75 inter Cyprian) എസ്തപ്പാനോസിന്റെ കല്പനയെ അനുസരിക്കാതിരിക്കുന്ന അവസരത്തിലും അദ്ദേഹം സഭയുടെ അടിസ്ഥാനമായ പത്രോസിന്റെ പിൻഗാമിയാണെന്നു ഫിർമിലിയോൺ ഏററുപറയുന്നു. ആഫ്റിക്കക്കാരേയും ഏഷ്യാക്കാരേയും വിശ്വാസവിഷയകമായി ശിക്ഷയിൽ ഉൾപ്പെടുത്താമെന്നും അവരോടു അധികാരപൂർവ്വം കല്പിക്കാമെന്നും റോമാമാർപ്പാപ്പാമാർക്കു് ആദിമശതകങ്ങളിൽതന്നെ ബോധമുണ്ടായിരുന്നുവെന്നാണല്ലോ എസ്തപ്പാനോസു മാർപ്പാപ്പായുടെ പ്രവൃത്തി തെളിയിക്കുന്നതു്. വി സിപ്രിയന്റെ മരണശേഷം ഫിർമിലിയോൺ റോമായോടുള്ള പരിപൂർണ്ണ ഐക്യത്തിലേക്കു തിരിച്ചുവന്നു.

(ശേഷം 11-ാംപേജിൽ)


ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

അഭിവൃദ്ധിപത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിര നിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,675 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |
| 1956 | 5,97,150 | 24,76,610 | 31,64,179 | 40,94,938 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

(മാനേജിംഗ് ഡയറക്ടർ)

# രഷ്യയുടെ ഭാവി

(സി. എം.)

രഷ്യയുടെ ഭാവി എന്തായിരിക്കും? ഈശ്വരവിശ്വാസികളുടെ ഒരു ചിന്താവിഷയമാണ് രഷ്യയുടെ ഭാവി. ആസ്തിക്യബോധം നിശ്ശേഷം നിർമ്മാർജ്ജനംചെയ്തുകൊണ്ടു മുന്നേറുന്ന കമ്മ്യൂണിസ്റ്റ് രഷ്യ നശിപ്പിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നവർ പലരുമുണ്ട്. രഷ്യയിലെ കണ്ടുപിടുത്തങ്ങളുടേയും സിദ്ധാന്തങ്ങളുടേയും മുഖ്യലക്ഷ്യമെന്താണ്? ഇക്കഴിഞ്ഞ വിപ്ലവദിനാഘോഷത്തിൽ നവീനങ്ങളായ പല മാരകായുധങ്ങളും പ്രദർശിപ്പിക്കപ്പെട്ടു. നികിതാ ക്രൂഷേവ് മാരകായുധങ്ങൾ ഇതര രാജ്യപ്രതിപുരുഷന്മാരെ കാണിച്ചുകൊണ്ട് വളരെയധികം "വീമ്പടിക്കുകയുണ്ടായി." അമേരിക്കൻ ഐക്യനാട് രഷ്യയുടെ ഈ വമ്പത്തപ്രകടനത്തിൽ വലിയ കഴമ്പില്ലെന്നു പ്രഖ്യാപിച്ചുകഴിഞ്ഞു. ഉപഗ്രഹങ്ങൾ ഒന്ന് രണ്ട് എന്നീ ക്രമത്തിൽ അന്തരീക്ഷത്തിന്റെ സീമവരെ പറപ്പിക്കാൻ ശ്രമിച്ചു. അതു ഫലിച്ചു. അതൊരു വ്യഥാശ്രമമല്ലെന്നു അവകാശപ്പെടുന്നു. ഇതിനപ്പുറമെന്തൊക്കയോ ഇനിയും സംഭവിക്കാൻ പോവുകയാണ്. ഇക്കാര്യത്തിലും രഷ്യ സകല ലോകരുടേയും ശ്രദ്ധയെ ആകർഷിച്ചു. രാജ്യാന്തരങ്ങളിലെ ശാസ്ത്രജ്ഞന്മാർക്കു തലവേദനയുണ്ടാക്കി ഇതൊക്കെ കണ്ടുകൊണ്ടിരിക്കുന്ന അമേരിക്കൻപ്രസിഡണ്ട് തന്റെ ശാസ്ത്രജ്ഞന്മാർക്ക് ചന്ദ്രനിലേക്കു റോക്കററയക്കുവാൻ ഒരു സുഗ്രീവാജ്ഞതന്നെ നൽകിക്കഴിഞ്ഞിരിക്കുന്നു. ഇതൊന്നും യുദ്ധത്തിനു വഴിതെളിക്കുന്നില്ലെന്നു അമേരിക്ക ആവത്തിച്ചു പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

നിരായുധീകരണത്തിലും ഐക്യരാഷ്ട്രസമ്മേളനങ്ങളിലും രഷ്യ പലപ്പോഴും ശുണ്ഠിപിടിക്കുന്നുണ്ട്. ഇതിന്റെ ഉദ്ദേശമെന്തെന്നു ആർക്കുമാർക്കും ഒരു പിടിയും കിട്ടാതെ വിഷമിക്കുകയാണ്. ഇതിനിടയിൽ ഒരു ഏകശാസനത്തിലുള്ള യൂറോപ്പ് ആവശ്യമാണെന്നു ബ്രിട്ടീഷ്മന്ത്രി വാദിക്കുന്നു.

ഏതായാലും അമേരിക്ക രഷ്യക്കു പിന്നിലല്ലെന്നു കാണിക്കുമാറ് മാരകായുധശേഖരണവും ന്യൂക്ലിയർ പരീക്ഷണങ്ങളും തുടന്നുകൊണ്ടിരിക്കുന്നു. അടുത്ത യുദ്ധം ഒരണുയുദ്ധമായിരിക്കുമെന്നു ഏവരും പ്രതീക്ഷിക്കുന്നുണ്ട്. ആസ്തിക്യബോധമുള്ള പൗരസ്ത്യരാജ്യങ്ങൾ ലോകം ഒന്നാകെ നശിപ്പിക്കുന്ന ആ യുദ്ധം ഉണ്ടാകല്ലെയെന്നു പ്രാത്ഥിക്കുന്നു. ഏഷ്യൻരാജ്യങ്ങൾ ഒററക്കെട്ടായിനിന്നു സമാധാനത്തിനുവേണ്ടി പ്രയത്നിക്കുന്നു. വെട്ടാൻവരുന്ന പോത്തിന്റെ ചെവിയിൽ വേദമോതുന്ന ഫലമേ ഈ സമാധാനകാംക്ഷയ്ക്കുള്ളുവെന്നു ചിലർ കരുതുന്നുണ്ടാവാം. ഇതു ഫലപ്രാപ്തിയിൽ അറിയേണ്ട ഒരു കാര്യമായി ശേഷിക്കുന്നതേയുള്ളു.

എന്നാൽ കത്തോലിക്കാലോകം രഷ്യയുടെ നാശത്തെ ഒരിക്കലും ആഗ്രഹിക്കുന്നില്ലെന്നു പറഞ്ഞാൽ യഥാത്ഥ ദൈവവിശ്വാസികൾക്കും കത്തോലിക്കാമതത്തിൽ നിഷ്ഠയുള്ളവക്കും മാത്രമേ അതു മനസ്സിലാക്കാൻ സാധിക്കുകയുള്ളു. കത്തോലിക്കാലോകം കമ്മ്യൂണിസത്തിന്റെ ബദ്ധവിരോധികളായതിനാൽ കമ്മ്യൂണിസ്റ്റുകാർ നശിച്ചുകാണുവാൻ അവർ ആഗ്രഹിക്കുന്നുണ്ടെന്നു ഈയിടെ ചില പ്രമുഖപത്രങ്ങളും ലേഖകന്മാരും തട്ടിമൂളിക്കുകയുണ്ടായി. അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ ചില കമ്മ്യൂണിസ്റ്റ്മനസ്ഥിതിക്കാരായ പ്രസിദ്ധ ലേഖകന്മാരാണ് ഇവരിൽ പലരും. ബർട്രാൻഡ് റസ്സൽ തുടങ്ങിയ എഴുത്തുകാർ ശാസ്ത്രീയാധിപത്യംമാത്രം നിലനില്ക്കുമെന്നു വാദിക്കുകയും ആസ്തിക്യബോധത്തെ നിസ്സാരമാക്കുകയും ചെയ്തിട്ടുണ്ട്; ചെയ്യുന്നുമുണ്ട്.

ഇങ്ങനെ രാഷ്ട്രീയനിരീക്ഷകന്മാരും ശാസ്ത്രകോവിദന്മാരും യുദ്ധകതുകികളും രഷ്യയുടെ ഭാവി എന്തായിരിക്കുമെന്നു ആവത്തിച്ചു ചോദിക്കുകയാണ്. ഈ ചോദ്യത്തിനു കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മിശിഹായുടെ സാക്ഷാൽ പ്രതിപുരുഷനായി ഭാഗ്യമോടെ വാഴുന്ന പരിശുദ്ധ പിതാവ് പന്ത്രണ്ടാം പിയൂസ് തിരുമനസ്സുകൊണ്ട് പറയുന്ന ഉത്തരംമാത്രമേ ശരിയായ ഉത്തരമായിരിക്കുന്നുള്ളു. അവിടുന്ന് തന്റെ ആനുകാലികപ്രഭാഷണങ്ങളിലും സന്ദേശങ്ങളിലും കമ്മ്യൂണിസത്തെ പരാമർശിക്കാറുണ്ട്. വന്ദ്യപിതാവു ഭക്തസംഘങ്ങൾക്കും അതുപോലെയുള്ള സംഘടനകൾക്കും തുടച്ചയായി നൽകിക്കൊണ്ടിരിക്കുന്ന സന്ദേശം ഒന്നുമാത്രം "രഷ്യയുടെ മാനസാന്തരം." അല്ലാതെ രഷ്യയെ നശിപ്പിക്കുക എന്നോ രഷ്യയോടു വിരോധമായി എല്ലാവരും പെരുമാറണമെന്നോ അല്ല. കമ്മ്യൂണിസം, അതു പൈശാചികമാണ്. മനുഷ്യമൂല്യങ്ങളെയും ആസ്തിക്യബോധത്തേയും അനശ്വരമായ ആത്മാവിന്റെ ഔൽകൃഷ്ട്യത്തെയും മനുഷ്യരാശിയിൽനിന്നും നിർമ്മാർജ്ജനം ചെയ്യാൻ കമ്മ്യൂണിസ്റ്റുകൾ ആഗ്രഹിക്കുന്നു. പിശാചപ്രേഷിതമായ ഈ മനോഭാവത്തിനു വേഗം മാററം വരുവാൻ ഏവരും പ്രാത്ഥനയും പ്രായശ്ചിത്തങ്ങളും നടത്തണമെന്നു മിശിഹായുടെ പ്രതിപുരുഷൻ ഊന്നി ഊന്നി പറയുന്നു. തിരുമനസ്സിലെ നിദ്ദേശം സകാരണമെന്നു നാം മനസ്സിലാക്കണം.

ഫാത്തിമായിൽ പ്രത്യക്ഷയായ ആ ദിവ്യജനനി അമലോത്ഭവരാജ്ഞി ലൂസിയോടും സഹോദരങ്ങളോടും ആവത്തിച്ചു പറഞ്ഞതെന്താണ്? "രഷ്യയുടെ മാനസാന്തരത്തിനായി പ്രാത്ഥിക്കുവിൻ. നിരന്തരം പ്രായശ്ചിത്തകൃത്യങ്ങൾ ദൈവത്തിനുസമപ്പിക്കുവിൻ" അതിനാൽ ഇന്നു നമുക്കു അവശ്യം സാധിക്കേണ്ടതു കമ്മ്യൂണിസ്റ്റു രഷ്യയുടെ മാനസാന്തരമാണ്. അതു പ്രാത്ഥനയും പരിത്യാഗകൃത്യങ്ങളുംകൊണ്ടു സാധിക്കേണ്ടതാണ്. അതിനായി നാം നിരന്തരം ജാഗ്രതയുള്ളവരായിരിക്കുക. അതിനാൽ ഏവരും മനസ്സിലാക്കേണ്ട ഈ സത്യം—രഷ്യയുടെഭാവി—രഷ്യയുടെ മാനസാന്തരം മാത്രമാണ്. നമുക്കെന്നും പ്രാത്ഥിക്കാം. പ്രായശ്ചിത്തപ്രവൃത്തികൾ അനുഷ്ഠിക്കാം. രഷ്യ അടുത്ത ഭാവിയിൽ മാനസാന്തരപ്പെട്ടു ആസ്തികൃത്തിലേക്കു തിരിച്ചുവരും; നിശ്ചയം.

ലീജിയൻ പംക്തി

# സ്വർഗ്ഗകവാടത്തിങ്കൽ

(പ്രഹസനം)




(വിശുദ്ധ പത്രോസിന്റെ ആപ്പീസ് മുറി. 1 മേശ, 2 കസേരകൾ, പേന, മഷിക്കുപ്പി, ചൂല്—എല്ലാംസ്വർണ്ണമയം. സ്വർണ്ണം, കറുപ്പ്, ചുവപ്പ്, തവിട്ട എന്നീ നിറങ്ങളിലുള്ള നാലു വലിയ പുസ്തകങ്ങൾ. ഗൃമസ്ഥൻ—ഒരു ദൈവദൂതൻ—ഒരു പുസ്തകത്തിൽ എഴുതിക്കൊണ്ടിരിക്കുന്നു.)

ഗൃമസ്ഥൻ: (പേന താഴെവച്ചിട്ട്) സ്വർഗ്ഗകവാടത്തിങ്കലായാലും ശരി, ഒരു ഗൃമസ്ഥന്റെ ജോലി വിഷമംപിടിച്ചതുതന്നെ യാതൊരു സ്വൈര്യവുമില്ല പത്രോസ്ശ്ലീഹാ എന്നെ ഈ ജോലിയിൽ നിയമിച്ചശേഷം ഇന്നലെയായിരുന്നു ഏററം വിഷമംപിടിച്ചൊരു ദിവസം. ഒരു നൂറു ആത്മാക്കളാണ് വാതുക്കൽ വന്നു മുട്ടിക്കൊണ്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ തിരക്കുകൂട്ടിയതു്. വിഷമമേ, വിഷമം!...പാവപ്പെട്ട പത്രോസ്ശ്ലീഹായ്ക്കു വയസ്സായിപ്പോയി. പാവത്തിനു നടക്കുവാൻതന്നെ ശേഷിയില്ല. അതുകൊണ്ടു അദ്ദേഹത്തിന്റെ ജോലിയും കുറെയൊക്കെ ഞാൻ ചെയ്യണം.... ഇത്രയേറെ പുരുഷാരം വന്നു വാതുക്കൽ മുട്ടുമ്പോൾ എനിക്കും ചെയ്യുവാൻ പാടുള്ളതിൽ കൂടുതൽ ജോലിയായി......ദേ, അദ്ദേഹം വന്നുകഴിഞ്ഞു.

പത്രോസ്:- (പ്രവേശിച്ച്) ഗൃമസ്ഥാ, സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ പുതിയതായി വല്ലവരുമുണ്ടോ?

ഗൃമ:- (ദീർഘനിശ്വാസത്തോടെ) ഇന്നു് നേരം വെളുപ്പിനു തുടങ്ങിത്തന്നെ വാതുക്കൽ മുട്ടുകേൾക്കുന്നുണ്ട്.

പത്രോ:- ഇന്നത്തെ പരിപാടിയിൽ ആരാണ് ആദ്യത്തെയാൾ? ജീവന്റെയും മരണത്തിന്റെയും പുസ്തകം എടുത്തുനോക്കൂ!

ഗൃമ:- (തവിട്ടുനിറമുള്ള പുസ്തകം തുറന്നിട്ട്) ഇന്നത്തെ പേജ് അത്ര ഒഴിഞ്ഞുകിടക്കുന്നില്ല. ഏതാനുംപേർ ഇന്നു വരേണ്ടതായിട്ടുണ്ട്.

പത്രോ:- (പുസ്തകത്തിൽനിന്നും വായിക്കുന്നു) "It is consummated"-ലോകജീവിതം അവസാനിച്ചു. നവമ്പർ 20-ാംതിയതിയായ ഇന്നേദിവസം മൂന്നുമണിക്കു ചെറുതുണ്ടിയിൽ ഈറാനിമ്മോസിന്റെ വിധവ മഗ്ദലേന. 67 വയസ്സ്"...ആകയാൽ ഇന്നു ആദ്യത്തെ അപേക്ഷക്കാരി അവരാണ്. കൊള്ളാം... ഗൃമസ്ഥാ, ആ ആത്മാവു ചെയ്തിട്ടുള്ള നന്മകളും തിന്മകളും രേഖപ്പെടുത്തിയിരിക്കുന്ന സുവർണ്ണഗ്രന്ഥവും കറുത്തഗ്രന്ഥവും പരിശോധിച്ചു ആ പേരു കണ്ടുപിടിക്കൂ!

ഗൃമ:- കറുത്തഗ്രന്ഥം പരിശോധിക്കുന്നു) ചെറുതുണ്ടിയിൽ ഈറാനിമോസിന്റെ വിധവ മഗ്ദലേന...(പ്രസ്തുത പേരു പല പ്രാവശ്യം ഉച്ചത്തിൽ ആവത്തിച്ചുകൊണ്ടു പുസ്തകത്തിന്റെ ഇലകൾ മറിച്ചുനോക്കുന്നു)

പത്രോ: പേരു കണ്ടുകിട്ടിയോ?

ഗൃമ:- ഇല്ല, ഇതുവരെ കിട്ടിയില്ല. ചെറുതുണ്ടിയിൽ ഈറാനിമോസിന്റെ വിധവ മഗ്ദലേന. (പേരു ഉരുവിട്ടുകൊണ്ടു വീണ്ടും പുസ്തകം പരിശോധിക്കുന്നു.)

പത്രോ:- ഒന്നു വേഗമാകട്ടെ. മണി നാലായി. ആ ആത്മാവു ഇപ്പോൾ ഇവിടെ എത്തും.

ഗൃമ:- ഈ കറുത്ത ഗ്രന്ഥത്തിൽ അങ്ങനെയൊരു പേരു ഞാൻ കാണുന്നില്ല... ...(പുസ്തകം വീണ്ടും പരിശോധിക്കുന്നു) ചെറുതുണ്ടിയിൽ ഈറാനിമോസിന്റെ വിധവ ...

പത്രോ:- ഹോ! എന്റെ ഗൃമസ്ഥാ, എന്തൊരു മണ്ടത്തരമാണ് നിങ്ങളീക്കാണിക്കുന്നതു്? കറുത്ത ഗ്രന്ഥത്തിലേ വിധവകളെ കാണുകയുള്ളു എന്നാണോ നിങ്ങൾ കരുതുന്നതു്? ആ സുവർണ്ണഗ്രന്ഥം എടുത്തുനോക്കൂ!... ഇപ്പോൾ പ്രവേശിക്കുവാൻ പോകുന്നതു ഒരു സുകൃതിനിയാണെന്നാണ് എനിക്കു തോന്നുന്നതു്. അല്ലെങ്കിൽ അവരുടെ പേരു ഒരു പ്രാവശ്യമെങ്കിലും ആ കറുത്ത ഗ്രന്ഥത്തിൽ കാണേണ്ടതായിരുന്നു......ഗൃമസ്ഥാ, വേഗത്തിൽ ആ പേരു കണ്ടുപിടിക്കൂ! ആ പുണ്യാത്മാവു ചെയ്തിട്ടുള്ള സൽകൃത്യങ്ങൾ ഏവയെല്ലാമെന്നു നോക്കൂ!

ഗൃമ:- (വായിക്കുന്നു.) "ചെറുതുണ്ടിയിൽ ഈറാനിമോസിന്റെ വിധവ മഗ്ദലേന. To Jesus through Mary—മറിയംവഴി ഈശോയിലേക്ക്. അതായിരുന്നു അവരുടെ മുദ്രാവാക്യം സമസ്തവും പരിശുദ്ധകന്യകമറിയത്തിൽ സമപ്പിച്ചുകൊണ്ട് സുകൃതം പ്രാപിച്ചു."

പത്രോ:- അത്രേയുള്ളോ?

ഗൃമ:- അല്ല, ഇനിയുമുണ്ട്.

പത്രോ:- എന്നാൽ വായിക്കൂ!

ഗൃമ:- (വായിക്കുന്നു) "വിശുദ്ധ ലൂയി മേരി ഡി മോണ്ട്ഫോർട്ട് പഠിപ്പിച്ച സുകൃതാഭ്യസനരീതി അവർ സ്വീകരിച്ചു"

പത്രോ:- വിശുദ്ധ ലൂയി മേരി ഡി മോണ്ട്ഫോർട്ട് ആളു തരക്കേടില്ല. പരിശുദ്ധ കന്യകയിൽ അഭയംപ്രാപിച്ചുകൊണ്ട് അയാൾ സ്വർഗ്ഗം കരസ്ഥമാക്കി. ഇപ്പോൾ അതേ പദ്ധതിപ്രകാരം ലോകത്തിലുള്ളവരെയെല്ലാം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയാണ്

ഗൃമ:- എന്താണ് ആ പദ്ധതി?

പത്രോ:-"മറിയത്തിന്റെ ഭക്തദാസ്യം" എന്നാണ് അതിന്റെ പേരു്. അതനുസരിച്ച് ഒരാൾ പരിപൂർണ്ണമായി മറിയത്തിന്റെയും മറിയംവഴി ഈശോയുടേയും ദാസ്യത്തിനു സ്വയം സമർപ്പിക്കുന്നു. അതിനുശേഷം അയാൾ ചെയ്യുന്ന കൃത്യങ്ങളെല്ലാം മറിയംവഴിയും മറിയത്തോടുകൂടിയും മറിയത്തിലും മറിയത്തിനുവേണ്ടിയും ചെയ്യുന്നു...അതിരിക്കട്ടെ; ഈ ആത്മാവിനെപ്പററി പിന്നെയെന്താണു രേഖപ്പെടുത്തിയിട്ടുള്ളതു്?

ഗൃമ:- (വായിക്കുന്നു) "വാതവും കാസശ്വാസവും പിടിപെട്ട ഒരു രോഗിണിയായിത്തീന്നു..."

(വാതുക്കൽ ഒരു മുട്ടുകേൾക്കുന്നു. പത്രോസ് വാതിൽ തുറക്കുന്നു. ക്ഷീണിച്ചുതളന്ന വൃദ്ധയായ മഗ്ദലേനയും കാവൽദൂതനും പ്രവേശിക്കുന്നു)

പത്രോ:- സഹോദരിക്കു സ്വർഗ്ഗത്തിലേക്കു ഹാദ്ദമായ സ്വാഗതം!...എങ്കിലും അല്പം താമസിക്കൂ! നിങ്ങൾ സ്വർഗ്ഗപ്രവേശനത്തിനു അർഹയാണെന്നു സർവ്വശക്തന്റെ തിരുസിംഹാസനത്തിങ്കൽ ഉണത്തിക്കുന്നതിനായി നിങ്ങളുടെ ജീവചരിത്രം എനിക്കറിയണം. വലിയ ക്ഷീണം തോന്നുന്നില്ലെങ്കിൽ സംസാരിക്കാം

മഗ്ദലേന:- എന്റെ പൊന്നു പത്രോസ്ശ്ലീഹായേ, എന്റെ സ്വരം പതറുന്നു, എനിക്കു സംസാരിക്കുവാൻ വയ്യാ. ദയവായി എന്റെ ഈ കാവൽമാലാഖയോടു വേണ്ട വിവരങ്ങളെല്ലാം ചോദിക്കണം

പത്രോ:- കാവൽദൂതാ, ഈ സഹോദരിയെപ്പററി നിങ്ങൾക്കു എന്തു പറയാനുണ്ട്?

കാ: ദൂതൻ:- മാതൃകാപരമായ ഒരു കുടുംബജീവിതമാണ് ഇവർ നയിച്ചതു്. സാധുക്കളെ സഹോദരതുല്യം സ്നേഹിച്ചു; യഥാശക്തി സഹായിച്ചു. മദ്യപാനിയും മുൻകോപിയുമായിരുന്ന ഭത്താവിനെ പ്രാത്ഥനയും ക്ഷമയുംകൊണ്ടു നേർവഴിയിലാക്കി അതുപോലെതന്നെ പ്രാത്ഥനയും ഉപദേശവും സന്മാതൃകയുംവഴി പലരേയും മനസ്സുതിരിച്ചിട്ടുണ്ട്. ദുശ്ശാഠ്യക്കാരിയായ മരുമകളിൽനിന്നും വളരെ ക്ലേശങ്ങൾ അനുഭവിച്ചു. ഭത്താവിന്റെ മരണശേഷം രോഗം ബാധിച്ചു ശയ്യാലംബയായി. ദുസ്സഹമായ വേദനയ്ക്കു വിധേയയായിരുന്നെങ്കിലും തന്റെ പീഡകളെല്ലാം സന്തോഷപൂർവ്വം സ്വീകരിച്ചുകൊണ്ട് പാപികളുടേയും അജ്ഞാനികളുടേയും മാനസാന്തരത്തിനായി സമപ്പിച്ചിരുന്നു. അങ്ങനെ തിരുസ്സഭയിൽ സജീവപ്രവത്തനം നടത്തുന്ന പല സംഘടനകളേയും ഒരു സഹായകാംഗമെന്നനിലയിൽ പ്രാത്ഥനകൊണ്ട് ഇവർ ഫലപ്രദമായി സഹായിച്ചിട്ടുണ്ട്. വിശുദ്ധ ലൂയി മേരി


പവൻനിറത്തിലുള്ള ഓട്ടുകൊണ്ടു്

## സക്രാരി, സിംഹാസനം

അഭിവന്ദ്യതിരുമേനിമാരുടേയും, വന്ദ്യവൈദികരുടേയും, സന്യാസിനീസന്യാസികളുടേയും, ജനങ്ങളുടേയും അഭിനന്ദനാർഹമായിട്ടുള്ളതും സ്വർണ്ണമെഡലുകളും വിലയേറിയ സർട്ടിഫിക്കററുകളും കിട്ടിയിട്ടുള്ളതുമായ സക്രാരിസിംഹാസനം ഇരുമ്പുസേഫ്പോലെയുള്ള ഉറപ്പിൽ പണിതീർത്തു ഇന്ത്യയിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

A. N. T. JOSEPH, METAL WORKS, VALAPAD

P. O. വലപ്പാട്

ഡി മോണ്ട്ഫോട്ടിൻെറ പഠന മനുസരിച്ച് മറിയത്തിനുവേണ്ടിയും മറിയത്തോട്കൂടിയും മറിയംവഴിയും മറിയത്തിലും എല്ലാം പ്രവർത്തിച്ചു, എല്ലാം സഹിച്ചു, എല്ലാം ക്ഷമിച്ചു, എല്ലാം സമർപ്പിച്ചു; മറിയംവഴി ഈശോയ്ക്കും

പത്രോ:- സൗഭാഗ്യവതിയായ സഹോദരി. നിങ്ങളെപ്പോലുള്ള വർക്കുവേണ്ടിയുള്ളതാണ് സ്വർഗ്ഗരാജ്യം. ആകയാൽ അനന്തകാലം മുതൽ സ്വർഗ്ഗസ്ഥനായ പിതാവു നിങ്ങൾക്കായി ഒരുക്കിവച്ചിരിക്കുന്ന സ്വർഗ്ഗാനന്ദത്തിലേക്കു പ്രവേശിക്കുക!

(പത്രോസ്, ഗൃഹസ്ഥൻ, മഗ്ദലേന, കാവൽദൂതൻ എന്നിവർ പോകുന്നു. സ്വർഗ്ഗീയഗാനം—ഫ്ളൂട്ട്വായനയോ മറോറാ—കേൾക്കുന്നു. കുറെ കഴിഞ്ഞ് വാതുക്കൽ ശക്തിയായ മുട്ടു കേൾക്കുന്നു—മൂന്നുപ്രാവശ്യം. അതു ശ്രദ്ധിക്കാതെ വി. പത്രോസ് പ്രവേശിച്ച് കസേരയിൽ ഇരുന്നു ഒരു പുസ്തകം പരിശോധിക്കുന്നു)

ശ്രീമതി:- (വീണ്ടും മുട്ടുന്നു. അണിയറയിൽനിന്നു) ഞാൻ ശ്രീമതി ട്രീസാ ജോസഫാണ്. ശ്രീമതി ട്രീസാ ജോസഫ് വാതുക്കൽ കാത്തുനില്ക്കുന്നു. ഹേ, എന്താണിത്? കേൾക്കുവാൻ അവിടെ ആർക്കും ചെവിയില്ലേ? (വീണ്ടും ശക്തിയായി മുട്ടുന്നു)

പത്രോ:- വാതുക്കൽ ആരോ മുട്ടുന്നുണ്ട് (സാവധാനത്തിൽ എഴുന്നേല്ക്കുന്നു) ക്ഷമിക്കണേ! ഞാൻ വയസ്സായിവരുകയാണ്. എനിക്കു വേഗത്തിൽ നടക്കുവാൻ വഹിയാ. (വാതിൽ തുറക്കുന്നു. വളരെ മോടിയായി വസ്ത്രധാരണംചെയ്ത ഒരു സ്ത്രീ പ്രവേശിക്കുന്നു)

ശ്രീ:- (ശകാരസ്വരത്തിൽ) ഇവിടെ എന്താണു തകരാറു? പല പ്രാവശ്യം ഞാൻ വാതുക്കൽ മുട്ടേണ്ടിവന്നു. അങ്ങനെ വാതുക്കൽ അധികനേരം കാത്തുനില്ക്കുന്നതു എനിക്കത്ര ഇഷ്ടമല്ല

പത്രോ:- ശ്രീമതി. നിങ്ങൾ എവിടെനിന്നാണു വരുന്നത്?

ശ്രീ:- ഭൂമിയിൽനിന്നുതന്നെയാണെന്നാണ് എനിക്കു തോന്നുന്നതു്!

പത്രോ:- എവിടെ പോകുവാനായിട്ടാണു ഇങ്ങോട്ടു വന്നതു്?

ശ്രീ:-സ്വർഗ്ഗത്തിലേക്കല്ലാതെ പിന്നെ എങ്ങോട്ടാണ്?

പത്രോ:- സ്വർഗ്ഗത്തിൽ പോകുവാൻ നിങ്ങൾക്കു ആഗ്രഹമുണ്ട്; പക്ഷേ ...

ശ്രീ:- പക്ഷേ? ഇതു ആദ്യമായിട്ടാണ് ഏതെങ്കിലും സ്ഥലത്തു ആരെങ്കിലും എനിക്കു പ്രവേശനം നിരോധിക്കുന്നതു്. ഞാൻ ആരാണെന്നു നിങ്ങൾക്കറിയാമോ?

പത്രോ:- നിങ്ങൾ ആരാണെന്നു ഞാനുടനെ കണ്ടുപിടിക്കാം. നിങ്ങളുടെ പേരെന്താണ്?

ശ്രീ:- എൻെറ പേരു്? നിങ്ങൾ എന്നെ അറികയില്ലേ? എനിക്കു പത്രോസ്ശ്ലീഹായെ ഒന്നു കാണണം.

പത്രോ:- ഞാനാണു പത്രോസ്ശ്ലീഹാ

ശ്രീ:- നിങ്ങളാണോ പത്രോസ്ശ്ലീഹാ? ഇത്ര വയസ്സനായൊരു മനുഷ്യൻ! പത്രോസ്ശ്ലീഹായാണെങ്കിൽ നിങ്ങളെന്നെ അറിയും

പത്രോ:- നിങ്ങളുടെ പേരെന്താണ്?

ശ്രീ:- നഗരത്തിലുള്ള ഏവർക്കുമറിയാം, ഞാൻ ശ്രീമതി ട്രീസാ ജോസഫാണെന്നു്

പത്രോ:-നരകത്തിലുള്ളവരോ?

ശ്രീ:- നഗരത്തിലുള്ളവർ! എന്താ ചെവി കേട്ടുകൂടേ?

പത്രോ:- ശ്രീമതി ട്രീസാ ജോസഫെന്നൊരു പേരു ഞാൻ കേട്ടിട്ടില്ല

ശ്രീ:- എന്തു്? നിങ്ങൾ പത്രോസ്ശ്ലീഹായാണെന്നു പറയുന്നു; എന്നിട്ടും പട്ടണത്തിലെ ഏററംപ്രമുഖയായ സമുദായപ്രവർത്തകയെ നിങ്ങൾ അറിയുകയില്ല! സാമുദായികകാര്യങ്ങൾക്കായി ഞാൻ ചെയ്തിട്ടുള്ള സേവനങ്ങളെല്ലാം നിങ്ങളുടെ പുസ്തകത്തിൽ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ലേ?

(തുടരും)

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്ത്

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ പരസ്യം ചെയ്തിരുന്ന കത്തു നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. വിശക്കുന്ന ആളിനോടു വേദമോതിയാൽ പ്രയോജനമില്ലെന്നും അതിനാൽ ആദ്യംതന്നെ വിശപ്പടക്കാനുള്ള മാർഗ്ഗമാണു നിർദ്ദേശിക്കേണ്ടതെന്നുമാണു എഴുത്തിൻെറ രത്നച്ചുരുക്കം.

അതിൽ കുറെ വാസ്തവമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഈ ആദ്ധ്യാത്മികവീഥിയാണോ അതിനുള്ള സ്ഥലമെന്നുള്ളതിനെപ്പററി എനിക്കു വലിയ സംശയമുണ്ട്. നമ്മുടെ ദിവ്യരക്ഷകൻപോലും തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മററുള്ളവരെ സ്നേഹിക്കണം, വിശക്കുന്നവർക്കു ഭക്ഷണവും ദാഹിക്കുന്നവർക്കു പാനീയവും കൊടുക്കണമെന്നുംമററും പൊതുവെ നിർദ്ദേശിച്ചിട്ടുള്ളതല്ലാതെ ദരിദ്രരുടെ സാമ്പത്തികനില ഉയർത്തുന്നതിനുള്ള പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടുള്ളതായി കാണുന്നില്ല.

നേരേമറിച്ച് അരൂപിയിൽ ദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാരാകുന്നു, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നുവെന്നും നിങ്ങൾ ആദ്യമായി ദൈവരാജ്യത്തേയും അതിൻെറ നീതിയേയും അന്വേഷിപ്പിൻ, ബാക്കിയുള്ളതെല്ലാം നിങ്ങൾക്കു തരപ്പെടുമെന്നും, ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കുന്നതിനേക്കാൾ പ്രയാസമാണെന്നും മററുമാണല്ലോ അവിടുന്ന് അരുളിച്ചെയ്തിരിക്കുന്നതു്. നിങ്ങൾ എന്തുതിന്നും എന്തുടുക്കും എന്നതിനെപ്പററി അധികം വിചാരപ്പെടേണ്ട,വിതയ്ക്കുകയോ കൊയ്യുകയോ അറപ്പുരയിൽ ശേഖരിക്കുകയോ ചെയ്യാത്ത പക്ഷികളെ തീററിപ്പോററുന്ന സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് നിങ്ങളുടെ കാര്യം അന്വേഷിച്ചുകൊള്ളും എന്നും അദ്ദേഹം ഉറപ്പുതരുന്നുണ്ട്.

ഇതിൽ നിന്നെല്ലാം നാം ഗ്രഹിക്കേണ്ടതു് ലൗകികസമ്പത്തു വർദ്ധിപ്പിക്കുന്ന കാര്യത്തിലല്ല നമ്മുടെ ശ്രദ്ധ മുഴുവൻ പതിയേണ്ടതു് എന്നല്ലയോ? അതുകൊണ്ടു ന്യായമാർഗ്ഗങ്ങളിലൂടെ നിത്യവൃത്തിക്കു വേണ്ടതു് അന്വേഷിക്കേണ്ടതില്ലെന്നു് അർത്ഥമാകുന്നില്ല. നിൻെറ നെററിയിലെ വിയർപ്പുകൊണ്ടു് നിൻെറ ഭക്ഷണം കഴിക്കണമെന്നുള്ള കല്പനയാൽ ജീവസന്ധാരണത്തിനു ആവശ്യമായ വസ്തു പ്രയത്നിക്കുന്നതിനുള്ള കടമ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. പ്രകൃതിയിൽ പല ശക്തികൾ നിക്ഷേപിച്ചിട്ടു അവ ആവശ്യാനുസരണം കണ്ടുപിടിച്ച് ഉപയോഗിക്കുന്നതിനുള്ള വിശേഷബുദ്ധി മനുഷ്യനു കൊടുത്തുകൊണ്ടാണ് ദൈവം പ്രയത്നിക്കുന്നതിനു കല്പിക്കുന്നതു്.

നിലമൊരുക്കി വിത്തുവിതച്ചു വളം ചെയ്യുമ്പോൾ അതിൽനിന്നു ഫലമുളവാകുന്നതിനുള്ള ശക്തി ദൈവം പ്രദാനം ചെയ്തിരിക്കുന്നു. അങ്ങിനെ ലഭിക്കുന്ന ഫലം നീതിയുക്തമായും സ്നേഹപൂർവ്വവും എല്ലാവർക്കും വിതരണം ചെയ്യപ്പെട്ടുന്നപക്ഷം ആരും പട്ടിണികൊണ്ടു വലയേണ്ട ആവശ്യം ഉണ്ടാകുകയില്ലായിരുന്നു. എന്നാൽ എല്ലാ രാജ്യങ്ങളും സ്ഥലങ്ങളും ഒന്നുപോലെ സുഭിക്ഷതയുള്ളതല്ലാത്തതിനാൽ ലോകത്തിലുള്ള സകല മനുഷ്യരും സഹോദരന്മാരാണെന്നുള്ള ബോദ്ധ്യത്തോടെ അധികമുള്ളവർ കുറവുള്ളവർക്കു അയച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ഇതു നിസ്വാർത്ഥമായി നടത്തുന്നതിനു ശരിയായ മതബോധം സഹായിക്കാതിരിക്കുകയില്ല

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

(10-ാംപേജ് തുടർച്ച)

ഢരാത്രിയാക്കുവാൻ ശ്രമിക്കുന്നതുപോലെയല്ലേ ഇതു്?

മലങ്കര യാക്കോബായസഭയിലെ പ്രമുഖ ചരിത്രകാരനായ ശ്രീമാൻ ഇ എം. ഫിലിപ്പ് തൻെറ ചരിത്രഗ്രന്ഥത്തിൽ അറബിക്കാനോനെ സംബന്ധിച്ച ഇപ്രകാരം പറയുന്നു:- "അറബിക്കാനോൻെറ വിശ്വസനീയതയെ ചില ഗ്രന്ഥകാരന്മാർ സംശയിക്കുന്നു. "സർവ്വപൗരസ്ത്യസമുദായങ്ങളും ഒരുപോലെ ബഹുമാനിക്കുന്നതും, നെസ്തോറിയരും യാക്കോബിയരും (യാക്കോബായക്കാരും) തമ്മിലുള്ള പിരിച്ചിലിനുമുമ്പു പക്ഷേ പൂർത്തിയായതുമായ" ഒരു നിയമമെന്നാണു ഗിബൺ ഈ കാനോനെപ്പററി പറയുന്നതു് (1) "സാമ്രാജ്യനിയമങ്ങൾപോലെ ബന്ധിക്കുന്നതായി കിഴക്കൻസഭ അതിനെ സ്വീകരിക്കുന്നു" എന്നും, "ഇംഗ്ലണ്ടിലെ സകല നല്ല ആചാരങ്ങൾക്കും ഹേതുഭൂതൻ ആൽഫ്റഡ് രാജാവാണെന്നു പറയപ്പെടുന്നതുപോലെ അറബിക്കാനോൻ നിഖ്യാസൂനഹദോസിൽ ഉത്ഭവിച്ചതാണെന്നു പറയപ്പെട്ടുന്നുണ്ടെങ്കിലും അതു യഥാർത്ഥത്തിൽ പൗരസ്ത്യസഭ അംഗീകരിച്ചിരുന്ന ആചാരമര്യാദകളുടേയും കാനോനാകളുടേയും ഒരു സമുച്ചയമാകുന്നു" എന്നും ഡീൻ സ്ലാൻലി എഴുതിയിരിക്കുന്നു." (2)

ഹെർബെർട്ട് സ്കോട്ട് പി എച്ച്. ഡി., ബി. ലിററ് (ഓക്സൺ), എഫ്. ആർ. എച്ച്. എസ്. എന്ന സുപ്രസിദ്ധ പ്രോട്ടസ്റ്റൻറു് പണ്ഡിതൻ എഴുതിയ "പൗരസ്ത്യസഭകളും പാപ്പാസ്ഥാനവും" എന്ന ഗ്രന്ഥത്തിൽ അറബികാനോനാകളെ സംബന്ധിച്ച് ഇപ്രകാരം എഴുതുന്നു:-

1) Decline and Fall, Chap. 47

2) Lectures on the History of the English Church, Lecture 5, p 162 2nd Edition— മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, 1929, പുറം 57.

"നിഖ്യായുടെ കാനോനാകൾ എന്നു വിളിക്കപ്പെടുന്നതും 84 കാനോനാകൾ ഉൾക്കൊള്ളുന്നതുമായ ഒരു അറബി (കാനോൻ) സഞ്ചയം നിലവിലിരിക്കുന്നു. ഏബ്രഹാം എച്ചെല്ലെൻസിസ് എന്ന മാറോനീത്താ പണ്ഡിതൻ ഈ കാനോനാകളുടെ ഒരു ലത്തീൻ പരിഭാഷയും അവയെസംബന്ധിച്ച നടത്തിയ അവഗാഢമാത ഗവേഷണത്തിൻെറ ഫലങ്ങളും 1645-ൽ പാരീസിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇവ പല പൗരസ്ത്യജാതികളുടെ ഇടയിൽനിന്നു്—സുറിയാനിക്കാർ, കൽദായക്കാർ, മാറോനീത്താക്കാർ, ഈഗുപ്തായക്കാർ, യാക്കോബായക്കാർ, നെസ്തോറിയർ എന്നിവരുടെ ഇടയിൽനിന്നു്—ശേഖരിക്കപ്പെട്ടവയാണെന്നും, പുരാതനങ്ങളായ ഗ്രീക്കുമൂലങ്ങളിൽനിന്നു ഇവ വിവർത്തനം ചെയ്യപ്പെട്ടവയാണെന്നുമുള്ള അനുമാനത്തിൽ അദ്ദേഹം എത്തിച്ചേർന്നു.

തൻെറ പാത്രിയർക്കാ സംസ്ഥാനത്തുള്ള മെത്രാന്മാരുടേയും മെത്രാപ്പോലീത്താമാരുടേയുംമേൽ ഒരു പാത്രിയർക്കീസിനുള്ള മേൽനോട്ടത്തേയും അധികാരത്തേയും സംബന്ധിച്ചും. റോമ്മാമെത്രാനു് എല്ലാവരുടേയുംമേലുള്ള പരമാധികാരത്തെ സംബന്ധിച്ചും പറയുന്ന 39-ാംകാനോനിൽ താഴെ പറയുന്ന ഖണ്ഡിക നാം കാണുന്നു:

"റോമ്മാ സിംഹാസനത്തിൽ വാഴുന്ന പാത്രിയർക്കീസ് എല്ലാ പാത്രിയർക്കീസുമാരുടേയും തലവനും അധിപതിയും ആയിരിക്കുന്നതുപോലെ അത്രേ, ഒരു പാത്രിയർക്കീസ് തൻെറ അധികാരത്തിൻകീഴുള്ള എല്ലാവർക്കും. അദ്ദേഹം (റോമ്മാ പാത്രിയർക്കീസ്) എല്ലാ ക്രിസ്തീയാധിപതിമാരുടെ മേലും അവരുടെ എല്ലാ ജനങ്ങളുടെമേലും അധികാരം നൽകപ്പെട്ട പത്രോസിനെപ്പോലെ ഒന്നാമനും, അദ്ദേഹത്തെപ്പോലെ (പത്രോസിനെപ്പോലെ) എല്ലാ ജനങ്ങളുടെ മേലും ക്രിസ്തീയസഭ മുഴുവൻെറമേലും നമ്മുടെ കർത്താവായ ക്രിസ്തുവിൻെറ പ്രതിനിധിയുമാകുന്നു.

എച്ചെല്ലെൻസിസ് പരിഭാഷപ്പെടുത്തിയ 84 നിഖ്യാ അറബി കാനോനകളിൽ 37-ാം കാനോനാ ഇപ്രകാരമാണ്:

"നാലു സുവിശേഷകന്മാർ ഉള്ളതുപോലെ ലോകത്തിലാകെ നാലു പാത്രിയർക്കീസുമാർ മാത്രം ഉണ്ടായിരിക്കട്ടെ. അപ്പസ്തോലന്മാർ കല്പിച്ചിട്ടുള്ളതുപോലെ റോമ്മായിൽ ദിവ്യനായ പത്രോസിൻെറ സിംഹാസനത്തിൻെറ നാഥൻ ഇവരുടെമേൽ അധിപതിയും തലവനുമായിരിക്കട്ടെ. അദ്ദേഹം കഴിഞ്ഞാൽ മർക്കോസിൻെറ സിംഹാസനമായ മഹനീയഅലക്സാണ്ഡ്റിയായുടെ നാഥൻ. ദിവ്യകാര്യങ്ങളെ പറയുന്ന ദിവ്യനായ യോഹന്നാൻെറ സിംഹാസനമായ എഫേസൂസിൻെറ നാഥൻ മൂന്നാമൻ. നാലാമനും അവസാനത്തെ ആളുമോ പത്രോസിൻെറ വേറൊരു സിംഹാസനമായ അന്ത്യോക്യായിലെ എൻെറ നാഥൻ."

(ഹെർബെർട്ട് സ്കോട്ട്, പൗരസ്ത്യസഭകളും പാപ്പാസ്ഥാനവും, 1928, പുറം 386)

ഹെർബെർട്ട് സ്കോട്ട് ഒരു പ്രോട്ടസ്റ്റൻറു് പണ്ഡിതനാണെന്നു പറഞ്ഞല്ലോ. അദ്ദേഹം എഴുതിയ "പൗരസ്ത്യസഭകളും പാപ്പാസ്ഥാനവും" എന്ന പ്രബന്ധമാണ് പിന്നീട് ഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തിയതു്. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ പ്രൊഫസർമാർ സ്കോട്ടിൻെറ ഈ പ്രബന്ധം പരിശോധിച്ച് അതു പണ്ഡിതോചിതമെന്നു കാണുകയാൽ പിഎച്ച്. ഡി. എന്ന ഉന്നതബിരുദം അദ്ദേഹത്തിനു നൽകി. മാർപ്പാപ്പായുടെ പരമാധികാരത്തെ ഏററുപറയുന്ന കാനോനാകൾ വ്യാജനിർമ്മിതമാണെങ്കിൽ പ്രോട്ടസ്റ്റൻറു് പണ്ഡിതന്മാർ അവ ഒരിക്കലും സ്വീകരിക്കയില്ലല്ലോ. ഇങ്ങനെ യാക്കോബായസഭയിലെ നിയമഗ്രന്ഥമായ ഹൂദായകാനോനും, പ്രോട്ടസ്റ്റൻറു് ആദിയായ ഇതര സഭകളിലെ പണ്ഡിതന്മാരും, യാക്കോബായസഭയിലെ ചരിത്രകാരനായ ശ്രീ ഇ എം. ഫിലിപ്പും അറബികാനോനാകളെ യാക്കോബായക്കാർ ഉൾപ്പെട്ട എല്ലാ പൗരസ്ത്യസഭക്കാരും സ്വീകരിക്കുന്നുണ്ടെന്നു പറയുമ്പോൾ സലാമറമ്പാൻ പറയുന്നു അവ കത്തോലിക്കാസഭ കൃത്രിമമായി ഉണ്ടാക്കിയ കാനോനാണെന്നു്! സഹതപിക്കയല്ലാതെ എന്തു ചെയ്യും?

37-ാം അറബികാനോനായെ ഇപ്രകാരമാണ് റമ്പാച്ചൻ തൻെറ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നതു്: "പ്രപഞ്ചത്തിൽ നാലു ദിക്കുകൾ മാത്രമുണ്ട്. നാലു ഏവൻഗേലിയോനുകൾ മാത്രമുള്ളതിനാൽ പ്രപഞ്ചത്തിൽ നാലു പാത്രിയർക്കാ ആസ്ഥാനങ്ങൾ (Patriarchates) ഉണ്ടായിരിക്കണം. പത്രോസിൻെറ സിംഹാസനമായ ഒന്നാമത്തെ പാത്രിയർക്കാസ്ഥാനം റോമിലും, രണ്ടാമത്തേതു പരിശുദ്ധ മർക്കോസ് ഏവൻഗേലിസ്താൻെറ സിംഹാസനമായ അലക്സാന്ത്രിയായിലും. മൂന്നാമത്തേതു വീണ്ടും പത്രോസിൻെറ സിംഹാസനമാകുന്ന അന്ത്യോഖ്യായിലും, നാലാമത്തേതു അവസാനഘട്ടത്തിൽ എഫേസോസിൽനിന്നു മാററപ്പെട്ട യൂഹാനോൻ ഏവൻഗേലിസ്തായുടെ സിംഹാസനമാകുന്ന കുസ്തന്തീനോപോലീസിലും അത്രേ" (പുറം 15). മററു വാചകങ്ങൾ എങ്ങനെയിരുന്നാലും "അപ്പോസ്തോലന്മാർ കല്പിച്ചിട്ടുള്ളതുപോലെ റോമായിൽ ദിവ്യനായ പത്രോസിൻെറ സിംഹാസനത്തിൻെറ നാഥൻ അവരുടെമേൽ (പാത്രിയർക്കീസുമാരുടെമേൽ) അധിപതിയും തലവനും ആയിരിക്കട്ടെ" എന്ന വാചകം റമ്പാച്ചൻ ഉദ്ധരിക്കാതെ ഇവിടെ മറച്ചുവെച്ചിരിക്കുന്നതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല. അപ്പൊസ്തോലികകാലംതുടങ്ങി റോമ്മാമെത്രാനു സഭയിൽ പരമാധികാരമുണ്ടായിരുന്നെന്നു സ്പഷ്ടമായി ഏററുപറയുന്ന ഈ വാചകം റമ്പാച്ചനു ദഹിക്കാത്ത ഒരു ഗുളികയാകയാൽ ഛർദ്ദിച്ചുകളഞ്ഞതായിരിക്കണം. എന്നാൽ ഒരു പ്രോട്ടസ്റ്റൻറുകാരനായ സ്കോട്ട് സത്യത്തെ മറയ്ക്കാതെ ഹൃദയപരമാർത്ഥതയോടുകൂടി ഈ വാചകം 37-ാം കാനോനിൽ ഉദ്ധരിച്ചിട്ടുള്ളതായി മുകളിൽ കാണുക. (പുറം 46, 48)

അറബി കാനോനാകളിൽ 8-ാം കാനോനാ പറയുന്നു: "ഒരു പാത്രിയർക്കീസിനു തൻെറ അധികാരത്തിനു കീഴുള്ളവരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളതെല്ലാം പ്രവർത്തിക്കുവാൻ അധികാരമുള്ള




തുപോലെ എല്ലാം പാത്രിയക്കീസുമാരുടെമേലും റോമ്മായിലെ പാത്രിയക്കീസിനു അധികാരമുണ്ട്. ഭാഗ്യവാനായ പത്രോസിനു പൊതുവിൽ എന്നപോലെതന്നെ"(3)

(തുടരും)

3) Codex Prop. Syriac—27, p. 10

(12-ാം പേജ് തുടർച്ച)

സ്തുതിക്കുകയാവാം. ആ സൃഷ്ടികർത്താവിനവററകൾ നന്ദിപറയുകയാവാം!

ഈശ്വരമാഹാത്മ്യം തിങ്ങിനിറഞ്ഞുനില്ക്കുന്ന ആ പൂങ്കാവനത്തിൽ ഞാനൊരു പിഞ്ചുകുഞ്ഞിനെപ്പോലെ നിന്നു. അങ്ങു പടിഞ്ഞാറ്, വൃക്ഷത്തലപ്പുകളിൽ പരിവേഷം ചാർത്തിക്കൊണ്ട് പകലവൻ താണുമറയുകയാണ്. വിദൂരതയിലുള്ള ഗ്രാമദേവാലയത്തിൽനിന്നും സന്ധ്യാപ്രാർത്ഥനയ്ക്കുള്ള മണിനാദം സ്വച്ഛമായ വായുവിനെ ഭേദിച്ചുകൊണ്ടൊഴുകിത്തുടങ്ങി. നിർമ്മലങ്ങളായ ആ ശബ്ദവീചികളിലൂടെ എന്റെ ഹൃദയം സർവ്വലോകനിയന്താവായ ദൈവത്തിന്റെ തിരുസന്നിധിയിലേക്കു കുതികൊണ്ടു.

പടിഞ്ഞാറെ താഴ്‌വരയിലെ പുഞ്ചപ്പാടങ്ങളിൽ മന്ദമാരുതൻ മെനഞ്ഞുണ്ടാക്കുന്ന കൊച്ചുകൊച്ചു കല്ലോലങ്ങൾക്കു മുകളിൽ അസ്തമനാർക്കന്റെ പവിഴക്കിരണങ്ങൾ അപ്പോഴും കുങ്കുമം ചാർത്തുന്നുണ്ടായിരുന്നു.

"നമുക്കു പോകാം?" സ്നേഹിതൻ പറഞ്ഞു.

"പോകാം."

ഒരു കൊച്ചുവഞ്ചി ഞങ്ങളെ ആ ആററിൻതീരത്തു കാത്തുകിടന്നിരുന്നു. കാറും പിശറും നിറഞ്ഞ അലയാഴിപ്പരപ്പിലൂടെ ഞങ്ങളുടെ വഞ്ചി നീങ്ങി. ഞാൻ ആ പൂങ്കാവനത്തിലേക്കൊന്നുകൂടി തിരിഞ്ഞുനോക്കി. കുഞ്ഞിക്കാററത്തുലയുന്ന തെങ്ങോലപ്പഴുതിലൂടെ സ്വർണ്ണമെഴുകുതിരികൾപോലെ ആകാശത്തു അണയാതെ നിന്നു ജ്വലിക്കുന്ന താരഗണങ്ങൾ എനിക്കു കാണാമായിരുന്നു. അന്ധകാരാവൃതമായ ആ പൂങ്കാവനത്തിൽ ശാന്തിയും സമാധാനവും നിറഞ്ഞു തുളുമ്പുന്നതുപോലെ എനിക്കു തോന്നി.

—o—

## ഇടവകവാർത്തകൾ

മൂക്കന്നൂർ: സ്ഥലത്തു് സേക്രഡ് ഹാർട്ട് അനാഥമന്ദിരത്തോടനുബന്ധിച്ചു സ്ഥാപിതമായിട്ടുള്ള ആശുപത്രിയിൽ ആതുരശുശ്രൂഷാർത്ഥം എടക്കുന്നി നസ്രത്തുസഹോദരികൾ ജോലിയിൽ പ്രവേശിച്ചതു പ്രമാണിച്ച് അവരെ സ്വാഗതംചെയ്യുന്നതിനു് നവമ്പർ 24-ാംനു- സ്ഥലവാസികളുടെ ഒരു പൊതുയോഗം നടത്തപ്പെട്ടു. ബ. സഹോദരികളുടെ താമസത്തിനായി പണിതീർത്തിട്ടുള്ള മഠം വെഞ്ചരിക്കുന്നതിനു വന്നുചേർന്ന എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ സ്ഥാപനങ്ങളുടെ സുപ്പീരിയർ വെരി റവ. ഫാദർ ബസിലിയോസ് അവർകൾ ഹാരമണിയിച്ചു സ്വീകരിച്ചു. ആശുപത്രിയുടെ അങ്കണത്തിൽ ചേർന്ന പൊതുയോഗത്തിൽ തിരുമേനിതന്നെ ആദ്ധ്യക്ഷം വഹിച്ചു. മെത്രാപ്പോലീത്താ തിരുമേനിയേയും പ്രശസ്താതിഥികളേയും സേവനാർത്ഥം സ്ഥലത്തു ആഗതരായിരുന്ന ബ. സഹോദരിമാരേയും വെരി റവ. സുപ്പീരിയർ അവർകൾ സ്വാഗതംചെയ്തു. ആശുപത്രിയുടെ ചാർജ്ജ്‌വഹിക്കുന്ന ഡോക്ടർ എ. ജോസഫ് എം. ബി. ബി. എസ്. അവർകൾ ആശുപത്രിയുടെ സ്ഥാപനത്തേയും നാളിതുവരെയുള്ള പ്രവർത്തനചരിത്രത്തേയും വിവരിക്കുകയും ബ. സഹോദരിമാരുടെ സേവനം ആശുപത്രിയുടെ പുരോഗതിയിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിക്കുമെന്നു പ്രസ്താവിക്കുകയുംചെയ്തു. പൊതുജനങ്ങളുടെ പേർക്കു ആശംസാപ്രസംഗം നിർവ്വഹിച്ചതു് ശ്രീ കെ പി അംബ്രോസീസ് ബി ഏ ബി എൽ അവർകളാണ്. തുടർന്നു അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്, പെ. ബ സുപ്പീരിയച്ചന്റെ നേതൃത്വത്തിൽ മൂക്കന്നൂർ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ സ്മരിക്കുകയും പൊതുജനങ്ങളുടെ തുടർന്നുള്ള സഹകരണത്തിൽ ഇനിയും പല നല്ല പ്രസ്ഥാനങ്ങളും സമാരബ്ധമാകുവാൻ ഇടവരട്ടെ എന്നാശംസിക്കുകയും ചെയ്തു. മൂക്കന്നൂർപള്ളി വികാരി റവ. ഫാദർ തോമസ് കണ്ടത്തിൽ കൃതജ്ഞത പ്രകടിപ്പിച്ചു മീററിംഗിനിടയ്ക്കു കുട്ടികളുടെ വിവിധകലാപ്രകടനങ്ങളുണ്ടായിരുന്നു. മീററിംഗിനു ശേഷം മെത്രാപ്പോലീത്താച്ചൻ തിരുമേനി, വികാരി ജനറാൾ റൈററ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു്, വെരി റവ. മോൺ വറുഗീസ് പുതുശ്ശേരി മുതലായി പല ബ. വൈദികരുടേയും, ലിററിൽഫ്‌ളവർ കോൺഗ്രിഗേഷൻ അംഗങ്ങളുടേയും ജനക്കൂട്ടത്തിന്റേയും സാന്നിദ്ധ്യത്തിൽ മഠത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു.

തുറവൂർ: ഈ ഇടവകപ്പള്ളിയിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള മനോഹരമായ അൾത്താരകളുടെ വെഞ്ചരിപ്പുകർമ്മം നവമ്പർ 24-ാംനു- എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ചിരിക്കുന്നു. സ്ഥലത്തു സമാഗതനായ തിരുമേനിക്കു അത്യാഡംബരമായ ഒരു സ്വീകരണമാണ് നൽകപ്പെട്ടതു് നാലുംകൂടിയ കവലയിൽവച്ചു സ്ഥലം പഞ്ചായത്തിന്റെ വകയായും കുരിശുംതൊട്ടിയിൽവച്ചു ഇടവകക്കാരുടെ വകയായും ഹാരാർപ്പണങ്ങൾ നടന്നു. വെഞ്ചരിപ്പിനെ തുടർന്നു തിരുമേനി ഇടവകയുടെ മദ്ധ്യസ്ഥനായ വിശുദ്ധ അഗസ്തീനോസിന്റെ മാതൃകയെ അനുസ്മരിച്ച് ഒരു പ്രസംഗംചെയ്തു. 25-ാംനു-യിലെ തിരുനാളിന്റെ വേസ്പര എറണാകുളം വികാരിജനറാൾ റൈററ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു് അവർകളുടെ പ്രധാനകാർമ്മികത്വത്തിലാണ് നടന്നതു്. തിരുനാൾദിവസം കാലത്തു് 7-30നു് അതിവന്ദ്യതിരുമേനി പുതിയ അൾത്താരയിൽ ആദ്യമായി പൊന്തിഫിക്കൽ കർബ്ബാന അർപ്പിച്ചു. തിരുനാൾക്കുർബ്ബാനയെ തുടർന്നു തിരുമേനി പരിശുദ്ധകുർബ്ബാനയുടെ വാഴ്‌വ് നടത്തി. തിരുമേനിക്കു ലഭിച്ച പ്രത്യേകാനുവാദമനുസരിച്ച് പരിശുദ്ധമാർപ്പാപ്പായുടെ വാഴ്‌വ് തദനന്തരം നൽകുകയുണ്ടായി. സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളാണ് തിരുനാൾപ്രസംഗം നിർവ്വഹിച്ചതു്. വികാരി റവ. ഫാദർ ലൂയിസ് പുതുശ്ശേരിയുടേയും ഇടവകജനങ്ങളുടേയും ഒത്തൊരുമിച്ചുള്ള പരിശ്രമം മംഗളകരമായി പരിപൂർത്തിയായതിൽ അവർ അനുമോദനാർഹരാണ്.

മരിയേ, വാഴ്ക!

(ജനനി ജയിക്കനിന്നാൾ.......പോലെ)

മരിയേ, ജയിക്കനിന്നാൾ മാമകമാതേ,
താരകൾ മിന്നും വാനുലകിൽ റാണി നീ വാഴ്ക,
വാഴ്ക നിത്യം (മരിയേ......
മഹേശൻ തൻ മാതാവേ, അമലോത്ഭവേ
ശുഭേ, പാപവിഹീനേ, മോഹനാംഗിമരിയേ വാഴ്ക നീ
(മരിയേ......
പാപത്തിൻ നിഴലേതും തടവിടാതെ നീ
സ്വർഗ്ഗ-പൊന്നൊളിതൂകി വാഴും നിർമ്മലയാംമേരി
സുമോഹനവാനവഗണങ്ങൾ
വണങ്ങിടും അഖിലേശ്വരി...
ഉഴലുന്നു ഞങ്ങൾ കന്മഷനിച്ഛയിൽ
കനിവിന്റെ സുരഭിപ്പൂ കനിവാർന്നേക നീ,
പാരിൽ പാപികളാം ഞങ്ങൾ ദ്യോവതിലെത്താൻ
കനിയേറും ദീപമേ, വരമേക സുതരിൽ
(മരിയേ......

(ജെ സി. കാലായിൽ)

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്,
താരൻ, മുഖക്കുരു
മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

പൂങ്കാവ്: കൊച്ചി രൂപതാസ്ഥാപനത്തിന്റെ നാലാംശതാബ്ദജൂബിലി ഈ ഇടവകയിൽ നവമ്പർ 30, ഡിസമ്പർ 1 എന്നി തിയതികളിൽ അത്യാഡംബരപൂർവ്വം ആഘോഷിച്ചിരിക്കുന്നു. ശനിയാഴ്ച കാലത്തു റവ. ഫാദർ തോമസ് പുത്തൻവീട്ട് അവർകൾ പതാക ഉയർത്തിയതോടെ ചടങ്ങുകൾ സമാരംഭിച്ചു. വൈകിട്ട് 5 മണിക്ക് ആലപ്പുഴമെത്രാൻ റൈററ് റവ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം തിരുമനസ്സുകൊണ്ട് ഉൽഘാടനപൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിച്ചു. റവ. ഫാദർ മാത്യു കോതകത്തു്, റവ. ഫാദർ ഫെലിക്സ് ഒ സി ഡി, മിസ് ആനി ജോസഫ് ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു. ഡിസമ്പർ ഒന്നാംതിയതി വൈകിട്ട് 5 മണിക്കു നടത്തപ്പെട്ട സമാപനസമ്മേളനത്തിൽ കൊച്ചിമെത്രാൻ റൈററ് റവ. ഡോക്ടർ അലക്സാണ്ടർ എടേഴത്തു തിരുമനസ്സുകൊണ്ടാണ് ആദ്ധ്യക്ഷം വഹിച്ചതു്. ശ്രീ ബി എം പീറർ എക്സ് എം എൽ എ, ഹെൻറി ഓസ്റ്റിൻ എം എ ബി എൽ പിഎച്ച ഡി. റവ. ഫാദർ ജോസഫ് വടക്കൻ എന്നിവർ പ്രസംഗിച്ചു ആഘോഷപരിപാടികളിൽ സാധുക്കൾക്കു അന്നദാനവും വിവിധ കലാപരിപാടികളും ഉൾപ്പെട്ടിരുന്നു. രണ്ടുദിവസങ്ങളിലും ആഘോഷമായ തിരുക്കർമ്മങ്ങൾ നടത്തപ്പെടുകയുണ്ടായി. ജൂബിലിയാഘോഷക്കമ്മററിയുടെ നേതൃത്വത്തിൽ വോളൻറിയേഴ്സ് സംഘം എല്ലാ പരിപാടികളിലും ഊർജ്ജസ്വലമായ സേവനമനുഷ്ഠിച്ചു.

എറണാകുളം: എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മെത്രാഭിഷേകവാർഷികം പ്രമാണിച്ച് നവമ്പർ 30-ാംനു- തിരുമേനി മെത്രാപ്പോലീത്തൻ പള്ളിയിൽ ആഘോഷമായി ദിവ്യബലി അർപ്പിക്കുകയും 90-ൽപരം കുട്ടികൾക്ക് ആദ്യകുർബ്ബാന സ്വീകരണകർമ്മം നടത്തുകയുംചെയ്തു. പരിശുദ്ധകുർബ്ബാനയുടെ വാഴ്‌വ്, "ലാക് ആലാഹാ"സ്തോത്രഗീതം മുതലായവയ്ക്കുശേഷം തിരുമേനിയെ അനുമോദിച്ചു വികാരി ജനറാൾ റൈററ് റവ. മോൺ ജോർജ്ജ് വല്യാറമ്പത്തു അവർകൾ എല്ലാവരുടേയുംപേർക്കു പൂച്ചെണ്ടു സമർപ്പിക്കുകയും മംഗളമാശംസിക്കുകയുംചെയ്തു.

ഇരിഞ്ഞാലക്കുട: ഈ ഇടവക മാവേലി ഔസേപ്പ് തോമസ്സും പരിയാരം ഇടവക കല്ലേലി തോമൻ മകൾ മേരിയും തമ്മിലുള്ള വിവാഹം പരിയാരം പള്ളിയിൽവച്ചു വൃശ്ചികം 10-ാംനു- തിങ്കളാഴ്ച നടന്നിരിക്കുന്നു.

കാഞ്ഞൂർ: സ്ഥലം സെൻറ് മേരീസ് സൊഡാലിററി ടീമും ചൊവ്വര സെൻറ് മേരീസ് സൊഡാലിററി ടീമുമായി നടന്ന ഫുട്ബോൾ മത്സരത്തിൽ കാഞ്ഞൂർ സെൻറ് മേരീസ് സൊഡാലിററി ടീം ഏകപക്ഷിയമായി നാലു ഗോളെടുത്തു് വിജയംനേടിയിരിക്കുന്നു. ഒരു ഗോൾ ആദ്യത്തെ ഹാഫിലും മൂന്നുഗോൾ രണ്ടാമത്തെ ഹാഫിലുമാണ് സ്കോർചെയ്യപ്പെട്ടതു്.

(ശേഷം 8-ാം പേജിൽ)

സ്വന്തമായിട്ടൊരു വീടു പണിയിക്കുവാൻ
5 രൂപ നീക്കിവയ്ക്കുന്നതിനുണ്ടോ?



സ്വന്തമായിട്ടൊരു വീട്—സ്നേഹത്തോടും സൗഹാർദ്ദത്തോടും കൂടി കഴിയുന്നതിനുള്ള ഒരു സ്ഥലം. നമുക്കോരോരുത്തർക്കും ഉള്ള ഒരാഗ്രഹമാണതു്. നിങ്ങളുടെ വരുമാനം എത്ര കൂടിയതൊ കുറഞ്ഞതൊ ആയിരുന്നുകൊള്ളട്ടെ, ഒരു വീടുപണിയുന്നതിനു വേണ്ട പണം കരുതിവയ്ക്കുവാൻ ഇപ്പോൾതന്നെ നിങ്ങൾക്ക് ആരംഭിക്കാം.

പാലാ ബാങ്കിൽ ഒരു സേവിംഗ്സ് കണക്ക് തുടങ്ങുന്നതിന് അഞ്ചു രൂപ മാത്രം മതിയാകും. ചെറിയ ചെറിയ തുകകൾ സൌകര്യംപോലെ അതിൽ ചേർക്കാം. കുറേ വർഷങ്ങൾ കഴിയുമ്പോൾ ആ സമ്പാദ്യങ്ങൾ വദ്ധിച്ച് അത്ഭുതാവഹമായ വിധത്തിൽ വലിയ ഒരു സംഖ്യയായിത്തീരും. നിങ്ങളുടെ പണം സുരക്ഷിതമായിരിക്കുകയും ചെയ്യും. നിങ്ങൾ കരുതിവയ്ക്കുന്ന ഓരോ രൂപയും നിങ്ങൾ വിഭാവനം ചെയ്യുന്ന വീട് പണിയുന്നതിനുള്ള ഓരോ കല്ലുകളാണ്!

നിങ്ങളുടെ അടുത്തുള്ള പാലാ ബാങ്ക് മാനേജർ, ഒരു സേവിംഗ്സ് കണക്ക് തുടങ്ങുവാൻ നിങ്ങളെ സസന്തോഷം സഹായിക്കും. ഇന്നുതന്നെ അദ്ദേഹത്തെ സന്ദർശിക്കുക.

ESTD. 1927

പാലാ സെൻട്രൽ
ബാങ്ക് ലിമിറ്റഡ്

ഹെഡാഫീസ്: പാലാ
18 ശാഖകൾ
തെക്കെ ഇന്ത്യയിലെ ഒരു
പ്രമുഖ ബാങ്ക്

PC. 4432

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 DECEMBER 4 || No. 17.


## വിജ്ഞാനദായകമായ ഭക്താനുഷ്ഠാനങ്ങൾ

കത്തോലിക്കാതിരുസഭ ലോകത്തെ ആദ്ധ്യാത്മികതത്വങ്ങളിൽ പ്രബോധിപ്പിക്കുന്നതിനു ദൈവദത്തമായ അധികാരാവകാശങ്ങളുള്ള ഒരു സ്ഥാപനമാണ്. ഈ കർത്തവ്യമാണ് അതു കഴിഞ്ഞ ഇരുപതുശതാബ്ദങ്ങളോളം അനന്യനമായി നിർവ്വഹിച്ചിട്ടുള്ളതു്. ലോകാവസാനത്തോളവും എതിർപ്പുകളേയും മർദ്ദനങ്ങളേയും മറികടന്ന് ഈ ദൗത്യം അതു നിർവ്വഹിച്ചുകൊണ്ടുതന്നെയിരിക്കും. രണ്ടുവിധത്തിലാണ് പ്രധാനമായി ഈ കർത്തവ്യനിർവ്വഹണം തിരുസഭ സാധിച്ചുകൊണ്ടിരിക്കുന്നതു്. ഒന്ന് പ്രബോധനം; രണ്ട് ഭക്താനുഷ്ഠാനം. "നിങ്ങൾ പോയി എല്ലാ ജനങ്ങളേയും പഠിപ്പിക്കുവിൻ" എന്നുള്ള ക്രിസ്തുവിന്റെ ആജ്ഞ ഇടതടവില്ലാത്ത തിരുസഭയുടെ പ്രബോധനങ്ങൾവഴി പ്രായോഗികമാക്കപ്പെടുന്നു: നൂതനകണ്ടുപിടുത്തങ്ങളുടേയൊ, സാങ്കേതികവിജയങ്ങളുടേയൊ ഏതുപാധിയും തിരുസഭ അതിനുവേണ്ടി വിനിയോഗിക്കുന്നുണ്ട്. അതോടൊപ്പം ശിശുക്കളെ മതപാഠങ്ങൾ ചൊല്ലിക്കൊടുത്തു പഠിപ്പിക്കുന്ന പ്രാഥമികപദ്ധതിയും യാതൊരു ലോപവും കൂടാതെ ഇന്നും സ്വീകരിച്ചുപോരുന്നു. പണ്ഡിതന്മാർക്കും പാമരന്മാർക്കും, ബാലികാബാലന്മാർക്കും, യുവതീയുവാക്കന്മാർക്കും, മദ്ധ്യവയസ്കർക്കും, വൃദ്ധന്മാർക്കും രുചികരമായ വിവിധരീതികളിലും നിരവധി മാർഗ്ഗങ്ങളിലും തിരുസഭ വിജ്ഞാനദായകമായ അതിന്റെ പ്രേഷിതത്വം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ഏവംവിധം മതകാര്യങ്ങളിൽ പൊതുജനങ്ങളെ വിജ്ഞാനസമ്പന്നരാക്കുന്ന ഒരു പ്രത്യേകരീതിയാണ് സഭ നിതരാം പ്രോത്സാഹിപ്പിക്കുന്ന ഭക്താനുഷ്ഠാനങ്ങൾ. ഭക്താനുഷ്ഠാനങ്ങൾക്കു മതപ്രബോധനത്തിലും വിജ്ഞാനദാനത്തിലുമുള്ള അനന്യസാധാരണമായ കഴിവുകളെപ്പററി നാം സാധാരണമായി ചിന്തിക്കാറില്ല. തന്മൂലം മതാനുഷ്ഠാനങ്ങളിൽ നാമേർപ്പെടുന്നുണ്ടെങ്കിലും അവയിൽനിന്നുള്ള വിജ്ഞാനസമ്പാദനത്തിൽ പലപ്പോഴും നാം പരാജയപ്പെട്ടുപോവുകയും ചെയ്യുന്നു. അതുകൊണ്ട് കത്തോലിക്കാതിരുസഭ വിവിധതരത്തിൽ വ്യവസ്ഥാപിച്ചിട്ടുള്ള ഭക്താനുഷ്ഠാനരീതികൾ എല്ലാവരുടേയും ശ്രദ്ധാവിഷയമാകേണ്ടിയിരിക്കുന്നു. ആധുനികകാലത്തു തിരുസഭയുടെ ഭക്താനുഷ്ഠാനക്രമങ്ങളെ പഠിക്കുന്നതിൽ എല്ലാ സ്ഥലങ്ങളിലും ഒരുണർവുണ്ടായിട്ടുണ്ട് എന്നുള്ളതു ശുഭോദർക്കമാണ്. എന്നാൽ അവയെ വേണ്ടവിധത്തിൽ നയിക്കുന്നതിനും ആവശ്യമുള്ളപ്പോൾ നിയന്ത്രിക്കുന്നതിനും അതു പരമാവധി മതപഠനത്തിനുള്ള ഉപാധിയാക്കുന്നതിനും നിഷ്കൃഷ്ടമായ ശട്ടംകെട്ടുകൾ ആവശ്യമുണ്ട്. സഭാദ്ധ്യക്ഷന്മാരുടേയും കത്തോലിക്കാനേതാക്കന്മാരുടേയും ശ്രദ്ധ ഇക്കാര്യത്തിൽ പ്രത്യേകം പതിഞ്ഞും വർദ്ധിച്ചുംവരുന്നുമുണ്ട്. എല്ലാവരുടേയും ഹൃദയപൂർവ്വകമായ സഹകരണം ഇക്കാര്യത്തിലുണ്ടാകാതിരിക്കുകയില്ല എന്നു പ്രത്യാശിക്കാം.

കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ഉത്തരഅമേരിക്കയിൽ നടത്തപ്പെട്ട "ലിററർജിക്കൽ വീക്ക്" — മതാനുഷ്ഠാനവാരം — ഇതേപ്പററി പുതിയ പ്രകാശനം നൽകുന്ന ഒന്നാണ്. വൈദികരും, സന്യാസികളും, അൽമായരുമായി രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു 2,000 ത്തിൽപ്പരം പ്രതിനിധികൾ അതിൽ പങ്കെടുത്തിരുന്നു. നാലുദിവസത്തേക്കായിരുന്നു പരിപാടികൾ ആസൂത്രണം ചെയ്തിരുന്നതു്. മൂന്നുമെത്രാന്മാർ അവയിൽ പണ്ഡിതോചിതമായ പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. തിരുസഭയിൽ നടപ്പിലുള്ള ഭക്താനുഷ്ഠാനങ്ങൾ, ആരാധനാകർമ്മങ്ങൾ ആഘോഷപരിപാടികൾ മുതലായവ സഭാംഗങ്ങളുടെ മതവിജ്ഞാനത്തെ കൂടുതൽ വർദ്ധിപ്പിക്കത്തക്കവണ്ണം എന്തുപാധികളാണ് പ്രയോഗിക്കേണ്ടതെന്നായിരുന്നു ചർച്ചകളുടെയെല്ലാം ലക്ഷ്യം. "കത്തോലിക്കാസഭ കർമ്മാനുഷ്ഠാനങ്ങൾവഴി പഠിപ്പിക്കുന്നു" എന്നുള്ളതായിരുന്നു സെൻറ് പോളിലെ ആർച്ചുബിഷപ്പ് വില്യം ഓബ്രാഡി തിരുമനസ്സിലെ പ്രഭാഷണവിഷയം. "ലിററർജി അദ്ധ്യാപനത്തിനുള്ള സമ്പന്നമായ ഒരു പാധിയാണ്" എന്നത്രെ അദ്ദേഹം സ്ഥാപിച്ചതു്. കത്തോലിക്കരെ, കർമ്മാനുഷ്ഠാനങ്ങൾക്കുള്ള അദ്ധ്യാപനകഴിവുകൾ ഗ്രഹിപ്പിക്കുന്നതിനുള്ള ഇന്നത്തെ "ലിററർജിക്കൽ മൂവ്മെൻറ്" സ്വീകാര്യമായ ഒരു പ്രസ്ഥാനമാണെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. തിരുമേനി ഇങ്ങനെ തുടർന്നു:- "ക്രിസ്തുശരീരത്തിന്റെ (തിരുസഭയുടെ) അദ്ധ്യാപനജോലി ഈവിധത്തിലുള്ള ബോധനംകൊണ്ടു തീർന്നുപോകുന്നു എന്നു നാം തെററിദ്ധരിക്കുകയോ തെററിദ്ധരിപ്പിക്കുകയോ ചെയ്യുവാൻ പാടില്ല. ഒന്നാമതായി വിശ്വാസികളെ കർമ്മാനുഷ്ഠാനങ്ങളുടെ സ്വഭാവത്തേയും, ഉള്ളടക്കത്തേയും, ഉദ്ദേശ്യത്തേയുംപററി മനസ്സിലാക്കണം. തുടർച്ചയായ പ്രബോധനങ്ങൾമൂലം ഇതവർ ഗ്രഹിച്ചുകഴിയുമ്പോൾ അവരെ കർമ്മാനുഷ്ഠാനപരിപാടികളിലേക്കു നയിക്കണം. അതവർക്കു ഫലപ്രദമായി അനുഭവപ്പെടും. കർമ്മാനുഷ്ഠാനങ്ങളുടെ ഈ ആജീവനാന്തവിദ്യാലയത്തിൽ അവരുടെ പ്രവൃത്തികൾക്കു അവർ അർത്ഥം ദർശിക്കുകയും അറിവിന്റെ വർദ്ധനയ്ക്കൊപ്പം ഭക്തിയുടെ വർദ്ധനവും പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യും."

എന്നാൽ ലിററർജിക്കൽ മൂവ്മെൻറ് ചിലപ്പോഴെല്ലാം ശരിയായ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുന്നതിനും ഇടയാകുന്നുണ്ട്. കർമ്മാനുഷ്ഠാനങ്ങളുടെ സ്വഭാവവും ഉദ്ദേശ്യവും ശരിയായി വിവേചിക്കാതെ വികാരാത്മകമായ പ്രവണതകളാൽമാത്രം നയിക്കപ്പെടുന്നതുകൊണ്ടാണ് പലപ്പോഴും ഈ അപകടം സംഭവിക്കുന്നതു്. "ചിലപ്പോൾ ചിലരുടെ അത്യാവേശം അവരുടെ വിവേകത്തേയും ബുദ്ധിയേയും അടിപ്പെടുത്തിയതുകൊണ്ട്" അവരുടെ ശ്രമങ്ങൾ ലക്ഷ്യംതെററി അപജയത്തിൽ ചെന്നെത്തിയിട്ടുണ്ട് എന്നാണ് ആർച്ചുബിഷപ്പ് വില്യം പ്രസ്താവിക്കുകയുണ്ടായതു്. തന്മൂലം ഈ പ്രസ്ഥാനംതന്നെ തെററിദ്ധരിക്കപ്പെടുന്നതിനും ഇടയായിട്ടുണ്ട്. പല ഉദാഹരണങ്ങളും അദ്ദേഹം എടുത്തുകാണിച്ചു. നമ്മുടെ മതാനുഷ്ഠാനങ്ങളിലും പല പരിവർത്തനങ്ങളും നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പലരും അവരവരുടെ ഭാവനപോലുള്ള രൂപത്തിൽ അതു പരിഷ്കരിക്കപ്പെട്ടാൽ കൊള്ളാമെന്നഭിലഷിക്കുകയും ചെയ്യുന്നു. ഇത്തരുണത്തിൽ മേലുദ്ധരിച്ച വിദഗ്ദ്ധാഭിപ്രായം ഏവരുടേയും ശ്രദ്ധാവിഷയമാക്കേണ്ടതാണ്. അപ്രകാരം നമ്മുടെ മതവിജ്ഞാനത്തെ വിപുലീകരിക്കുന്നതിനു സഹായകമായവിധത്തിൽ കർമ്മാനുഷ്ഠാനങ്ങളിൽ വേണ്ട പരിഷ്കരണങ്ങൾ വരുത്തുന്നതായാൽ അതുവഴി നമ്മുടെ മതപരമായ അറിവു അനുദിനം വർദ്ധിക്കുന്നതിനും വിശ്വാസചൈതന്യവും ഭക്തിതീക്ഷ്ണതയും ഉജ്ജ്വലിതമാകുന്നതിനും അവസരം ലഭിക്കുന്നതിന് ഇടവരുന്നതാണ്.

### പ്രസാധകക്കുറിപ്പുകൾ

## നിയമസഭാസാമാജികന്മാർ ധാർമ്മികതത്വങ്ങൾ അവഗണിക്കരുതു്

ലണ്ടനിൽവച്ചു നടന്ന ഇൻറർപാർലമെൻററി യൂണിയന്റെ കോൺഗ്രസ്സിൽ സംബന്ധിച്ച കത്തോലിക്കാ പ്രതിനിധികൾക്കായി, ഇംഗ്ലണ്ടിലെ അപ്പസ്തോലിക്ക് ഡലഗേററ് ആർച്ചുബിഷപ്പ് ഓഹാരാ തിരുമനസ്സുകൊണ്ട് വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രലിൽ നടത്തിയ ഒരു പ്രസംഗത്തിൽ, നിയമസഭാമെമ്പറന്മാർ സ്വീകരിച്ചു പരിപാലിക്കേണ്ട ധാർമ്മികതത്വങ്ങളെപ്പററി പരാമർശിക്കുകയുണ്ടായി. തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു: "ഒരു രാഷ്ട്രീയപ്രവർത്തകനല്ലാത്ത എനിക്കു ഒരു പാർലമെൻററി ഭരണകൂടത്തിന്റെ ഘടനയേയൊ നടപടികളേയൊ സംബന്ധിച്ചു സംസാരിക്കേണ്ട ആവശ്യമില്ല. എന്നാൽ ഒരു വൈദികനെന്നനിലയിൽ, നിയമസഭാംഗങ്ങൾക്കു അവഗണിക്കാവതല്ലാത്ത ഏതാനും ധാർമ്മികനിയമങ്ങളെപ്പററി സംസാരിക്കുവാൻ അവകാശവും കർത്തവ്യവുമുണ്ട്. നിയമസഭാസാമാജികൻ ഒരു ജനവിഭാഗത്തിന്റെ തിരിഞ്ഞെടുക്കപ്പെട്ട പ്രതിനിധിയാണ്. ആ വിഭാഗത്തെ സ്പർശിക്കുന്ന കാര്യങ്ങളിൽ അവരുടെ നന്മക്കായി ഉൽസുകനായിരിക്കേണ്ട കടമ അയാൾക്കുണ്ട്. അയാൾ ഒരു വിഭാഗത്തിന്റെ പ്രാതിനിദ്ധ്യംമാത്രമാണ വഹിക്കുന്നതെങ്കിലും അയാൾ അസംബ്ലിയിൽ പരിചിന്തിക്കുന്ന വിഷയങ്ങൾ കൂടുതൽ വ്യാപകമായ ഒരു സ്വഭാവത്തോടുകൂടിയതാണ്. തൽഫലമായി നിയമസംഹിതയിൽ സ്ഥലംപിടിക്കുന്ന തത്വങ്ങൾ സമുദായത്തിന്റെ മുഴുവനും നന്മയെ പുരോഗമിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നു. സമുദായത്തിന്റെ പൊതുവായ താല്പര്യങ്ങൾ അയാൾ പ്രതിനിധീകരിക്കുന്ന പ്രത്യേകവിഭാഗത്തിന്റെ താല്പര്യങ്ങളുമായി പൊരുത്തപ്പെടാത്ത അവസരങ്ങളും ഉണ്ടായെന്നുവരാം. ഏതാദൃശമായ അവസരങ്ങളിൽ അയാൾക്കുള്ള കർത്തവ്യം ഞാനിവിടെ എടുത്തുപറയേണ്ടതില്ലല്ലോ. അയാളുടെ പ്രത്യേകനിയോജകമണ്ഡലത്തെ അതെങ്ങനെ ബാധിക്കുമെന്നിരുന്നാലും, ആ പ്രത്യേകവിഭാഗത്തിന്റെമാത്രം താല്പര്യത്തിനനുഗുണമായ വിധത്തിലുള്ള ഒരു നിലപാടല്ല അയാൾ സ്വീകരിക്കേണ്ടതു്; സമുദായത്തിന്റെ പൊതുഗുണത്തിനു സഹായകമായവിധത്തിലായിരിക്കണം അയാളുടെ പ്രവർത്തനം. ഇതിനു അസാമാന്യമായ ധൈര്യം ആവശ്യമായിവരാം. പാർലമെൻററിഭരണത്തിന്റെ വില മനസ്സിലാക്കിയിട്ടുള്ളയാൾ അയാളുടെ പ്രവർത്തനത്തിൽ ധൈര്യമുള്ളവനാകാതെ തരമില്ല. ഇന്നെവിടേയും ഒരു നിയമസഭാംഗം ഒരു പ്രത്യേകവിഭാഗത്തിന്റെ പ്രാതിനിദ്ധ്യം വഹിക്കുകയും പൊതുഗുണത്തിന്റെ ആദർശത്തിൽ ചിന്തിക്കുകയുംമാത്രം ചെയ്യുന്ന ആളല്ല. അയാൾ ഒരു പ്രത്യേകരാഷ്ട്രീയപാർട്ടിയോടു ബന്ധപ്പെട്ടവൻകൂടിയാണ്. അയാളുടെ പാർട്ടിയുമായുള്ള ബന്ധം, അയാളൊരു തികഞ്ഞ മനസ്സാക്ഷിയോടുകൂടിയവനാണെങ്കിൽ, പൊതുഗുണത്തെ പുരോഗമിപ്പിക്കുന്നതിനുള്ള ശരിയായ മാർഗ്ഗമാണ് താൻ സ്വീകരിച്ചിരിക്കുന്നതെന്നുള്ള ഉത്തമബോദ്ധ്യത്തിൽ അടിയുറച്ചതായിരിക്കും. അതുകൊണ്ട് അയാളുടെ വോട്ടുസംബന്ധിച്ചു പാർട്ടി അച്ചടക്കം എത്ര കർക്കശമായിരുന്നാലും, സാധാരണഗതിയിൽ അയാളുടെ ആന്തരികമായ ബോദ്ധ്യതകളും വോട്ടുനൽകലും തമ്മിൽ വലിയ വൈപരീത്യം ഉണ്ടാകാവുന്നതല്ല. എന്നാൽ ഇവിടേയും ധീരതയ്ക്കൊരു രംഗമുണ്ട്— ഒരു നിയമസഭാംഗത്തിനു പ്രത്യേകമായുള്ള ധീരത. ഒരു പാർട്ടി ദൈവനിയമങ്ങളെ എതിർക്കുന്നതുമൂലം ഒരു കത്തോലിക്കാനിയമസഭാംഗത്തിനു ആന്തരികമായ മനഃപ്രയാസം നേരിടുന്ന കാരണങ്ങൾ വിരളമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെയൊരവസരം സമാഗതമാവുകയാണെങ്കിൽ, സ്വാതന്ത്ര്യബോധത്തെ വിലമതിക്കുന്ന യാതൊരാളും —സ്വാതന്ത്ര്യബോധമാണല്ലോ പാർലമെൻററിഭരണത്തിന്റെ ആദർശം—അയാളുടെ എതിർപ്പിനെ പ്രത്യക്ഷമാക്കുന്നതിനു ഒരു നിമിഷംപോലും നഷ്ടപ്പെടുത്തുകയില്ല എന്നു നാം പ്രതീക്ഷിക്കണം. എന്നാൽ സങ്കീർണ്ണങ്ങളായ ചില പ്രശ്നങ്ങളിലാണ് ഒരു നിയമസഭാംഗത്തിനു സ്വന്തപാർട്ടിയുമായി അഭിപ്രായവ്യത്യാസത്തിനുള്ള അവസരങ്ങൾ സാധാരണ ഉണ്ടാവുക. ഉദാഹരണം:- വിദ്യാഭ്യാസം, പൊതുവായ ധാർമ്മികതത്വത്തെ സ്പർശിക്കുന്ന നടപടികൾ, രാജ്യാന്തരാവകാശപ്രശ്നങ്ങളെ സംബന്ധിച്ച ശരിയായ ഒത്തുതീർപ്പുകൾ, വ്യക്തികളുടെ അവകാശങ്ങൾ—പ്രത്യേകിച്ച് മാതാപിതാക്കന്മാരുടെ പരമമായ അധികാരങ്ങൾ മുതലായവ. ഈദൃശകാര്യങ്ങളിൽ മനുഷ്യനു ആദ്ധ്യാത്മിക അധികാരികളിൽനിന്നും രാഷ്ട്രീയതത്വമീമാംസയിൽനിന്നും പ്രകാശനം ലഭിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്കു അനുസൃതമായ ഒരു തീരുമാനമല്ലായിരിക്കാം ഒരുപക്ഷെ ഒരു കാര്യത്തിൽ ഒരു നിയമസഭാംഗത്തിന്റെ പാർട്ടി സ്വീകരിച്ചിട്ടുള്ള നയം ഉൾക്കൊള്ളുന്നതു്. അങ്ങിനെ വരുമ്പോൾ വിശ്വാസചൈതന്യത്തോടുകൂടി ജീവിക്കുകയും അതേസമയം ഒരു രാഷ്ട്രീയപ്രവർത്തകനെന്നുള്ള ജീവിതാദർശത്തെ ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തി സ്വയം പ്രാർത്ഥനാനിരതനാവുകയും ഒരു ശരിയായ തീരുമാനമെടുക്കുവാൻ ദൈവസഹായം അഭ്യർത്ഥിക്കുകയുംവേണം. പ്രാർത്ഥനവഴിയും, മാർഗ്ഗദർശകമായി ആദ്ധ്യാത്മികാധികാരികൾ നിർദ്ദേശിച്ചിട്ടുള്ള രേഖകളുടെ പഠനംവഴിയും അയാളുടെ പാർട്ടിനിർദ്ദേശത്തിനെതിരായ ഒരു തീരുമാനത്തിലാണയാൾ എത്തിച്ചേരുന്നതെങ്കിൽ അവിടെ സ്വാതന്ത്ര്യമുള്ള ഒരു ജനതയെ പ്രതിനിധീകരിക്കുന്നതിനു തിരിഞ്ഞെടുക്കപ്പെട്ടിട്ടുള്ള വ്യക്തിക്കുണ്ടായിരിക്കേണ്ട കർമ്മധീരതയാണയാൾ പ്രകടമാക്കേണ്ടതു്. പൊതുനന്മയ്ക്കുവേണ്ടി കാലിടറാതെ നിൽക്കുന്നതിനും അഭിപ്രായം തുറന്നുപറയുന്നതിനുമുള്ള തന്റേടം അയാൾ പ്രദർശിപ്പിക്കണം" ഒരു ജനാധിപത്യയുഗത്തിൽ ജീവിക്കുകയും ജനപ്രതിനിധികൾവഴി ഭരണം നിർവ്വഹിക്കപ്പെടുകയും ചെയ്യുന്ന ഇക്കാലത്തു് ഓരോ നിയോജകമണ്ഡലങ്ങളിലും നിയമസഭാ സാമാജികന്മാരെ തിരിഞ്ഞെടുക്കുന്ന വോട്ടറന്മാരും, ജനപ്രതിനിധികളായി ഭരണയന്ത്രം തിരിക്കുന്ന തിരിഞ്ഞെടുക്കപ്പെടുന്ന നിയമസഭാസാമാജികന്മാരും ഒരുപോലെ മനസ്സിലാക്കിയിരിക്കേണ്ട തത്വശകലമാണ് മേലുദ്ധരിച്ച പ്രസംഗഭാഗത്തിൽ വിശദമാക്കിയിരിക്കുന്നതു്. പൊതുഗുണത്തിനുവേണ്ടിയുള്ള ഭരണയന്ത്രത്തെ പൊതുഗുണത്തിനെതിരായും പാർട്ടിതാല്പര്യങ്ങൾക്കു താങ്ങായും ദുർവ്വിനിയോഗം ചെയ്യുന്ന ജനപ്രതിനിധികൾ അവരുടെ കൃത്യവിലോപത്തെപ്പററി അല്പമൊന്നു പരിചിന്തിച്ചിരുന്നെങ്കിൽ! ദൈവത്തിന്റെ അധികാരമാണവർ കൈകാര്യം ചെയ്യുന്നതെന്ന് ഉത്തരവാദിത്വബോധത്തോടെ അനുസ്മരിച്ചിരുന്നെങ്കിൽ!

—o—

## അടുത്തയാഴ്ചയിൽ

ഡിസംബർ

5 വ്യാ: വി. സാബ
6 വെ: വി. നിക്കൊളാവോസ്
7 ശ: വി. അംബ്രോസീസ്
8 ഞാ: ആഗമനം 2-ാം ഞായർ
പ. കന്യകമറിയത്തിന്റെ അമലോത്ഭവം
9 തി: വി. സിറ്രൂസ്
10 ചൊ: പ. ക. മറിയത്തിന്റെ ഭവനമാററം
11 ബു: വി. ദാമസോസ്


## അറിയിപ്പ്

മുണ്ടൂർ സത്യദീപം ഏജൻസി ഏറെറടുത്തു് നടത്തുവാൻ ആഗ്രഹിക്കുന്നവർ താഴെക്കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക:

മാനേജർ

സത്യദീപം, എറണാകുളം


## ധർമ്മശാസ്ത്രത്തിലും വൈദികഭരണശാസ്ത്രത്തിലും പുതിയ അക്കാഡമി

സന്യാസസഭാകാര്യങ്ങൾക്കുള്ള തിരുസംഘത്തിന്റെ 1957 മാർച്ച് 25-ാം തിയതിയിലെ ഡിക്രിയിലേയും, "സെദെസ് സാപ്പിയെൻസിയേ" എന്ന അപ്പസ്തോലിക്ക് കൺസ്റ്റിററ്യൂഷനിലേയും നിബന്ധനകളെ ആധാരമാക്കി റോമിലുള്ള റെഡംപ്റ്ററിസ്റ്റ് വൈദികരുടെ ഇൻറർനാഷനൽ കോളെജിൽ ഒരു പുതിയ അക്കാഡമി സമാരംഭിച്ചിരിക്കുന്നു. മോറൽതിയോളജിയിലും പാസ്റ്ററൽതിയോളജിയിലും ഉന്നതവിദ്യാഭ്യാസം വൈദികർക്കു നൽകുന്നതിനാണ് ഈ അക്കാഡമി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. വിവിധരാജ്യങ്ങളിൽനിന്നുള്ള ഒട്ടേറെ പ്രൊഫസറന്മാർ ഇതിനാവശ്യമാണ്. ഇതിൽ അദ്ധ്യയനത്തിനുചേരുന്ന വൈദികർക്കു ദൈവശാസ്ത്രത്തിലോ, മററു ഏതെങ്കിലും വൈദികശാസ്ത്രങ്ങളിലോ ബിരുദങ്ങളോ തത്തുല്യമായ പ്രത്യേകതകളോ ഉണ്ടായിരിക്കണം.

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# കളിപ്പിച്ച് കളിപ്പിച്ച് കുട്ടി ഇല്ലാതാകുമോ?

(നിരീക്ഷകൻ)

റഷ്യയിലെ മതസ്വാതന്ത്ര്യത്തിനുദാഹരണമായി കമ്മ്യൂണിസ്റ്റുകൾ പൊക്കിക്കാണിക്കുന്നതു് മോസ്കോയിലെ ഓർത്തഡോക്സ് സഭാവിഭാഗത്തെയാണു്. അതിന്റെ യഥാർത്ഥമായ നിലയെന്താണെന്നു ഈ പംക്തികളിൽ നേരത്തെ പ്രതിപാദിച്ചിരുന്നു. നിരീശ്വരകമ്മ്യൂണിസം മതവിശ്വാസികളെ വശീകരിക്കുന്നതിനുവേണ്ടി, രാഷ്ട്രത്തിനു സ്വയം അടിയറവച്ചുകഴിയുന്ന ഒരു സഭാവിഭാഗത്തെ അവിടെ ഒരു പാവയായി പുലത്തിപ്പോരുന്നുവെന്നതിൽ കവിഞ്ഞു് ഈ പ്രഹസനത്തിനു യാതൊരർത്ഥവുമില്ല. കമ്മ്യൂണിസത്തിന്റെ താല്പര്യങ്ങൾക്കു ഗുണകരമായിട്ടുള്ള അവസരങ്ങളിൽ അതിനെ പുകഴ്ത്തും; എന്തെങ്കിലും അധികാരമോ സ്വാധീനമോ അതിനു വന്നുചേരുന്നുവെന്നുകണ്ടാൽ അതിനെ തുരത്തും, ഇതാണു് കമ്മ്യൂണിസ്റ്റുനയം. ഈയിടെ നടന്ന ചില സംഭവങ്ങൾ ഇവയ്ക്കുദാഹരണങ്ങളാണു്. മോസ്കോയിലെ അലക്സിസ് പാത്രിയക്കീസിന്റെ 80-ാം ജന്മവർഷം പ്രമാണിച്ച് റഷ്യൻ പ്രധാനമന്ത്രി മി. ബുൾഗാനിൻ അദ്ദേഹത്തിനു ഒരാശംസാസന്ദേശം അയച്ചുകൊടുത്തു. അതിൽ സഭാദ്ധ്യക്ഷനായ പാത്രിയക്കീസിനെ അഭിസംബോധനചെയ്തിരിക്കുന്നതു് "ഹിസ് ഹോളിനെസ്" (His Holiness) —പരിശുദ്ധ പിതാവേ—എന്നാണു്. അതിന്റെ ഉള്ളടക്കത്തിൽ പറയുന്നു: പാത്രിയക്കീസ് തിരുമനസ്സിലെ രാജ്യഭക്തിപരമായ പ്രവൎത്തനങ്ങളേയും, ലോകം മുഴുവനിലും സമാധാനം സംസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിൽ അവിടുന്നു ചെയ്യുന്ന സേവനങ്ങളേയും സോവ്യറ്റുഗവമ്മെണ്ടു് അത്യധികം വിലമതിക്കുന്നുവെന്നു്. ജന്മദിനാഘോഷപരിപാടികളിൽ പ്രധാനമായ ഒന്നായിരുന്നു ഗവമ്മെണ്ടുലവലിൽ നൽകപ്പെട്ട ഔദ്യോഗികസ്വീകരണം. റഷ്യയിലെ മന്ത്രിസഭയുടെ കീഴിൽ, ഓർത്തഡോക്സ് സഭാകാര്യങ്ങൾക്കുവേണ്ടിയുള്ള കൗൺസിലിന്റെ ചെയർമനായ മി. കാർപ്പോവായിരുന്നു നവമ്പർ 10-ാം തീയതി നടന്ന പ്രസ്തുത ചടങ്ങിന്റെ നിർവ്വാഹകൻ. ഇങ്ങനെ സോവ്യറ്റുഗവമ്മെണ്ടു് അവിടത്തെ സഭയോടനുവൎത്തിക്കുന്ന ചില നയപരിപാടികളെപ്പറ്റി അറിയുന്നവർ വിചാരിക്കും, അവിടെ സഭയും രാഷ്ട്രവും പരസ്പരം ആദരവോടും സർവ്വസ്വാതന്ത്ര്യമായും കഴിഞ്ഞുകൂടുകയാണെന്നു്. ഈദൃശനടപടികളെ കൊട്ടിഘോഷിക്കുന്നതിനും അതിൽനിന്നു അങ്ങേയററം മുതലെടുക്കുന്നതിനും പ്രബലമായ ഒരു പ്രചാരണവകുപ്പും സുശിക്ഷിതരായ പ്രചാരകന്മാരും അവർക്കുണ്ടുതാനും. പക്ഷെ ഈ കളിപ്പിക്കൽകൊണ്ടു് കുട്ടി ഇല്ലാതാവുകയാണു് എന്നുള്ള പരമാർത്ഥം ആരറിയുന്നു!

സോവ്യറ്റു് ഗവമ്മെണ്ടു് ഇത്രയധികം പ്രശംസിക്കുന്ന മോസ്കോപാട്രിയക്കേററിനെ തേജോവധം ചെയ്യുന്നതിനു അടുത്തകാലത്തു കൈക്കൊണ്ട ചില നടപടികളെക്കൂടി ഈ മംഗളപത്രത്തിനെതിരെ നിരത്തിവയ്ക്കുമ്പോളാണു് യാഥാർത്ഥ്യം വെളിച്ചത്തുവരിക. ഫിൻലണ്ടിലെ ഓത്തഡോക്സ്സഭയുടെമേൽ മോസ്കോപാട്രിയക്കേററിനു മുമ്പേമുതൽ ചില അധികാരാവകാശങ്ങളുണ്ടു്. പാട്രിയക്കേററിനു നേരിട്ടു് ഭരണാധികാരമുള്ള ഏതാനും ഇടവകകളും അവിടെയുണ്ടു്. ഈയിടെ സോവ്യറ്റുയൂണിയനിലെ പാർട്ടി സെൻട്രൽകമ്മിററി ഒരു പുതിയ പദ്ധതി കൊണ്ടുവന്നു. തൽഫലമായി മോസ്കോപാട്രിയക്കേററിനു ഫിൻലണ്ടിൽ അധികാരമുണ്ടായിരുന്ന ഇടവകകളെല്ലാം ഫിന്നിഷ് ഓത്തഡോക്സ് സഭയ്ക്കു വിട്ടുകൊടുക്കുന്നതിനും ആ സഭയുടെമേലുണ്ടായിരുന്ന അധികാരാവകാശമെല്ലാം കൈയൊഴിയുന്നതിനും ഇടയായിരിക്കുകയാണു്. ഫിൻലണ്ടിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുവാനുള്ള ഒരേർപ്പാടാണിതെന്നാണു് വയ്പു്. വേറൊന്നു്: ചൈനയിലെ ഓത്തഡോക്സ് സഭ റഷ്യയിലെ സഭയുടെ കീഴായിരുന്നു. ഒരു റഷ്യൻ സഭാപ്രതിനിധിയാണു് അവിടെ ഭരണം നിർവ്വഹിച്ചിരുന്നതു്. സോവ്യറ്റുഗവമ്മെണ്ടിന്റെ നിർബ്ബന്ധംമൂലം പ്രതിനിധിയെ ചൈനയിൽനിന്നു തിരിച്ചുവിളിപ്പിക്കുകയും, അവിടത്തെ സഭാവിഭാഗത്തെ മോസ്കോ പാട്രിയക്കീസിന്റെ മേധാവിത്വത്തിൽനിന്നും ഒഴിവാക്കി "ഷൂ ആൻ" എന്നു പേരായ ഒരു ചൈനീസ് മെത്രാനെ അവിടെ വാഴിച്ച് ഒരു സ്വതന്ത്രസഭയായി അതിനെ സോവ്യറ്റുയൂണിയൻ അംഗീകരിക്കുകയുംചെയ്തു. മറെറാന്നു്: സോവ്യറ്റുഗവമ്മെണ്ടു് അന്ത്യോക്യായിലെ പാത്രിയക്കീസുമായി ഈയിടെ വളരെ സൗഹാർദ്ദത്തിലാണു് ഇടപാടുകൾ. അദ്ദേഹത്തിനു് പല വിലപിടിച്ച സംഭാവനകളും ഈയിടെ ഗവർമ്മെണ്ടു് നൽകിയിട്ടുണ്ടു്. റഷ്യൻ ഓത്തഡോക്സ് സഭയുടെ ചിലവിൽ ഡമാസ്കസിൽ ഒരു മാർബിൾ കൊട്ടാരം അദ്ദേഹത്തിനു പണുതുകൊടുക്കണമെന്നു റഷ്യൻ ഗവർമ്മെണ്ടു് ആവശ്യപ്പെട്ടിരിക്കുകയാണു്. അറബിരാജ്യത്തെ കണ്ണുവച്ചുകൊണ്ടു് റഷ്യ നടത്തുന്ന ചില കരുനീക്കങ്ങളാണിവയെങ്കിലും മോസ്കോപാട്രിയക്കേററിനു ഈ ചിററമ്മനയം എങ്ങിനെ സഹിക്കുവാൻ സാധിക്കും! ഇനിയുമുണ്ടു്: മോസ്കോയിൽവച്ചു അടുത്ത അവസരത്തിൽ നടന്ന യുവമേളയിൽ സന്ദർശകരെ സ്വീകരിക്കുന്നതിനു ഒരു സഭാക്കമ്മററിയെ നിശ്ചയിക്കുന്നതിനും, സ്വീകരണജോലികൾ നിർവ്വഹിക്കുന്നതിനും പാട്രിയക്കേററു നിരവധി ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിയിരുന്നു. അപ്രകാരംതന്നെ കമ്മ്യൂണിസ്റ്റുകളുടെ "സമാധാനപ്രസ്ഥാന"ത്തിന്റെ പേരിൽ കമ്മ്യൂണിസപ്രചാരണസംരംഭങ്ങൾ നടത്തുന്നതിനും, പൊതുസമാധാനകൗൺസിലുകളിലും അതിന്റെ ഘടകസംഘടനകളിലും പ്രവൎത്തിച്ച് നിരീശ്വരകമ്മ്യൂണിസത്തിനു പ്രസിദ്ധിയാർജ്ജിച്ചുകൊടുക്കുന്നതിനും ഈ മതസംഘടന നിർബ്ബന്ധിക്കപ്പെട്ടിരിക്കുകയാണു്. ഇങ്ങനെ കമ്മ്യൂണിസ്റ്റുഭരണകൂടത്തിന്റെ അഭിലാഷങ്ങൾ നിറവേററുന്നതിനുള്ള ഉപകരണമായും, പുറമേ റഷ്യയിൽ മതസ്വാതന്ത്ര്യം പുലരുന്നു എന്നു പ്രഖ്യാപിക്കുന്നതിനുവേണ്ടിയും പരിരക്ഷിക്കപ്പെടുന്ന ഒരു പാവസഭയാണു് മോസ്കോയിലെ ഓത്തഡോക്സ് സഭാവിഭാഗം എന്നു അതിന്റെ ഈ ചരിത്രം തെളിയിക്കുന്നു. ഈ കുട്ടിയെ കളിപ്പിച്ചു കളിപ്പിച്ചു് അതിന്റെ മതസ്വഭാവം പാടേ നാമാവശേഷമാകാൻ ഇനിയും അധികംനാൾ കാത്തിരിക്കാനില്ലെന്നാണു് ഇതിനർത്ഥം.

പക്ഷെ കമ്മ്യൂണിസത്തിനു മതവിശ്വാസത്തെ ജനഹൃദയങ്ങളിൽനിന്നു വേരു പറിച്ചുകളയുവാൻ സാദ്ധ്യമല്ല. കമ്മ്യൂണിസ്റ്റു് പ്രമാണികൾക്കുതന്നെ ഇതറിയാം. ഈയിടെ നടന്ന "ശാസ്ത്രീയനിരീശ്വരത്വപ്രചാരണ യൂണിയൻ കോൺഫറൻസി"ൽ ഒരു പണ്ഡിതനായ എം. ബി. മീററിൻ പ്രസ്താവിച്ചതിപ്രകാരമാണു്:— പള്ളിയിൽ പോകുന്നവരുടെ ഇടയിൽ ഈയിടെയായി വളരെ കൂടുതലായ ഉത്സാഹമാണു് കാണുന്നതു്. ബാൾട്ടിക്കു രാജ്യങ്ങളിലും പാശ്ചാത്യയുക്രൈനിലും ബെലോറഷ്യായിലും കത്തോലിക്കാസഭയിൽ വർദ്ധമാനമായ പ്രവർത്തനങ്ങൾ ദൃശ്യമാകുന്നു. ചില വിഭാഗങ്ങൾ ഏററവും കൂടുതൽ ഉൽസുകരാണു്... ഇതും ഇതുപോലുള്ള വസ്തുതകളും തെളിയിക്കുന്നതു്, മതം ഇവിടെ ഒരു സ്വാഭാവികമരണമടയുകയല്ലെന്നാണു്. നേരേമറിച്ചു്, അവിടെയും ഇവിടെയും മതത്തിനെതിരായ നമ്മുടെ ഉത്സാഹത്തിനു് നാം കുറവുവരുത്തിയതിന്റെ ഫലമായി മതം ഉത്ഥാനം പ്രാപിച്ചുവരികയാണു്." (Voprosy Filosofii, No. 3, 1957, p. 223).

## ഉപകാരസ്മരണ



മാറുകയില്ലെന്നു കരുതിയ രോഗം ബ: അൽഫോൻസാമ്മയുടെ സഹായത്താൽ മാറിയതിനു ഉപകാരസ്മരണ.

സെൻറു് ജോസഫ്സ്
സെയിൽസ് കോൺവെൻറു്
ഫോർട്ടുകൊച്ചി

(1-ാംപേജ് തുടർച്ച)

ഈ ഉപാധികളെ യാതൊരാൾക്കും ഉപയോഗപ്പെടുത്താവുന്നതല്ല.

### ചലച്ചിത്രങ്ങൾ

ആധുനികയുവലോകത്തെ അഭിമുഖീകരിക്കുന്ന ഗുരുതരമായ ധാർമ്മികവിപത്തിനെ— അനാശാസ്യങ്ങളായ ചലച്ചിത്രപ്രദർശനങ്ങളെ—പററിയും കത്തോലിക്കർക്കു മുന്നറിയിപ്പു നൽകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ ചലച്ചിത്രങ്ങൾ ബാലികാബാലന്മാരടങ്ങിയ ധാരാളംപേരെ പ്രദർശനശാലകളിലേക്കു കൂട്ടംകൂട്ടമായി ആകർഷിക്കുകയും, സഭയും നമ്മുടെ രാജ്യത്തെ കുടുംബജീവിതക്രമവും എല്ലാക്കാലത്തും മുറുകെപ്പിടിച്ചുപോന്നിട്ടുള്ള ഉന്നതധാർമ്മികമാനദണ്ഡങ്ങളെ അവരുടെഹൃദയങ്ങളിൽ അധഃകരിക്കുകയും ചെയ്യുന്നു. അധഃപതിച്ച മനുഷ്യസ്വഭാവത്തിന്റെ അധമങ്ങളായ പ്രകൃതങ്ങളെ ചിത്രീകരിക്കുന്ന രംഗങ്ങളിൽനിന്നും സ്വയം അകന്നുനിൽക്കുവാൻ മാർപ്പാപ്പാതിരുമേനി 1957 സെപ്തംബർ 8-ാം തീയതി ലോകത്തിലെ 1500 കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരെ അഭിസംബോധനംചെയ്തുകൊണ്ടു പ്രസിദ്ധപ്പെടുത്തിയ ചാക്രികലേഖനത്തിൽ വിശ്വാസികളെ ഉൽബോധിപ്പിച്ചിട്ടുണ്ടു്. വിഷമകരവും വിസ്തൃതവുമായ ഈ കലാരംഗത്തിലൂടെ സഭയുടെ ആദർശങ്ങൾ കൂടുതൽ സാർവ്വത്രികമായി പ്രചരിക്കത്തക്കവിധം താല്പര്യപൂർവ്വമായ ശ്രദ്ധപതിപ്പിക്കുകമാത്രമല്ല അതേസംബന്ധിച്ചു ഖണ്ഡിതമായ നടപടി സ്വീകരിക്കുകയും അധികാരം പ്രയോഗിക്കുകയും ചെയ്യണമെന്നു് തിരുമേനി മുന്നറിയിപ്പു നൽകിയിട്ടുണ്ടു്. തിരുമേനി തുടന്നു ഉൽബോധിപ്പിച്ചു:- മിക്കവാറും എല്ലാവർക്കുംതന്നെ അഭിഗമ്യമായ ഈ പുതിയ ഉപകരണത്തിനു്, മനുഷ്യമനസ്സുകളെ പ്രകാശംകൊണ്ടു് തേജോമയമാക്കുവാനും മഹനീയതയിലേക്കു് ഉയത്തുവാനും സൗന്ദര്യപൂർണ്ണമാക്കുവാനും അതേസമയംതന്നെ പ്രകാശം മങ്ങിപ്പിച്ചു് അവയെ അലങ്കോലപ്പെടുത്താനും അഴിമതിയാൽ അവമതിയിലാഴ്ത്തുവാനും അനിയന്ത്രിതമായ വികാരവിജ്രംഭണത്തിനിരയാക്കുവാനും സാധിക്കും. ഈ പ്രശ്നങ്ങളിൽ ഇന്ദ്രിയങ്ങൾക്കു ഗോചരീഭവിപ്പിക്കപ്പെടുന്ന നടപടികൾ പ്രശംസാർഹമോ ആക്ഷേപാർഹമോ ആയിരിക്കുന്നതനുസരിച്ചു്— മനുഷ്യമനസ്സുകളിൽ ഏററവും പ്രബലമായ സ്വാധീനശക്തി ചെലുത്തുവാനും സാധിക്കും.

ലോകത്തിലെ കത്തോലിക്കാ യുവാക്കന്മാരെ പരാമർശിച്ചുകൊണ്ടു് മാർപ്പാപ്പാതിരുമേനി പറഞ്ഞു: "എന്തും കേൾക്കുവാനുള്ള സ്വാഭാവികവും അനിയന്ത്രിതവുമായ ഔൽസുക്യം നിയന്ത്രിക്കുണ്ടതു് അവരുടെ ഗൗരവപൂർവ്വമായ കർത്തവ്യമാകുന്നു; ഗർഹ്യവും ലൗകികവുമായ സന്തോഷങ്ങളിൽനിന്നും അവർ തങ്ങളുടെ ഹൃദയങ്ങളെ വിമുക്തമാക്കി ഉന്നതതരങ്ങളായ കാര്യങ്ങളെ ലക്ഷ്യമാക്കി ഉയത്തിനിത്തുകയും ചെയ്യേണ്ടതാകുന്നു."

### സാമൂഹികസേവനങ്ങൾ

കമ്മ്യൂണിസത്തിന്റെ പ്രബലമായ കാരണങ്ങളിലൊന്നു് തൊഴിലാളിയുടെ ദാരിദ്ര്യമാണെന്നു് ഞങ്ങൾ പറയേണ്ടതില്ലല്ലോ; ഉപജാപകന്മാരായ നേതാക്കന്മാർ അവതരിപ്പിക്കുന്ന സമൃദ്ധിയുടേയും ക്ഷേമത്തിന്റേയും ദിവാസ്വപ്നങ്ങൾക്കു് അവർ ക്ഷണേന ഇരയായിത്തീരുന്നു. ജനസാമാന്യത്തിന്റെ സാമൂഹ്യസാമ്പത്തികസ്ഥിതികൾ ഉന്നമിപ്പിക്കുന്നതിലുള്ള ആശാസ്യമായ ദേശീയപദ്ധതികളിലെല്ലാം കൂടുതൽ സജീവതാല്പര്യം പ്രദർശിപ്പിക്കുവാനും, അങ്ങനെ അവരുടെ ആദ്ധ്യാത്മികസന്തുഷ്ടിയും ഭൗതികാഭിവൃദ്ധിയും പുരോഗമിപ്പിക്കുവാനും എല്ലാ കത്തോലിക്കരേയും ഞങ്ങൾ ഉൽബോധിപ്പിക്കുന്നു. വ്യക്തിയേയും സ്വകാര്യസ്വത്തുടമയുടെ സാമൂഹ്യസ്വഭാവത്തേയും സംബന്ധിച്ച കത്തോലിക്കാസഭയുടെ സാമൂഹ്യപാഠം പരിശുദ്ധപിതാവു പതിനൊന്നാംപീയൂസ് മാർപ്പാപ്പാ തിരുമേനി "നിരീശ്വരപരമായ കമ്മ്യൂണിസ"ത്തെ സംബന്ധിച്ച ചാക്രികലേഖനത്തിൽ വിശദീകരിച്ചിട്ടുണ്ടു്.

"ഏതു വംശജരും സാമൂഹ്യസ്ഥിതിഗതികൾക്കു വിധേയരായിട്ടുള്ളവരുമായ എല്ലാ മനുഷ്യരുടേയും യഥാർത്ഥവും സാർവ്വത്രികവുമായ സാഹോദര്യം പ്രഥമതഃ പ്രഖ്യാപിച്ചിട്ടുള്ളതു ക്രിസ്തുമതമാകുന്നു.......രക്തപങ്കിലമായ വിപ്ലവമല്ല, സഭയുടെ പാഠത്തിന്റെ ആന്തരികശക്തിയാണു് റോമൻ മേടനെ തന്റെ അടിമയിൽ ക്രിസ്തുവിൽ ഒരു സഹോദരിയെ ദർശിക്കുവാൻ പ്രാപ്തയാക്കിത്തീർത്തതു്." കായികാദ്ധ്വാനത്തെ അതിന്റെ മാന്യപദവിയിലേക്കുയർത്തിയതും ക്രിസ്തുമതമാകുന്നു. സാമൂഹ്യാസ്വസ്ഥതകൾക്കും വർഗ്ഗസമരത്തിനും നിരീശ്വരപരമായ കമ്മ്യൂണിസത്തിനുമുള്ള മൗലികമായ നിവൃത്തിമാർഗ്ഗം "സുവിശേഷതത്വങ്ങൾക്കനുസൃതമായി സ്വകാര്യജീവിതത്തേയും പൊതുജീവിതത്തേയും ആത്മാർത്ഥമായി പുനരുജ്ജീവിപ്പിക്കുന്നതിൽ അന്തർലീനമായിരിക്കുന്നു." സാധുക്കളുടേയും തങ്ങളുടെ നിയന്ത്രണത്തിനതീതമായ കാരണങ്ങളാൽ ദുരിതവശഗരായിരിക്കുന്നവരുടേയും ഇടയിൽ സാമൂഹ്യസേവനത്തിനു് കത്തോലിക്കർക്കു് വിപുലമായ ഒരു രംഗം തുറന്നുകിടപ്പുണ്ടു്. ദൈവനിയമങ്ങൾക്കു വിരുദ്ധമല്ലാത്ത നിർമ്മാണാത്മകമായ എല്ലാ പദ്ധതികളിലും കത്തോലിക്കർ ഹൃദയപൂർവ്വം സഹകരിക്കേണ്ടതാകുന്നു.

—o—

## ജെററ് പ്ലെയിൻ പൈലററ് ചെയ്ത കന്യാസ്ത്രീ

അമേരിക്കയിൽ മാഡിസോൺ എന്ന സ്ഥലത്തുനിന്നു ന്യൂജേർസിയിലെ വിമാനത്താവളത്തിലേക്കു പറന്ന വ്യോമസേനവക ഒരു ജെററ് വിമാനം മേരി അക്വിനാസ് എന്ന 62 വയസ്സുകാരിയായ ഒരു കന്യാസ്ത്രീയാണു നയിച്ചതു്. സിസ്റ്റർ മേരി അക്വിനാസ് ലൈസൻസ് ലഭിച്ചിട്ടുള്ള ഒരു പയലററാണു്. മണിക്കൂറിൽ ശരാശരി 525 മൈൽ വേഗതയിൽ പറന്നു് വിമാനം ഒരു മണിക്കൂറും 45 മിനിട്ടുംകൊണ്ടു് ലക്ഷ്യത്തിലെത്തി. മാനിറേറാവോയിലെ ഹോളിഫാമിലികോളെജിലെ പ്രധാന സയൻസ് അദ്ധ്യാപികയാണു്. സിസ്റ്റർ മേരി അക്വിനാസ്. 1943 ലാണു് അവർ ആദ്യമായി വിമാനം ഓടിക്കുന്നതിനു പരിശീലിച്ചതു്. "യാത്ര അത്ഭുതകരമായിരുന്നു" എന്നാണു് ആദ്യമായി ഒരു ജെററ് വിമാനം നയിച്ചശേഷം അവർ പ്രസ്താവിച്ചതു്.

## സന്യാസവ്രതവും യുദ്ധസേവനവും സംബന്ധിച്ച പുതിയ ഡിക്രി

യുദ്ധസേവനത്തിനു വിളിക്കപ്പെട്ടിട്ടുള്ള യുവാക്കന്മാർ സന്യാസസഭകളിൽ ചേരുന്നതിനാഗ്രഹിക്കുന്നുവെങ്കിൽ അവരുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ഉള്ളടക്കി സന്യാസസഭാകാര്യങ്ങൾക്കുവേണ്ടിയുള്ള തിരുസംഘം ഒരു പുതിയ ഡിക്രി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. നിബന്ധനകൾ ഇവയാണു്:- 1. ഒരു സന്യാസജീവിതാർത്ഥി അയാളുടെ യുദ്ധസേവനകാലം പൂർത്തിയാക്കിയതിനുശേഷമോ, അഥവാ യുദ്ധസേവനത്തിൽനിന്നു ഒഴിവാക്കപ്പെട്ടതിനുശേഷമോ മാത്രമേ നിത്യവ്രതം എടുക്കുവാൻ അനുവദിക്കപ്പെടാവൂ; 2. യുദ്ധസേവനഘട്ടങ്ങളിൽ താല്ക്കാലികവ്രതങ്ങളിൽനിന്നു ഒഴിവാക്കപ്പെടണം; 3 യുദ്ധസേവനം പൂർത്തിയാക്കിയ ഒരു സന്യാസജീവിതാർത്ഥിയെ നിത്യവ്രതമെടുക്കുന്നതിനനുവദിക്കുന്നതിനുമുമ്പായി ഒരു കാലഘട്ടത്തേക്കു്—സാധാരണയായി മൂന്നു മാസത്തേക്കു്—ഒരു സന്യാസഭവനത്തിൽ താമസിക്കുന്നതിനു വ്യവസ്ഥചെയ്യണം. ഈ വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനു കാരണമായി ഡിക്രിയിൽ പറയുന്നതു്, "യുദ്ധസേവനം ഒരാളുടെ ദൈവവിളിയെ സംബന്ധിച്ചും മതചൈതന്യത്തെ സംബന്ധിച്ചും സാമാന്യമായി ഒരു വിഷമഘട്ടം സംജാതമാക്കുകയാണു ചെയ്യുന്നതു്" എന്നത്രെ.

(5-ാംപേജ് തുടർച്ച)

കിഴക്കമ്പലം: ഈ പള്ളിയിലെ മാതാവിന്റെ ദർശനത്തിരുനാൾ നവമ്പർ 20, 21 തിയതികളിൽ ആഡംബരപൂർവ്വം കൊണ്ടാടി. പ്രസുദേന്തി കോയിക്കര അന്തോണി തോമസായിരുന്നു.

കോടിക്കുളം: സ്ഥലം ഡോൺബോസ്കോ ആർട്ട്സ്ക്ലബ്ബിന്റെ ഒരു പൊതുയോഗം നവമ്പർ 28-ാംനു പള്ളിമുറിയിൽവെച്ചു കൂടി ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തു. പ്രസിഡന്റായി എസ് സി കാപ്പൻ, വൈസ്പ്രസിഡന്റായി എൻ എം വറുഗീസ് നമ്പേലിൽ, സെക്രട്ടറിയായി ജെ എം തോട്ടുപാട്ട്, ഖജാൻജിയായി എൻ എം ആന്റണി ബി ഏ യുമാണ് തിരിഞ്ഞെടുക്കപ്പെട്ടതു്. 3 കമ്മിററിയംഗങ്ങളേയും തിരിഞ്ഞെടുത്തു. അടുത്ത ജനുവരി അവസാനത്തിൽ ക്ലബ്ബിന്റെ വാർഷികം വിപുലമായ തോതിൽ നടത്താൻ നിശ്ചയിച്ചു.

അമ്പഴക്കാട്ട്: ഈ ഇടവക മേനാച്ചേരി തോമസ് മകൻ കുരുവിളയും, വൈന്തല സെന്റ്മേരീസ് ഹൈസ്കൂളിലെ അദ്ധ്യാപികയായ വി ടി കൊച്ചുത്രേസ്യായും തമ്മിലുള്ള വിവാഹം അമ്പഴക്കാട്ട് ഫൊറോനാപള്ളിയിൽവെച്ചു നവമ്പർ 25-ാംതിയതി സമംഗളം നടന്നിരിക്കുന്നു.

## തോമസ് കണ്ടത്തിൽ ഇററലിയിലേക്കു്

ഇററലിയിലെ പാദുവാ ഇന്റർനാഷണൽ മെഡിക്കൽകോളജിൽ ചേർന്നു് ഉപരിപഠനം നടത്തുന്നതിനു ശ്രീ തോമസ് കണ്ടത്തിൽ ബി എസ്സി ഡിസംബർ 4-ാംനു സിഡ്നി എന്ന കപ്പലിൽ കൊച്ചിയിൽനിന്നു് ഇററലിയിലേക്കു് പുറപ്പെടുന്നു. ഇദ്ദേഹത്തിന്റെ പിതാവായ ജില്ലാക്കോടതി വക്കീൽ സിറിയക്കു കണ്ടത്തിൽ അവർകളുടെ സാമൂഹ്യസേവനത്തിലുള്ള അഭിനന്ദനസൂചകമായിട്ടുകൂടിയാണു് ഈ വിദ്യാർത്ഥിക്കു് കോളേജിൽ സീററും സ്കോളർഷിപ്പും നൽകപ്പെട്ടിട്ടുള്ളതെന്നറിയുന്നു.

## ചരമവാർത്തകൾ

പുത്തൻപള്ളി: ഈ ഇടവക വീതയത്തിൽ പൗലോ ഔസേപ്പു അവർകൾ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം നവംബർ 28-ാംനു വൈകിട്ടു് 5മണിക്കു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം ഉച്ചതിരിഞ്ഞു നാലു മണിക്കു് റവ. ഫാദർ ജോസഫ് വീതയത്തിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും വെരി റവ. ഫാദേഴ്സ് സിപ്രിയാൻ, ഗെരയോൻ ടി ഒ സി ഡി എന്നിവരുടെ സഹകാർമ്മികത്വത്തിലും മററു പല ബ വൈദികരുടേയും ദർശനസമൂഹങ്ങളുടേയും ബന്ധുമിത്രാദികളായ ജനങ്ങളുടേയും സഹകരണത്തിലും ശവസംസ്കാരകർമ്മം യഥാവിധി നിർവ്വഹിക്കപ്പെട്ടു. ചരമപ്രഭാഷണം നടത്തിയതു റവ. ഫാദർ ഐസക്കു് ചിറയ്ക്കൽ അവർകളാണു്. കർമ്മങ്ങൾക്കുശേഷം സാധുക്കൾക്കു് അന്നദാനവുമുണ്ടായിരുന്നു.

മനക്കോടം: ശ്രീ കുടന്നൽ ഹബീയാനോസ് അവർകളുടെ പുത്രൻ മി. ക്ലാരൻസ് ഹൃദ്രോഗംമൂലം നവമ്പർ 22-ാംതിയതി രാത്രി 9-30നു് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. മൃതദേഹം പിറേറദിവസം ഉച്ചകഴിഞ്ഞു് 4 മണിക്കു് മനക്കോടംപള്ളി സിമിററരിയിൽ സംസ്കരിക്കപ്പെട്ടു.

R. I. P.


### ജപഅപ്പസ്തോലസഖ്യത്തിന്റെ ഡിസമ്പർമാസത്തെ പൊതുനിയോഗം

ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളും മതപരമായ ഭക്തിപൂർവ്വം ആചരിക്കപ്പെടേണ്ടതിനു്.

### വേദപ്രചാരനിയോഗം

പൂർവ്വേഷ്യൻ പ്രദേശങ്ങളിലെ കമ്മ്യൂണിസ്റ്റ് ആധിപത്യത്തിൽനിന്നു് ഓടി രക്ഷപ്പെട്ടവർക്കുവേണ്ടി.

## Thanksgiving




**For Favours Received**

Excuse delay
Mrs. P. C. Joseph
Padayattil House, Angamaly

## രണ്ടാമത്തെ സ്റ്റാമ്പുമത്സരം

മിഷനെ സഹായിക്കുവാനുള്ള ഒരു സുവർണ്ണാവസരം! അതേസമയംതന്നെ നിങ്ങൾക്കു ഒരു സമ്മാനവും!!

നിങ്ങൾ ചീന്തിക്കളയുന്ന ഓരോ സ്റ്റാമ്പും പച്ചനോട്ടുകളാണു്. അവ എത്ര നിസ്സാരമായിരുന്നാലും മിഷ്യനു് വിലപ്പെട്ടതാണു്. ഏതു വിദേശീയസ്വദേശീയസ്റ്റാമ്പുകളും നിങ്ങൾക്കു് ഇങ്ങോട്ടു് അയച്ചുതരാം. പകരം മിഷ്യനറിമാർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. കൂടാതെ സമ്മാനങ്ങളും. ഒന്നാംസമ്മാനം റോളിങ്ങ് ഷീൽഡും മറെറാരു സമ്മാനവും. കൂടാതെ 12 സമ്മാനങ്ങൾ. കേടുവരാതെ സ്റ്റാമ്പിനു ചുററും കാൽ ഇഞ്ചു വീതിയിൽ വെട്ടിയെടുക്കുക. അയച്ചുതരുവാനുള്ള അവസാന തീയതി 18-1-58. അയക്കേണ്ട മേൽവിലാസം:—

Rev. Fr G. V. I. Sama S. J;
St. Mary's High School
P. B. No. 69.
Madurai (S. India)

## റോമിലെ സന്യാസിനീമന്ദിരങ്ങൾ

റോമിൽ സന്യാസിനികൾക്കായുള്ള 447 സഭകളും, അവയിൽ 15 997 അംഗങ്ങളുമുണ്ടു്. ആകെയുള്ള 734 മന്ദിരങ്ങളിൽ 25 എണ്ണം ആവൃതങ്ങളും (ബാഹ്യലോകവുമായി ബന്ധമില്ലാത്തവ) 709 എണ്ണം സേവനപരമായ കൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടേതുമാണു്. അവയിൽ 105 എണ്ണം പൊതുഭവനങ്ങളും, 52 എണ്ണം പ്രൊവിൻഷ്യൽഭവനങ്ങളും, 90 എണ്ണം നൊവിഷിയേററുകളും, 85 എണ്ണം സന്യാസാർത്ഥിനികളുടെ ഭവനങ്ങളുമാണു്.

## പശ്ചിമജർമ്മനിയിലെ പുതിയ കാബിനററു്


ഡോക്ടർ അഡനോവറിന്റെ പുതിയ കാബിനററിൽ 9 കത്തോലിക്കരും, 9 പ്രോട്ടസ്റ്റന്റുകാരും ഉൾപ്പെടുന്നു. ഇവരിൽ 16 പേരും ഒന്നുകിൽ ക്രിസ്ത്യൻ ഡെമോക്രാററിക്കു് യൂണിയന്റെയോ അല്ലെങ്കിൽ അതിനോടു ബന്ധപ്പെട്ട ബവേറിയസംഘടനയുടേയോ അംഗങ്ങളാണു്. കാബിനററിന്റെ ഘടനയിൽ പഴയ മന്ത്രിസഭയിൽനിന്നും ഗണ്യമായ വ്യതിയാനങ്ങളൊന്നും ഇല്ല

## മെത്രാന്റെ മോതിരം സാധുസംരക്ഷണത്തിനു്

സ്പെയിനിന്റെ പൂർവ്വതീരങ്ങളിൽ അടുത്തകാലത്തുണ്ടായ ഭയാനകമായ വെള്ളപ്പൊക്കംമൂലം അനേകായിരംജനം പട്ടിണിക്കധീനരായിത്തീർന്നു അവർക്കു സംരക്ഷണം നൽകുന്നതിനുള്ള ധനശേഖരാർത്ഥം കഴിഞ്ഞ മാസത്തിൽ നടത്തിയ ഒരു ലേലത്തിൽ വലെൻസീയായിലെ മെത്രാപ്പോലീത്താ മോൺ: ക്ലേച്ചാ തിരുമേനി അവിടുത്തെ കൈവിരലിൽകിടന്ന മോതിരവും നൽകുകയുണ്ടായി. മൂർച്ചിയാക്കാരനായ ഒരാൾ 3 ലക്ഷം പെസേറാ (ഉദ്ദേശം 2250 പവൻ) ക്കു അതു ലേലത്തിൽകൊണ്ടു.

## വത്തിക്കാൻ തൊഴിലാളികൾക്കു കൂലികുറഞ്ഞ കെട്ടിടങ്ങൾ

സെന്റ് പീറേറഴ്സിൽ ജോലിക്കാരും കുറഞ്ഞ ശമ്പളം ലഭിക്കുന്നവരുമായ തൊഴിലാളിക്കുടുംബങ്ങളെ ഉദ്ദേശിച്ചു് വത്തിക്കാന്റെ വകയായി 55 ഭവനങ്ങൾ കഴിഞ്ഞ മാസത്തിൽ പണിതീർത്തു് റോമിൽ സാധാരണയായുള്ള വാടകനിരക്കിന്റെ പകുതി വാടകയ്ക്കു നൽകിയിരിക്കുന്നു. പ്രതിവാരം 8 പവൻ കൂലി ലഭിക്കുന്ന ഒരു തൊഴിലാളിക്കു റോമിൽ പ്രതിമാസം 16 പവൻ വാടകയ്ക്കു വേണ്ടിവരും. സൗകര്യപ്രദമായ ഈ ഭവനങ്ങൾക്കു പ്രതിമാസം 8 പവൻ വാടക മതിയാകും. സെന്റ് പീറേറഴ്സിലെ ജോലിക്കാരായ ഇവർക്കു മുൻപു താമസത്തിനു സെന്റ് പീറേറഴ്സിന്റെ ചില എടുപ്പുകളിൽ താമസിക്കാമായിരുന്നു. കെട്ടിടത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടിയാണു് പിന്നീടു് താമസം അവിടെനിന്നു മാററിയതു്.




ഡിസമ്പർ 3-ാം തീയതി ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെട്ട പൂനാ പേപ്പൽസെമ്മിനാരിയിലെ പ്രധാന വായനശാലാക്കെട്ടിടം




"നശിച്ച ഹങ്കറി, ചത്തയട്ടെ!"
വാഷിംഗ്ടണിലെ "വാഷിംഗ്ടൺ പോസ്റ്റ് ആന്റ് ടൈംസ് ഹെറാൾഡ്" പത്രത്തിനുവേണ്ടി പ്രസിദ്ധ കാർട്ടൂണിസ്റ്റ് ഹെർബ്ലോക്കു് തയാറാക്കിയ ഹാസ്യചിത്രം



അമേരിക്കയിൽ സെന്റ് ലൂയിയിലുള്ള ഹൈസ്കൂൾവിദ്യാർത്ഥികൾക്കു് ഫുട്ട്ബോൾമത്സരങ്ങൾക്കു പരിശീലനം നൽകുന്നു. 30,000 ഹൈസ്കൂൾവിദ്യാർത്ഥികൾ അവിടെ മത്സരങ്ങളിൽ പങ്കെടുക്കുന്നുണ്ടു്



(11-ാംപേജ് തുടർച്ച)

ശരീരത്തോടു യോജിക്കുന്നതിനു മുൻപു് അസ്തിത്വത്തോടുകൂടിയതാണെന്നായിരുന്നു പ്രാചീനഗ്രീക്കതത്വജ്ഞന്മാരുടെ അഭിപ്രായം. പുനർജന്മവിശ്വാസികളായ ഹിന്ദുക്കൾക്കും ഇതേ അഭിപ്രായംതന്നെയാണുള്ളതു്. മുൻ ഒരു ജീവിതത്തിൽ ചെയ്ത പാപങ്ങൾക്കു ശിക്ഷയായി മനുഷ്യശരീരമാകുന്ന പാറാവിൽ അടച്ചിരിക്കുന്ന ഒരു ബന്ദിയാണു് ആത്മാവെന്നുള്ള ഈ വാദത്തെ ഗ്രീക്കു് തത്വജ്ഞാനിയായ അരിസ്റ്റോട്ടൽതന്നെ ശക്തിയായ ഭാഷയിൽ എതിർത്തിട്ടുണ്ടു്. ബുദ്ധിമത്തായ ഒരു ആത്മാവിനു് അതിൻെറ കഴിഞ്ഞകാലത്തെ പ്രവൃത്തികളെപ്പററിയോ അഭിനിവേശങ്ങളെപ്പററിയോ ഓർമ്മയില്ലാതിരിക്കുക, തെററുകൾ തിരുത്തുന്നതിനോ ശിക്ഷയുടെ നീതി മനസ്സിലാക്കുന്നതിനോ സാദ്ധ്യമല്ലാത്തതരത്തിലുള്ള ശിക്ഷ നൽകുക, ഇതൊക്കെ നിരർത്ഥകപ്രലപനങ്ങളായിട്ടാണു് അരിസ്റ്റോട്ടൽ കണക്കാക്കിയതു്. ആത്മാവിൻെറ മുൻഅസ്തിത്വത്തെപ്പററിയുള്ള വാദം നിരർത്ഥകവും ആവിഷ്കൃതസത്യങ്ങൾക്കു വിരുദ്ധവുമാണു്. മനുഷ്യശരീരം രൂപവത്കൃതമാകുന്നതോടുകൂടി അതേവരെ അസ്തിത്വമില്ലാതിരുന്ന ഒരു ആത്മാവിനെ ദൈവം സൃഷ്ടിക്കുകയാണു ചെയ്യുന്നതു്.

176. ചോ: കൽക്കദോനിയാ സൂനഹദോസിലും മററും മാർപ്പാപ്പാക്കു കൂടുതലായ അധികാരമൊന്നും കാണുന്നില്ല. അവിടെവച്ചു റോമിലെ ആർച്ചുബിഷപ്പു് എന്നാണു് മാർപ്പാപ്പായെ സംബോധനചെയ്തിരിക്കുന്നതു്. അന്നു പത്രോസിൻെറ പരമാധികാരത്തെ അവർ അംഗീകരിച്ചിരുന്നെങ്കിൽ മാർപ്പാപ്പായെ സാർവ്വത്രികഇടയനെന്നോ മറേറാ സംബോധനചെയ്യുമായിരുന്നു. ഇതിൽനിന്നെല്ലാം തെളിയുന്നതു പത്രോസിനു മററു ശ്ലീഹന്മാരെക്കാൾ കൂടുതലായ അധികാരമൊന്നുമില്ലെന്നല്ലേ? (പി. ജെ. ബി. കോന്നി)

ഉ: ചോദ്യകർത്താവിനു് ഈ തെററായ വിവരങ്ങളെല്ലാം എവിടെനിന്നു കിട്ടിയോ ആവോ! ഏകസ്വഭാവവാദികളായിരുന്ന ദിയസ്ക്കോറസിനേയും അനുഗാമികളേയും ശപിക്കുന്നതിനായി 451-ൽ കൂടിയ സമ്മേളനമാണു് കൽക്കദോനിയാസൂനഹദോസ്. പാത്രിയർക്കീസുമാരും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായി 630 പിതാക്കന്മാർ ഇതിൽ സംബന്ധിച്ചിരുന്നു. (അവരിൽ 2 പേർ മാത്രമേ പൗരസ്ത്യരല്ലാതുണ്ടായിരുന്നുള്ളു.) ഈ സൂനഹദോസിൽ ആദ്ധ്യക്ഷംവഹിച്ചതു ലെയോപാപ്പായുടെ പ്രതിനിധികളായിരുന്നു. "ശ്ലൈഹികസിംഹാസനത്താൽ നിയുക്തന്മാരായ പസ്കാസിനൂസ്, ലൂക്കൻസിയൂസ് എന്ന മെത്രാന്മാരും, ബൊനിഫാസ്സിസ്, ബസേലിസു് എന്ന പട്ടക്കാരുമായ സഹോദരന്മാരിൽ നിങ്ങളുടെ സൂനഹദോസിൽ നാം ആദ്ധ്യക്ഷം വഹിക്കുന്നുവെന്നു നിങ്ങളുടെ ഔദാര്യം അറിയണം. നമ്മുടെ പ്രതിനിധികളിൽ നിങ്ങളുടെ ഇടയിലായിരിക്കുന്ന നമ്മുടെ സാന്നിദ്ധ്യം നിങ്ങളിൽനിന്നു വേർപെട്ടിരിക്കുന്നതായി നിങ്ങൾ വിചാരിക്കരുതു്" എന്നിങ്ങനെയാണു് പ്രതിനിധികൾവശം സൂനഹദോസിനു കൊടുത്തയച്ച കത്തിൽ മാർപ്പാപ്പാ പ്രസ്താവിച്ചിരുന്നതു്.

സൂനഹദോസിൽ ആദ്ധ്യക്ഷം വഹിക്കുക മാത്രമല്ല പ്രതിനിധികൾ ചെയ്തതു്. ദിയസ്ക്കോറസിനെ ശപിച്ചതും ദിയസ്ക്കോറസ് സൂനഹദോസിൽനിന്നു ഇറങ്ങിപ്പോകുവാൻ ആവശ്യപ്പെട്ടതും അവരായിരുന്നു. സൂനഹദോസ് ആ വിധികളെ സ്വീകരിക്കുകമാത്രമാണു ചെയ്തതു്. തുടന്നു മനുഷ്യാവതാരത്തെപ്പററി മാർപ്പാപ്പാ അയച്ചിരുന്ന ലേഖനം സൂനഹദോസിൽ വായിച്ചു. "പത്രോസ് ലെയോവഴി അരുളിച്ചെയ്തിരിക്കുന്നു" എന്നു വിളിച്ചുപറഞ്ഞു് പിതാക്കന്മാർ ആ രേഖ അംഗീകരിച്ചു. മാർപ്പാപ്പായുടെ പ്രതിനിധികൾ ഇല്ലാതിരുന്നപ്പോൾ സൂനഹദോസിലെ പിതാക്കന്മാർ ഒരു നിശ്ചയം പാസാക്കി. ഇതാണു് 28-ാം കാനോനാ എന്നറിയപ്പെടുന്നതു്. തങ്ങളുടെ അസാന്നിദ്ധ്യത്തിൽ ചെയ്ത ഈ നിശ്ചയത്തെ തങ്ങൾ അനുകൂലിക്കുകയില്ലെന്നു പ്രതിനിധികൾ പറഞ്ഞു. തന്മൂലം ആ നിശ്ചയം അംഗീകരിക്കപ്പെടാതെയും പോയി. ഇതിൽനിന്നു കൽക്കദോനിയാസൂനഹദോസ് മാർപ്പാപ്പാക്കു "കൂടുതലായ" അധികാരം നൽകുന്നില്ലെങ്കിലും മാർപ്പാപ്പായുടെ പരമാധികാരത്തെ അംഗീകരിക്കുന്നുണ്ടെന്നു സ്പഷ്ടമാണല്ലോ.

കുറഞ്ഞ പലിശയ്ക്കു്
പണ്ടുപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്കു് ഓഫു്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്.

28-ാം കാനോനായെപ്പററി നാം അല്പംകൂടി മനസ്സിലാക്കേണ്ടതുണ്ടു്. അതിങ്ങനെയാണു്: "കാനോനകൾപ്രകാരം പരമാധികാരവും ഏററം കൂടുതൽ ബഹുമാനവും റോമായിലെ അതിവിശുദ്ധനായ അതിമെത്രാനു സ്വന്തമായിരിക്കണമെന്നു എല്ലാത്തിലും മുൻപായി ഞങ്ങൾ നിർണ്ണയിക്കുന്നു. പുതിയ റോമാ ആയ കുസ്തന്തിനോപ്പോലിസിലെ അതിവിശുദ്ധനായ അതിമെത്രാനു ബഹുമാനത്തിൽ അതേ പ്രത്യേകതകളും, ഏഷ്യാ, പൊന്തൂസ്, ത്രാക്കിയാ എന്ന സ്ഥലങ്ങളിലെ മെത്രാപ്പോലീത്താമാരെ അഭിഷേകം ചെയ്യുവാനുള്ള ഔദ്യോഗികാധികാരവും ഉണ്ടായിരിക്കണമെന്നും ഞങ്ങൾ നിർണ്ണയിക്കുന്നു" (East & West in the Unity of Christ pp. 21-23) ഇതിൽ റോമയിലെ ആർച്ചുബിഷപ്പിൻെറ പരമാധികാരം പിതാക്കന്മാർ എത്ര വ്യക്തമായ ഭാഷയിൽ ഏററുപറഞ്ഞിരിക്കുന്നു! എന്നിട്ടും മാർപ്പാപ്പായുടെ പ്രതിനിധികൾ ഈ കാനോനായെ അംഗീകരിച്ചില്ല.

ഉടനെ സൂനഹദോസിലെ പിതാക്കന്മാർ മാർപ്പാപ്പാക്കു ഇങ്ങനെ എഴുതി: "അങ്ങു ഞങ്ങളുടെ ശിരസ്സാണു്. ഞങ്ങൾ അംഗങ്ങളും ആകുന്നു. അങ്ങയുടെ പ്രതിനിധികളിൽ അങ്ങു ഞങ്ങളുടെ നായകനാകുന്നു .. ഞങ്ങൾ നിർമ്മിച്ച കാനോനാ സ്വീകരിച്ചുകൊണ്ടു് അങ്ങയുടെ പരിപാലനം മുന്തിരിത്തോട്ടത്തിൻെറ ഈ ഭാഗത്തേക്കും തിരിക്കണമെ." (Ibid) ചക്രവർത്തിയും ഇങ്ങനെതന്നെ അപേക്ഷിച്ചു. കുസ്തന്തിനോപ്പോലിസ് മെത്രാപ്പോലീത്താക്കു ചില വിശേഷാവകാശങ്ങൾ പ്രദാനംചെയ്യുന്ന ഈ കാനോനായെ മാർപ്പാപ്പാ അംഗീകരിച്ചില്ല. ഇതറിഞ്ഞയുടനെ കുസ്തന്തിനോപ്പോലിസിലെ മെത്രാൻ മാർപ്പാപ്പാക്കു എഴുതി: "എന്നിൽ യാതൊരു കുററവുമില്ലെന്നു അങ്ങയുടെ പരിശുദ്ധത അറിഞ്ഞാലും ...അവിവേകതയും അന്യരുടെ വസ്തുവിന്മേലുള്ള ആഗ്രഹവും എനിക്ക വേണ്ടെന്നുവച്ചിരുന്നതിനാൽ ആ കാര്യത്തിൽ എന്നാൽ യാതൊന്നും ചെയ്യപ്പെട്ടിട്ടില്ലെന്നു് അങ്ങയുടെ പരിശുദ്ധത വേണ്ടവണ്ണം ഗ്രഹിക്കണമെ" (Inter. Ep deonis m. 132)

നോക്കണേ, കൽക്കദോനിയായിൽ സമ്മേളിച്ച 628 പിതാക്കന്മാർകൂടി കുസ്തന്തിനോപ്പോലിസിലെ മെത്രാനു ഒരു പ്രത്യേകാവകാശം നൽകുന്നു. അവരും ചക്രവർത്തിയും അപേക്ഷിച്ചിട്ടും മാർപ്പാപ്പാ അതു അംഗീകരിക്കുന്നില്ല. മാർപ്പാപ്പാ അംഗീകരിക്കുന്നില്ലെന്നു കണ്ടപ്പോൾ തനിക്കു അങ്ങനെയൊരു അവകാശമേ വേണ്ടെന്നു കുസ്തന്തിനോപ്പോലിസു മെത്രാൻ. കൽക്കദോനിയാസൂനഹദോസിൽ മാർപ്പാപ്പായുടെ പരമാധികാരം അംഗീകരിക്കപ്പെട്ടില്ലെന്നു സുബുദ്ധിയുള്ളവർക്കു എങ്ങനെ പറയുവാൻ കഴിയും? കൽക്കദോനിയായിലെ പിതാക്കന്മാർ ഏകകണ്ഠമായി ഏതെങ്കിലും ഒരു കാര്യം സമ്മതിച്ചിട്ടുണ്ടെങ്കിൽ അതു പത്രോസിൻെറ പരമാധികാരമാണു്.

എന്നാൽ ചോദ്യകർത്താവിനെ വിഷമിപ്പിക്കുന്ന സംഗതി മാർപ്പാപ്പായെ "സാർവ്വത്രികഇടയൻ" എന്നു പറയാതെ "റോമിലെ ആർച്ചുബിഷോപ്പു്" എന്നു സംബോധനചെയ്തിരിക്കുന്നുവെന്നതാണു്. അതിൽ അദ്ദേഹം വിഷമിക്കേണ്ട. മാർപ്പാപ്പാ റോമിലെ ആർച്ചു ബിഷോപ്പുതന്നെയാണു്. എന്നു മാത്രമല്ല റോമിലെ ആർച്ചുബിഷോപ്പായതുകൊണ്ടാണു് അദ്ദേഹം മാർപ്പാപ്പാ ആയതു്. എറണാകുളം മെത്രാപ്പോലീത്താതിരുമേനിയെ ആ സ്ഥാനത്തേക്കു നിയമിച്ചുകൊണ്ടുള്ള പേപ്പൽ ബൂളാ കഴിഞ്ഞകൊല്ലം സത്യദീപത്തിൽ പ്രസിദ്ധംചെയ്തിരുന്നല്ലോ. അതു് ആരംഭിക്കുന്നതിങ്ങനെയാണു്: "ദൈവത്തിൻെറ ദാസന്മാരുടെ ദാസനും റോമായുടെ മെത്രാനുമായ പന്ത്രണ്ടാം പീയൂസ്." പരമാധികാരഫലമായ ആ ബൂളായിൽ, "റോമായുടെ മെത്രാൻ" എന്നു തന്നെക്കുറിച്ചു പ്രസ്താവിച്ചതുകൊണ്ടു് മാർപ്പാപ്പാക്കു പരമാധികാരമില്ലെന്നു ആരും ശഠിക്കുകയില്ലല്ലോ.


# മനുഷ്യൻെറ പുരോഗതി

(ഏ. സി ചാക്കോ, അരയത്തിനാൽ)

ഒരിക്കൽ ഒരദ്ധ്യാപകൻ ഏതാനും വിദ്യാർത്ഥികളെക്കൊണ്ടു് ഒരുപന്യാസമെഴുതിച്ചു. മനുഷ്യൻെറ പുരോഗതി എന്നതായിരുന്നു ഉപന്യാസവിഷയം. മനുഷ്യൻെറ കഴിവിനെപ്പററി, ശാസ്ത്രീയകണ്ടുപിടുത്തങ്ങളെപ്പററി തങ്ങളുടെ അറിവിൻെറ പരമാവധി പ്രയോഗിച്ചു് അവർ ഉപന്യാസം തയാറാക്കി. തൻെറ ഉപന്യാസം ഗുരുനാഥൻെറ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമാവും എന്നു് ഓരോരുത്തരും കരുതി. ഉപന്യാസങ്ങളെല്ലാം വായിച്ചു മാർക്കിട്ടതിനുശേഷം ആ അദ്ധ്യാപകൻ ഇപ്രകാരം പറഞ്ഞു: "നിങ്ങൾ മനുഷ്യനെ ഭാഗികമായിട്ടേ ദർശിക്കുന്നുള്ളു. മനുഷ്യപുരോഗതിയെപ്പററി ചിന്തിച്ചപ്പോൾ സർവ്വപ്രധാനമായ ആത്മീയവശത്തെ വിസ്മരിച്ചുകളഞ്ഞു" എന്നു്. അപ്പോൾ മാത്രമാണു തങ്ങൾ കാണിച്ച ബുദ്ധിശൂന്യത അവർ മനസ്സിലാക്കിയതു്. ആ വിദ്യാർത്ഥികൾക്കു പററിയ അമളി നമുക്കും പററിയിട്ടില്ലേ?

യഥാർത്ഥമായ പുരോഗമനം മനുഷ്യവംശത്തിനു കൈവന്നിട്ടുണ്ടോ? പുരോഗതിയിൽനിന്നു് പുരോഗതിയിലേക്കു മാനവവംശം കുതിച്ചു കയറിക്കൊണ്ടിരിക്കുന്ന ഈ ഇരുപതാംനൂററാണ്ടിൽ ഈ മാതിരി ഒരു ചോദ്യം ഒരു വിരോധാഭാസമായിത്തോന്നാം പലർക്കും. എന്നാൽ ശാന്തമായി നിർവ്വികാരമായി ഈ പ്രശ്നത്തെപ്പററി നാം കൂലങ്കഷമായി ചിന്തിച്ചുനോക്കണം. അതിനു മുമ്പായി ചില വസ്തുത നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രപഞ്ചസൃഷ്ടികളിൽ പരമോന്നതനായ മനുഷ്യനു് രണ്ടു വശങ്ങളുണ്ടു്. ഒന്നു് നശ്വരമായ ഒരു ഭൗതികവശം. രണ്ടു് അനശ്വരമായ ഒരാദ്ധ്യാത്മികവശം; ഈ വീക്ഷണകോണത്തിലൂടെ മനുഷ്യപുരോഗതിയെ ദർശിച്ചു്, വിധിയെഴുതണം.

മനുഷ്യൻെറ നേട്ടങ്ങളിലും നവംനവങ്ങളായ ശാസ്ത്രീയകണ്ടുപിടുത്തങ്ങളിലും അഭിമാനംകൊള്ളുന്നവരാണല്ലോ നാമെല്ലാം. നോക്കണം സയൻസിൻെറനേട്ടങ്ങൾ. അഭേദ്യമെന്നു കരുതിയിരുന്ന പരമാണുവിനെപ്പോലും മനുഷ്യൻ കീഴടക്കി കഴിഞ്ഞിരിക്കുകയാണു്. വിദൂരതയിൽ നടന്നുകൊണ്ടിരിക്കുന്ന രംഗങ്ങൾ സ്വവസതിയിലിരുന്നു കാണുകയും, അതോടൊപ്പംതന്നെ കേൾക്കുകയും ചെയ്യുന്നു; സമുദ്രാന്തർഭാഗങ്ങളിലൂടെ കപ്പലോടിക്കുന്നു; ആകാശത്തിലൂടെ സൈ്വരവിഹാരം നട




For Favours Received
A. T. Mathew, Azhakath
Tabora, T. T.
Br. E. Africa

ത്തുന്നു; അപ്രതിരോധ്യങ്ങളെന്നു കരുതിയിരുന്ന മഹാരോഗങ്ങൾക്കു്—പകർച്ചവ്യാധികൾക്കു്—നിഷ്പ്രയാസം പ്രതിരോധനിരതീർക്കുന്നു; ലോകത്തെ മുഴുവൻ ചുട്ടുചാമ്പലാക്കാൻ കഴിവുള്ള നശീകരണായുധങ്ങൾ നിർമ്മിച്ചിരിക്കുന്നു; കോടാനുകോടി മൈലുകൾക്കപ്പുറത്തു സ്ഥിതിചെയ്യുന്ന ഗോളങ്ങളെ സൂക്ഷ്മനിരീക്ഷണം നടത്തുന്നു; ഗ്രഹങ്ങളെ കീഴടക്കാൻ തയ്യാറെടുക്കുന്നു മനുഷ്യൻെറ കഴിവുകൾ സയൻസിൻെറ കണ്ടുപിടുത്തങ്ങൾ, വിസ്മയാവഹംതന്നെ. സാമ്പത്തികമായും രാഷ്ട്രീയമായും സാങ്കേതികമായും ജീവിതത്തിൻെറ മറെറല്ലാ തുറകളിലും മനുഷ്യൻ വളരെയേറെ പുരോഗതിയെ പ്രാപിച്ചിട്ടുണ്ടു്. പ്രാപിച്ചുകൊണ്ടിരിക്കുന്നു എന്നു തലകുലുക്കി സമ്മതിക്കുകതന്നെവേണം. ഇതുകൊണ്ടുമാത്രം മനുഷ്യൻ പുരോഗമിച്ചു എന്നു പറയുവാൻ കഴിയുമോ? ബാഹ്യമായ ഭൗതികമായ പുരോഗതി മാത്രമേ ആയിട്ടുള്ളു.

ആദ്ധ്യാത്മികരംഗത്തു് മനുഷ്യൻ എത്രമാത്രം പുരോഗമിച്ചു എന്നുകൂടി നാം ചിന്തിച്ചുനോക്കണം. മനുഷ്യൻ പുരോഗമിച്ചു. പരിഷ്കാരത്തിൻെറ അത്യുച്ചകോടിയിലെത്തിയിരിക്കുന്നു എന്നൊക്കെ അഭിമാനത്തോടുകൂടി പറയാറുണ്ടു്. എന്നാൽ ഈ വൻപിച്ച പുരോഗതി ഏതുവഴിക്കാണു്, എങ്ങോട്ടു നയിക്കുന്നു, ഇതു യഥാർത്ഥ പുരോഗതിയാണോ എന്നൊന്നും ചിന്തിക്കാറുമില്ല. മനുഷ്യൻെറ ജീവിതസൗകര്യങ്ങൾ അഭിവൃദ്ധിപ്പെട്ടു എന്നുള്ളതിൽ രണ്ടുപക്ഷമില്ല. പക്ഷേ ആദ്ധ്യാത്മികരംഗം ശൂന്യാൽശൂന്യം. ആത്മീയമായി ഉയരത്തിടത്തോളംകാലം മനുഷ്യൻ പുരോഗമിച്ചു എന്നു പറയാൻ നിർവ്വാഹമില്ല കാരണം ആദ്ധ്യാത്മീ പുരോഗമനമാണു സർവ്വപ്രധാനം. മനുഷ്യൻെറ ബാഹ്യപ്രവർത്തനങ്ങളെ, ലൗകികജീവിതത്തെ ആദ്ധ്യാത്മികപ്രഭാവമാണു കടിഞ്ഞാണിട്ടു നിയന്ത്രിക്കേണ്ടതു്.

ആദ്ധ്യാത്മികമായി മനുഷ്യൻ ഉയന്നിട്ടില്ലെന്നു മാത്രമല്ല, അധഃപതിച്ചുകൊണ്ടാണിരിക്കുന്നതു്. ലോകത്തിൻെറ ഗതിവിഗതികളെ സൂക്ഷ്മാവലോകനം ചെയ്താൽ ഈ വസ്തുത പ്രസ്പഷ്ടമാകുന്നതാണു്. മനുഷ്യൻ ആദ്ധ്യാത്മികപാപ്പരത്വം അനുഭവിക്കുന്ന ഒരു കാലഘട്ടമാണിതു്. ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും. വിപ്ലവങ്ങളും, കൂട്ടക്കൊലകളും, കൊള്ളയും കൊള്ളിവയ്പും ആദ്ധ്യാത്മികപ്രഭാവത്തിൻെറ അഭാവത്തെയല്ലയോ വിളിച്ചറിയിക്കുന്നതു്. അധികാരമോഹത്താലും, സ്വാർത്ഥതയാലും, ജഡികസുഖേച്ഛകളാലും ലോകത്തിൻെറ മുഖം വികൃതമായിക്കൊണ്ടിരിക്കുകയാണു്. തൻെറ കഴിവിൽ അഭിമാനംപൂണ്ടു് ഗർവ്വോടുകൂടി തലയുയർത്തിപ്പിടിച്ചിരിക്കുന്ന മനുഷ്യൻ അവനിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ലജ്ജിച്ചു ശിരസ്സു താഴ്ത്തിപ്പോകുന്നില്ലേ? നോക്കണം, പുരോഗമിച്ച മനുഷ്യനെ. പരിഷ്കാരത്തിൻെറ കൊടുമുടിയിൽ വിഹരിക്കുന്നുവെന്നഭിമാനിക്കുന്ന മനുഷ്യനെ—ആററത്തെപ്പോലും തകർത്തു തരിപ്പണമാക്കിയ മനുഷ്യനെ—ദൈവത്തെപ്പോലും കീഴടക്കാൻ വെമ്പൽകൊള്ളുന്ന ആധുനികമനുഷ്യനെ ഇന്നും ഭരിക്കുന്നതു് യുഗയുഗാന്തരങ്ങൾക്കപ്പുറത്തു് അവൻെറ പിതാമഹന്മാരിൽ കുടികൊണ്ടിരുന്ന കാടത്വമല്ലേ? മൃഗീയത്വമല്ലേ? മനുഷ്യനു് അവനെ കീഴടക്കിഭരിക്കാൻ—സ്വാർത്ഥതയേയും, അധികാരപ്രമത്തതയേയും, വിഷയാസക്തിയേയും ഹൃദയത്തിൻെറ ഉള്ളറകളിൽനിന്നു പിഴുതെറിയാൻ കഴിയുന്നില്ല. സംസ്കാരസമ്പന്നനെന്നവകാശപ്പെടുന്ന മനുഷ്യൻ സർവ്വസംഹാരിയായ ആററംബോംബും കൈയിൽ പിടിച്ചുകൊണ്ടു് അന്യോന്യം കൊലവിളി നടത്തുകയല്ലേ ചെയ്യുന്നതു്? വിപ്ലവങ്ങളും, രക്തക്കളവും സൃഷ്ടിക്കാൻ മനുഷ്യനു തെല്ലും സങ്കോചമില്ല. സ്വാർത്ഥതയെക്കരുതി— ലോകസുഖത്തിനുവേണ്ടി— അധികാരലാഭത്തിനുവേണ്ടി—ഏതു കാപട്യവും, വഞ്ചനയും പ്രയോഗിക്കാൻ മനുഷ്യൻ മടിക്കുന്നില്ല. നോക്കണം ആധുനികമനുഷ്യൻെറ ആദ്ധ്യാത്മികപാപ്പരത്വം. നാം നമ്മോടുതന്നെയൊന്നു ചോദിച്ചുനോക്കൂ, മാനസികമായി, ആന്തരികമായി, ആത്മീയമായി എത്രമാത്രം വികസിച്ചിട്ടുണ്ടെന്നു്? എന്താണതരം? മനുഷ്യത്വത്തെ കവച്ചുവയ്ക്കുന്ന മൃഗീയത്വമല്ലേ നമ്മിൽ കുടികൊള്ളുന്നതു്?

വാസ്തവത്തിൽ മനുഷ്യനെ മനുഷ്യനാക്കിത്തീക്കുന്നതു് അവനിൽ സ്ഥിതിചെയ്യുന്ന ആദ്ധ്യാത്മികചൈതന്യമാണു്. ആന്തരികോന്നമനമാണിന്നാവശ്യം. ആന്തരികമായി ഉയരുന്നില്ലെങ്കിൽ ലോകപ്രശ്നങ്ങൾ പരിഹൃതമാ

# സലാമ റമ്പാന്റെ അപവാദവ്യവസായം

(ഫാദർ തോമസ്സ് വടശ്ശേരി, എൽ. ഡി.)

(തുടർച്ച)

## 4. ഇരിക്കും കമ്പു വെട്ടുന്നു

കത്തോലിക്കാസഭയുടെ ഉപദേശാചാരങ്ങൾ അബദ്ധമാണെന്നു സ്ഥാപിക്കുവാനുള്ള ആവേശത്താൽ മതിമറന്നു് യാക്കോബായസഭ വിശ്വസിക്കുന്നതും, ഔദ്യോഗികമായി പഠിപ്പിച്ചുവരുന്നതുമായ പലസംഗതികളെയും ഈ പുസ്തകത്തിൽ റമ്പാച്ചൻ നിഷേധിക്കുന്നുണ്ടു്. ഇരിക്കുന്ന കമ്പു് സ്വയമായി വെട്ടുന്നതുപോലെ വിവേകരാഹിത്യത്തെയും ഭോഷത്വത്തെയും കാണിക്കുന്ന ഒരു ലക്ഷണമാണു് ഇതു്. റമ്പാച്ചൻ നിഷേധിക്കുന്ന ചില കാര്യങ്ങളെ ഉദാഹരണത്തിനു ചൂണ്ടിക്കാണിക്കാം.

(1) ഹൂദായ കാനോനിലെ നിക്യാ കാനോൻ

13-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ബർ എബ്രായ എന്ന യാക്കോബായ പണ്ഡിതൻ പുരാതന കൈയെഴുത്തു പ്രതികളിൽ നിന്നും ക്രോഡീകരിച്ചിട്ടുള്ള "ഹൂദായ കാനോൻ" എന്ന പുസ്തകം യാക്കോബായസഭയുടെ ഔദ്യോഗികമായ സഭാനിയമഗ്രന്ഥമാണു്. മിക്കവാറും കൈയെഴുത്തു പ്രതികളിൽ കിടന്നിരുന്ന ഈ "ഹൂദായ കാനോൻ" പോൾ ബെഡ്ജാൻ എന്നൊരു കത്തോലിക്ക പണ്ഡിതനാൽ 1898-ൽ പാരീസ് പട്ടണത്തിൽ മുദ്രണം ചെയ്യപ്പെട്ടു. ബർ എബ്രായയുടെ ഈ കാനോനാണു വിദേശത്തും കേരളത്തിലുമുള്ള യാക്കോബായ സഭയിൽ ഉപയോഗിച്ചുവരുന്നതു്. കോടതി ഭാഷയിൽ "എ അക്കം" എന്ന പേരിൽ ഈ കാനോൻ കേരളത്തിൽ അറിയപ്പെട്ടുവരുന്നു.

ഹൂദായകാനോനിൽ അപ്പസ്തോലന്മാരുടെയും പുരാതന പിതാക്കന്മാരുടെയും കാലംതുടങ്ങിയുള്ള പല സഭാനിയമങ്ങളെയും നടപടികളെയും മാത്രമല്ല, നിക്യാ, കോൺസ്റ്റാന്റിനോപ്പിൾ, എഫേസൂസ് ആദിയായ പൊതുസൂനഹദോസുകളുടെയും, അന്ത്യോക്യാ, അങ്കോറാ, ലാവോദിക്യാ മുതലായ പ്രാദേശികസൂനഹദോസുകളുടെയും പല നിശ്ചയങ്ങളെയും അഭിപ്രായങ്ങളെയും ഉദ്ധരിച്ചിട്ടുണ്ടു്. ആചാര്യത്വത്തെപ്പററി പറയുകയിൽ നിക്യാ സൂനഹദോസിന്റേതായി താഴെക്കാണുന്ന കാനോൻ (നിശ്ചയം) ഹൂദായ കാനോനിൽ ഉദ്ധരിച്ചിരിക്കുന്നു:

"നിക്യാ:-ലോകത്തിലെ നാലുദിക്കുകളുടെ സംഖ്യയനുസരിച്ച് പാത്രിയർക്കീസന്മാർ നാലുപേരുണ്ടായിരിക്കണം. എല്ലാവരുടെയും പ്രധാന തലവൻ റോമായിലെ പാത്രിയർക്കീസും അദ്ദേഹത്തിന്റെകൂടെ അലക്സാന്ത്രിയായിലെ പാത്രിയർക്കീസും അദ്ദേഹത്തിന്റെകൂടെ എപ്പേസോസിൽനിന്നു പാത്രിയർക്കാസ്ഥാനം അങ്ങോട്ടു മാററപ്പെടുകയും പുതിയ റോമ്മാ എന്നു നാമകരണംചെയ്യപ്പെടുകയും ചെയ്തിട്ടുള്ള കുസ്തന്തിനോപോലീസിലെ പാത്രിയർക്കീസും, അദ്ദേഹത്തിന്റെകൂടെ പൗരസ്ത്യദേശം മുഴുവനിലും അധികാരമുള്ള അന്ത്യോക്യായിലെ പാത്രിയർക്കീസും ആയിരിക്കണം." (ഹൂദായ കാനോൻ, 7, 1)

വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ എഴുതിയ ഗ്രന്ഥത്തിൽ ഈ കാനോൻ ഉദ്ധരിച്ചു റോമാ മാർപ്പാപ്പാ എല്ലാ പാത്രിയർക്കീസുമാരുടെയും തലവനാണെന്നു സ്ഥാപിച്ചിട്ടുണ്ടു് (പുറം 10-11). സലാമറമ്പാൻ തന്റെ ഗ്രന്ഥത്തിൽ ഇതിനു പറയുന്ന മറുപടി വാദിയെ പ്രതിയാക്കുന്ന തരത്തിലാണു്. "ഈ കാനോൻ വ്യാജമാണു്. റോമാസഭ കൃത്രിമമായി ഉണ്ടാക്കിയതാണു്. നിഖ്യായുടെ നാമധേയം വ്യാജമായി അതിനു കൊടുക്കുകയും ചെയ്തു. നിഖ്യായിൽ ആകെ ഇരുപതു കാനോൻ മാത്രമേ ഉണ്ടായിരുന്നുള്ളു" എന്നത്രേ റമ്പാച്ചൻ എഴുതിയിരിക്കുന്നതു് (പുറം 14)

കത്തോലിക്കാസഭയിൽ ഹൂദായ കാനോനോ, നിക്യാസൂനഹദോസിന്റേതായി ഇങ്ങനെയൊരു കാനോനായോ (നിശ്ചയമോ) ഇല്ല. നിക്യാസൂനഹദോസിന്റേതായി ഇരുപതു കാനോനാകളെയാണു കത്തോലിക്കാസഭ സ്വീകരിക്കുന്നതു്. എന്നാൽ യാക്കോബായസഭ ഈ ഇരുപതു കാനോനാകളെ മാത്രമല്ല, മററു കാനോനാകളെയും നിക്യാസൂനഹദോസിന്റേതായി സ്വീകരിക്കുന്നുണ്ടു്. അതിൽ ഒന്നാണു പാത്രിയർക്കീസുമാരെപ്പററി പറയുന്ന പ്രസ്തുത കാനോനാ. ഇതു നിക്യാസൂനഹദോസിന്റെ നിശ്ചയമായി യാക്കോബായക്കാർ പരിഗണിക്കുന്നതുകൊണ്ടാണു് "നിക്യാ" എന്ന തലവാചകത്തോടുകൂടി ഹൂദായകാനോനിൽ ഇതു ബർ എബ്രായ എന്ന യാക്കോബായ പണ്ഡിതൻ ഉദ്ധരിക്കുന്നതു്. എന്നിട്ടും സലാമ റമ്പാൻ പറയുന്നു, ഈ കാനോൻ വ്യാജമാണെന്നും, കത്തോലിക്കർ കൃത്രിമമായി ഉണ്ടാക്കി നിക്യായുടെ നാമധേയം വ്യാജമായി അതിനു നൽകിയെന്നും! ഏതു കാര്യത്തിനും തെളിവൊന്നും നൽകാതെ കത്തോലിക്കരെ കള്ളന്മാരാക്കുകയാണു റമ്പാച്ചന്റെ പണി.

വി. പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയായി റോമാ സിംഹാസനത്തിൽ വാണ വി. ക്ലീമ്മീസ് (ഭരണകാലം 91-100) കൊറിന്ത്യാസഭയ്ക്കു അയച്ച രണ്ടു ലേഖനങ്ങളെ യാക്കോബായസഭ പുതിയ നിയമത്തിലെ വിശുദ്ധ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തുന്നു (ഹൂദായകാനോൻ 7, 9; വട്ടശ്ശേരി തിരുമേനി എഴുതിയ മതോപദേശസാരങ്ങൾ, 33-ാം സംഗതി). എന്നാൽ കത്തോലിക്കാസഭ ഇവയെ മററു മാർപ്പാപ്പാമാരുടെ ലേഖനങ്ങളെ എന്നപോലെ പരിഗണിക്കുന്നതല്ലാതെ വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. യാക്കോബായക്കാർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന "തക്സാ"യിൽ (കുർബാനപുസ്തകത്തിൽ) മാർ സിക്സ്റ്റസ് (119-127), മാർ ജൂലിയോസ് (337-352) എന്നീ മാർപ്പാപ്പാമാരുടെ നാമത്തിൽ കുർബാനക്രമങ്ങളുണ്ടു്. കൂടാതെ വി. യാക്കോബ്, വി. പത്രോസ്, വി. യോഹന്നാൻ, പന്ത്രണ്ടു ശ്ലീഹന്മാർ ആദിയായവരുടെ നാമത്തിലും കുർബാനക്രമങ്ങളുണ്ടു്. ഇങ്ങനെ കത്തോലിക്കാസഭയിൽ ഇല്ലാത്ത പല വേദഗ്രന്ഥങ്ങളും കുർബാനക്രമങ്ങളും യാക്കോബായസഭയിൽ ഉള്ളതുപോലെ നിക്യാസൂനഹദോസിന്റെ ചില നിയമങ്ങളും യാക്കോബായസഭയിലുണ്ടു്. കുർബാനക്രമങ്ങളിലെ പ്രധാനപ്പെട്ട ആശയങ്ങൾ സാരാംശപ്രകാരം ശ്ലീഹന്മാരുടെ കാലംതുടങ്ങി സഭയിൽ ഉണ്ടായിരുന്നതായി വിശ്വസിക്കാമെങ്കിലും ഇന്നു കാണുന്നതരത്തിൽ പൂർണ്ണമായവിധം അവ ശ്ലീഹന്മാരുടെകാലത്തു ഇല്ലായിരുന്നെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇതുപോലെ പാത്രിയർക്കീസുമാരെ സംബന്ധിച്ചും മററും പറയുന്നതും, നിക്യാസൂനഹദോസിന്റെപേരിൽ യാക്കോബായക്കാർ സ്വീകരിക്കുന്നതുമായ കാനോനാകൾ ആ സൂനഹദോസിന്റെ ഇരുപതു കാനോനാകളിൽ ഉൾപ്പെടുന്നില്ലെങ്കിലും — നിക്യാസൂനഹദോസിന്റെ കാലംകഴിഞ്ഞാണു് അവ ഇന്നത്തെ സ്ഥിതിയിൽ ക്രോഡീകരിക്കപ്പെട്ടതെങ്കിലും —അവയിൽ അടങ്ങിയിരിക്കുന്ന ആശയം സാരാംശപ്രകാരം നിക്യാസൂനഹദോസിനു മുമ്പുതന്നെ, അതായതു് ശ്ലീഹന്മാരുടെ കാലംതുടങ്ങിത്തന്നെ സഭയിൽ ഉണ്ടായിരുന്നതാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അന്നു മാർപ്പാപ്പാ, പാത്രിയർക്കീസ് ആദിയായ ബഹുമാനസൂചകമായ പ്രത്യേകപേരുകൾ മേല്പട്ടക്കാർക്കു ഇല്ലായിരുന്നെങ്കിലും റോമായിലെ മെത്രാൻ വി. പത്രോസിന്റെ യഥാർത്ഥപിൻഗാമിയാണെന്നും, ആ നിലയിൽ എല്ലാം വൈദികാദ്ധ്യക്ഷന്മാരുടേയും തലവനാണെന്നുമുള്ള വിശ്വാസം സഭയിൽ ഉണ്ടായിരുന്നു. ഇക്കാര്യമാണു് നിക്യാസൂനഹദോസിന്റേതായി യാക്കോബായക്കാർ സ്വീകരിക്കുന്നതും, ബർ എബ്രായ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നതുമായ കാനോൻ പ്രസ്പഷ്ടമാക്കുന്നതു്. ഇതു കത്തോലിക്കരുടെ കൃത്രിമകാനോനാണെന്നു സലാമറമ്പാൻ പറയുന്നതു സഭാദ്ധ്യക്ഷനായ റോമാമാർപ്പാപ്പായിൽനിന്നു വേർപെട്ടുള്ള യാക്കോബായസഭയുടെ നിയമവിരുദ്ധമായ നിലയെ സാധൂകരിക്കുവാൻ യാതൊരു ന്യായവും പറയുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു്.

2) അറബി കാനോനാകൾ

നിക്യാസൂനഹദോസിന്റെ ഇരുപതു കാനോനാകളെ കൂടാതെ "അറബികാനോനാകൾ" എന്ന പേരിൽ അറിയപ്പെടുന്ന 84 കാനോനാകളേയും നിക്യാസൂനഹദോസിന്റേതായി നെസ്തോറിയൻ, യാക്കോബായ, ഗ്രീക്കു ആദിയായ എല്ലാ പൗരസ്ത്യസഭക്കാരും സ്വീകരിക്കുന്നുണ്ടു. ഈ കാനോനാകളെപ്പററി സലാമറമ്പാൻ ഇപ്രകാരം പ്രസ്താവിക്കുന്നു: "നിഖ്യായ്ക്കുതായി 20 കാനോനാകൾ മാത്രമേയുള്ളു. എന്നാൽ റോമാസഭയ്ക്കു നിഖ്യായിലേതായി 84 കാനോനാകളുണ്ടു്. അവ "അറബികാനോൻ" എന്ന പേരിൽ അറിയപ്പെടുന്നു...ഈ അറബി കാനോൻ വ്യാജമാണു്." (പുറം 14, 16) ഇവിടേയും റമ്പാച്ചൻ വാദിയെ പ്രതിയാക്കുന്ന വിദ്യയാണു എടുത്തിരിക്കുന്നതു്. മുകളിൽ പ്രസ്താവിച്ചതുപോലെ കത്തോലിക്കാസഭ നിക്യാസൂനഹദോസിന്റേതായി 20 കാനോനാകളേ സ്വീകരിക്കുന്നുള്ളു. കത്തോലിക്കാസഭയിൽ അറബികാനോനാകളേ ഇല്ല. യാക്കോബായക്കാരുടെ നിയമഗ്രന്ഥമായ ഹൂദായകാനോനിൽ നിക്യായിലെ 81-ാം കാനോനാ ഉദ്ധരിച്ചുകൊണ്ടു് അറബികാനോനാകളെപ്പററി പൊതുവെ പറയുന്ന ഭാഗം കേട്ടാലും: "നിഖ്യാ 81:- ദയറാക്കാർ (സന്യാസിമാർ) തലമുടി വളത്തരുതു്; റോമം കിരീടംപോലെ നിറുത്താതെ തല മുഴുവനും മുണ്ഡനം ചെയ്യണം. സ്വർണ്ണമോ, വെള്ളിയോ, മററു വല്ലതുമോ കൊണ്ടുള്ള മോതിരങ്ങൾ വിരലിൽ ധരിക്കരുതു. ഇതു നിഖ്യാസൂനഹദോസിലെ രണ്ടാംപുസ്തകത്തിൽനിന്നാകുന്നു. അതിൽ യൗനായക്കാരുടേതും സുറിയാനിക്കാരുടേതുമായി 84 കാനോനാകളുണ്ടു്" (ഹൂദായകാനോൻ 7, 10). ഈ 84 കാനോനാകളാണു് അറബികാനോനാകൾ എന്ന പേരിൽ അറിയപ്പെടുന്നതു്. അവയിൽ 81-ാം കാനോനാണു് ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു് ഈ 84 കാനോനാകൾ യൗനായക്കാരുടേയും സുറിയാനിക്കാരുടേയും കാനോനാകളാണെന്നു ഇവിടെ പറയുന്നതിനാൽ യൗനായ (ഗ്രീക്കു), നെസ്തോറിയൻ, യാക്കോബായ, ഈഗുപ്തായ, അബിസ്സീനിയൻ, അർമ്മേനിയൻ എന്നീ അകത്തോലിക്കാപൗരസ്ത്യസഭക്കാരുടെയെല്ലാം കാനോനാകളാണു്. ഈ സഭക്കാരുടെയെല്ലാം നിയമഗ്രന്ഥങ്ങളിൽ ഈ കാനോനാകളുണ്ടു്. വാസ്തവം ഇങ്ങനെയിരിക്കെ സലാമറമ്പാൻ പറയുന്നു, ഇവ കത്തോലിക്കരുടെ കാനോനാകളാണെന്നു്. നട്ടുച്ചയെ അർ

(ശേഷം 4-ാംപേജിൽ)



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അപേക്ഷിച്ച കാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

കല്ലറക്കൽ പൗലോ ഔസേപ്പു്, എളവൂർ

---

വാൻ പോകുന്നില്ല. ലോകാസ്വസ്ഥതകൾക്കെല്ലാം മൂലഹേതു ആദ്ധ്യാത്മികപാപ്പരത്വമാണെന്നു് എത്രയോ കൊല്ലങ്ങൾക്കു മുമ്പു് സുപ്രസിദ്ധ ചിന്തകനായ എഫ് ജെ ഷീൻ ലോകത്തിനു മുന്നറിയിപ്പു നൽകിയതാണു്. സനാതനതത്വങ്ങളിലും, ധാർമ്മികമൂല്യങ്ങളിലും മനുഷ്യനു വിശ്വാസം നശിച്ചിരിക്കുകയാണു്. സയൻസിനെ വിട്ടിട്ടു ചിന്തിക്കുവാൻ ആധുനികമനുഷ്യനു കഴിയുന്നില്ല. എന്നാൽ ശാസ്ത്രം അതിന്റെ കാതലായ ലക്ഷ്യത്തിലേക്കാണോ പ്രയാണം ചെയ്യുന്നതു്. നരവംശത്തിനു് ശാശ്വതസമാധാനവും സുരക്ഷിതത്വവും കൈവരുത്തുവാൻ സയൻസിനു കഴിവില്ല. അഥവാ കഴിവുണ്ടെങ്കിൽ അതിനുവേണ്ടി ശ്രമിക്കുന്നില്ല. മാരകായുധങ്ങളുടെ നിർമ്മാണം ആധുനിക ലോകത്തെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. രണ്ടു മഹായുദ്ധങ്ങളുടെ ദുരന്തഫലങ്ങളനുഭവിച്ച ഈ തലമുറ ഇന്നും യുദ്ധഭീതിയിലാണ്ടു കിടക്കുകയാണു്. ലോകസമാധാനത്തിനുവേണ്ടിയുള്ള മുറവിളി ഇന്നു് ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും ഉയന്നുകൊണ്ടിരിക്കുകയാണു്. സമാധാനത്തിനുവേണ്ടി —മാരകായുധങ്ങളുടെ ഭീകരങ്ങളായ ഭവിഷ്യത്തുകളിൽനിന്നും മനുഷ്യരാശിയെ രക്ഷിക്കുന്നതിനുവേണ്ടി എല്ലാ രാഷ്ട്രങ്ങളും വീറോടെ വാദിക്കുകയാണു്. ലോകത്തുസമാധാനം വിളയാടണം എന്നു വാദിക്കുന്ന ഒരൊററരാജ്യത്തെയെങ്കിലും ഒരൊററ നേതാവിനെയെങ്കിലും കാണുവാൻ സാധിക്കുന്നുണ്ടോ? എന്നിട്ടും ലക്ഷ്യത്തോടു സമീപിക്കുന്നുപോലുമില്ല കാരണം പരസ്പരം ക്ഷമിക്കുവാനും സഹിക്കുവാനും സഹകരിക്കാനും മനുഷ്യനു കഴിയുന്നില്ല ആത്മീയപ്രഭാവത്തിന്റെ അഭാവം മനുഷ്യനെ കാട്ടാളത്വത്തിലേക്കു് വലിച്ചിഴയ്ക്കുകയാണു്. ഗുരുതരങ്ങളായ ലോകപ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ ശാശ്വതസമാധാനം സംസ്ഥാപിക്കപ്പെടണമെങ്കിൽ നിർഭയമായി മനുഷ്യനു ജീവിക്കണമെങ്കിൽ ആത്മീയമായി വളരെയധികം ഉയരേണ്ടിയിരിക്കുന്നു മനുഷ്യൻ. വിദ്വേഷത്തിന്റേയും വിനാശത്തിന്റേയും ഭീഷണിയുടേയും ഘോരാട്ടഹാസങ്ങളല്ലേ നാമിന്നു് എവിടേയും കേൾക്കുന്നതു്? ചുരുക്കത്തിൽ ബാഹ്യമായി, വൈജ്ഞാനികമായി, ശാസ്ത്രീയമായി മനുഷ്യൻ പുരോഗമിച്ചു. എന്നാൽ മാനസികമായി, ആന്തരികമായി ആത്മീയമായി അനുദിനം അധഃപതിച്ചുകൊണ്ടിരിക്കുന്നു. ആത്മീയദീപം മങ്ങുകയാണു്.

THE SOUTH INDIAN BANK LTD.
Estd: 1929 H. O. TRICHUR A Scheduled Bank

SAVINGS BANK ACCOUNTS
3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.

CALL DEPOSITS & FIXED DEPOSITS FOR PERIODS OF 1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES

BRANCHES:
ALLEPPEY, ALWAYE, BHAVANI, COCHIN, COIMBATORE, ERNAKULAM, GOBICHETTIPALAYAM, IRINJALAKUDA, KUNNAMKULAM, KOZHIKODE, KOLLENGODE, MADRAS, MANJERI, MANNARGHAT, NILAMBUR, OTTAPALAM, PALGHAT, POLLACHI, PONANI, SALEM, TIRUPUR, TRICHUR & WADAKANCHERI

(2-ാംപേജ് തുടർച്ച)

17. നാലാംനൂററാണ്ടാകുമ്പോഴേക്കു റോമാമാർപ്പാപ്പായുടെ പരമാധികാരത്തെ അംഗീകരിക്കുന്ന അനേകം രേഖകൾ ദൃശ്യമാകുന്നുണ്ട്. വിസ്തരഭയത്താൽ അവയിൽ ഒന്നുമാത്രമേ ഇവിടെ ചൂണ്ടിക്കാണിക്കുന്നുള്ളു. 325-ൽ നടന്ന നിഖ്യാസാർവ്വത്രികസൂനഹദോസാണതു്. പൗരസ്ത്യദിക്കിലെ പ്രഥമഗണനീയന്മാരായിരുന്ന അലക്സാന്ത്രിയാപാത്രിയർക്കീസും അന്ത്യോഖ്യാപാത്രിയർക്കീസും മററും ഈ സൂനഹദോസിൽ സംബന്ധിച്ചിരുന്നു. പക്ഷെ സൂനഹദോസിൽ ആദ്ധ്യക്ഷം വഹിക്കുന്നതു സ്പെയിനിൽ കൊർദോവായിലെ ഓസിയൂസ് എന്നൊരു മെത്രാനാണ്. സാർവ്വത്രികസൂനഹദോസുകളിൽ മെത്രാന്മാർക്കല്ലാതെ വൈദികർക്കു സ്ഥാനമില്ല. പക്ഷെ നിഖ്യാസൂനഹദോസിന്റെ കാനോനാകൾക്കു ആദ്യമായി ഒപ്പുവച്ചിരിക്കുന്നതു ഓസിയൂസുമെത്രാനും, പിന്നെ വിത്തൂസ്, വിൻസന്തിയൂസ് എന്ന രണ്ടു ഇററാല്യൻപട്ടക്കാരുമാണ്. അതുകഴിഞ്ഞേ പാത്രിയർക്കീസുമാർ ഒപ്പുവെക്കുന്നുള്ളു. റോമയിൽനിന്നുവന്ന ഈ വൈദികർക്ക്, സൂനഹദോസിൽ പാത്രിയർക്കീസുമാരെക്കാൾ മുൻഗണന എങ്ങനെ കിട്ടി? ഈ വൈദികർ റോമാമെത്രാന്റെ പ്രതിനിധികളായിരുന്നു എന്നതുകൊണ്ടാണ് അവർക്കു പ്രാമുഖ്യം ലഭിച്ചതെന്നുള്ളതു നിസ്തർക്കമാണ്. നിഖ്യായിൽ സമ്മേളിച്ച പിതാക്കന്മാർക്കു റോമാമാർപ്പാപ്പായുടെ പരമാധികാരം സുവിദിതമായിരുന്നുവെന്നാണു ഇതു തെളിയിക്കുന്നതു്.

18. നിഖ്യാസൂനഹദോസിൽ ചർച്ചാവിഷയമായ കാര്യങ്ങളിലൊന്ന് ഉയിർപ്പുതിരുനാളാഘോഷമായിരുന്നു. ഇതേപ്പററി അലക്സാന്ത്രിയായിലെ വിശുദ്ധ കൂറില്ലോസ് രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക: "ഇവയും ഇവപോലെയുള്ളവയുമായ തർക്കങ്ങളാൽ ലോകം മുഴുവനും പെസഹാ ആഘോഷം കുഴപ്പത്തിലായപ്പോൾ, പരിശുദ്ധന്മാർ കൂടിയ ആ സാർവ്വത്രികസൂനഹദോസിൽ സന്തോഷപ്രദമായ ഈ തീരുമാനമുണ്ടായി. ഇതുസംബന്ധമായ ശാസ്ത്രത്തിൽ നിപുണത സമ്പാദിച്ചിട്ടുള്ള അലക്സാന്ത്രിയാസഭ പെസഹാ ആഘോഷിക്കേണ്ട തിയതിയും മാസവും പക്ഷവും ആണ്ടുതോറും റോമാസഭയെ അറിയിക്കണം. അവിടെനിന്നു പെസഹാ ആഘോഷത്തിനായി, ശ്ലൈഹികാധികാരത്താൽ നിശ്ചയിക്കപ്പെടുന്നദിവസം ലോകം മുഴുവനും വ്യാപിച്ചുകിടക്കുന്ന കത്തോലിക്കാസഭ അറിഞ്ഞുകൊള്ളും." (Apud Petavium· De Doctr· temporum I Veneteii 1757 append· p· 502) ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന കത്തോലിക്കാസഭയുടെ സ്വീകരണത്തിനു് ശ്ലൈഹികാധികാരത്താൽ നിശ്ചയിക്കാനുള്ള അവകാശം റോമാമെത്രാനാണെന്നു നിഖ്യായിലെ പിതാക്കന്മാർ എത്ര സ്പഷ്ടമായി സമ്മതിക്കുന്നുവെന്നു നോക്കുക.

19. ആരിയൂസിന്റെ പാഷണ്ഡതയെ ശപിക്കുകയായിരുന്നല്ലോ നിഖ്യാസൂനഹദോസിന്റെ പ്രധാനലക്ഷ്യം. എന്നാൽ സൂനഹദോസിനുശേഷം ചക്രവത്തി ആരിയൂസിന്റെ പക്ഷം ചേരുകയാൽ സത്യവിശ്വാസികൾ വളരെയധികം പീഡനം സഹിക്കേണ്ടിവന്നു. അലക്സാന്ത്രിയാ പാത്രിയർക്കീസായിരുന്ന വിശുദ്ധ അത്തനാസ്യോസ്, സത്യവിശ്വാസത്തെപ്രതി ബഹിഷ്കൃതനായി. അത്തനാസ്യോസ് ഉടനെ റോമയിലെ ജൂലിയസ് മാർപ്പാപ്പായുടെ സഹായം അഭ്യർത്ഥിച്ചു മാർപ്പാപ്പാ തന്റെ അധികാരത്താൽ വിശുദ്ധ അത്തനാസ്യോസിനെ അദ്ദേഹത്തിന്റെ സിംഹാസനത്തിൽ പുനഃസ്ഥാപിച്ചു. ജൂലിയസ് മാർപ്പാപ്പാ അന്ത്യോക്യായിൽ സമ്മേളിച്ച ആരിയൂസ്മെത്രാന്മാർക്കയച്ച ലേഖനത്തിലെ ഒരുഭാഗം ഇങ്ങനെയാണ്: "അലക്സാന്ത്രിയാസഭയെ സംബന്ധിച്ച് നിങ്ങൾ ഞങ്ങളോട് (നമ്മോട്) ആലോചിക്കാഞ്ഞതെന്തുകൊണ്ട്? ഒന്നാമതായി നിങ്ങൾ ഞങ്ങൾക്കു (നമുക്കു) എഴുതുകയും, നീതിയായിട്ടുള്ളതു ഇവിടെനിന്നു തീരുമാനിക്കപ്പെടുകയും ചെയ്യണം എന്നതാണു പതിവ് എന്നു നിങ്ങൾക്കറിവില്ലയോ? എന്തുകൊണ്ടെന്നാൽ വിശുദ്ധ ശ്ലീഹാ ആയ പത്രോസിൽനിന്നു ഞങ്ങൾ (നാം) എന്തു സ്വീകരിച്ചുവോ അതാണു ഞാൻ നിങ്ങൾക്കു കാണിച്ചുതരുന്നതു്." മാർപ്പാപ്പായുടെ പരമാധികാരം സംബന്ധിച്ച് ജൂലിയസിനാകട്ടെ, അത്തനാസ്യോസിനാകട്ടെ സംശയം ഉണ്ടായിരിക്കുന്നില്ല.

ആകയാൽ "മാർപ്പാപ്പാമാർക്കുണ്ടെന്നു റോമൻകത്തോലിക്കാസഭ ഇക്കാലത്തു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന പരമാധികാരം" ഒന്നുമുതൽ നാലുവരെ നൂററാണ്ടുകളിലുണ്ടായിരുന്ന മാർപ്പാപ്പാമാർ അവകാശപ്പെടുകയും മററുള്ളവർ അതു അംഗീകരിക്കുകയും ചെയ്തിരുന്നുവെന്നു സ്പഷ്ടമാണ്. നമുക്കു ലഭിച്ചിട്ടുള്ള ചരിത്രരേഖകൾ അതാണു തെളിയിക്കുന്നതു്. ഇതിനെ തെളിയിക്കുന്ന കൂടുതൽ രേഖകൾ ഇല്ലാത്തതു് അക്കാലത്തെ ചരിത്രം അഭംഗമായി കാത്തുസൂക്ഷിക്കുവാൻ ആർക്കും സാധിക്കാതെ പോയതാണ്. മുകളിൽ പ്രസ്താവിച്ചതുപോലെ എ.ഡി. 313 വരെ റോമാസാമ്രാജ്യത്തിൽ കത്തോലിക്കാസഭ ദാരുണമായി പീഡിപ്പിക്കപ്പെട്ടുകയായിരുന്നു. അക്കാലത്തെ ഇത്രയും രേഖകളെങ്കിലും നമുക്കു ലഭിച്ചിട്ടുണ്ടല്ലോയെന്നതിൽ നാം നമ്മെത്തന്നെ അനുമോദിക്കേണ്ടിയിരിക്കുന്നു. (തുടരും)

# പുസ്തകാഭിപ്രായം

## മാതൃകയുടെ മക്കൾ

(സാമൂഹ്യനാടകം)

(ഗ്രന്ഥകർത്താ: തൂലികാനിലയം പോൾ പൊറുത്തൂർ—പ്രസാധകർ: കേരളബുക്ക്സ്റ്റാൾ, ഒല്ലൂർ—വില 1ക.)

ഒരു യുവസാഹിത്യകാരനായ ശ്രീ പോൾ പൊറുത്തൂരിന്റെ വാസനാസമ്പന്നമായ തൂലികത്തുമ്പിൽനിന്നും ഇദംപ്രഥമമായി നിർഗ്ഗളിച്ചിട്ടുള്ള ഒരു ചെറുനാടകമാണ് ദീർഘമല്ലാത്ത 17 രംഗങ്ങൾ അടങ്ങുന്ന "മാതൃകയുടെ മക്കൾ". ചാരിത്ര സംരക്ഷണത്തിന്റേയും സാക്ഷാത്തായ ആതുരസേവനത്തിന്റേയും മാതൃകകളാണ് ഈ പ്രതിപാദനദ്വാരാ ഗ്രന്ഥകാരൻ അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളതു്. ചാരിത്രത്തെ വിലയിരുത്തുന്നതിൽ ആധുനികയുവലോകം സാമാന്യേന വളരെ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു എന്നുള്ളതു വിലപനീയമായ ഒരു യാഥാർത്ഥ്യമാണ്. ഇന്നത്തെ പു. സാ. യുടെ പ്രചാരണം അതിനു വളരെയധികം വളം ചേർത്തിട്ടുണ്ട് എന്നുള്ളതും അനിഷേദ്ധ്യമാണല്ലോ. അപ്രകാരംതന്നെ സേവനാദർശവും അതിന്റെ സാക്ഷാത്തായ മൂല്യങ്ങളിൽനിന്നു വളരെയധികം അകന്നുപോയിട്ടുണ്ട്. സാഹിത്യംവഴി പ്രചരിച്ചിട്ടുള്ള ഈ വിനാശഫലങ്ങളെ അതേമാർഗ്ഗത്തിൽക്കൂടി പരിഹരിക്കുന്നതിനുള്ള ഗ്രന്ഥകാരന്റെ ശ്രമം സർവ്വഥാ ആദരണീയവും പ്രത്യേകം സ്വാഗതാർഹവുമാണ്. സാഹിത്യരംഗത്തു ഒരു പുത്തനടനായ ഗ്രന്ഥകാരനു ഈ സംരംഭത്തിൽ വന്നുപോയിട്ടുള്ള അപാകതകളെ ഒരു തികഞ്ഞ ഭാഷാപണ്ഡിതനായ അവതാരികാകാരൻ—സാഹിത്യകുശലൻ, ശ്രീ പുത്തേഴത്തു രാമൻമേനോൻ, ബി. ഏ. ബി. എൽ. അവർകൾ—അനുഭാവപൂർവ്വം ഫലിതമയമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട്, അവയെ ഇവിടെ എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. ശ്രീ പൊറുത്തൂരിന്റെ മാതൃഭാഷാസേവനം ഉപര്യുപരി ഫലസമൃദ്ധമായിത്തീരട്ടെ എന്നാശംസിച്ചുകൊള്ളുന്നു.

J. P. V.

# ചോദിച്ചാൽ പറയാം

174. ചോ: ഒരു കാലത്തു മനുഷ്യർ അന്നുവരെ അറിയപ്പെട്ട തത്വങ്ങളനുസരിച്ചു ചില സംഗതികൾ സത്യങ്ങളാണെന്നു തെളിയിച്ചാലും പിന്നീടു അവരുടെ ബുദ്ധി വികസിക്കുമ്പോൾ ആ തത്വങ്ങൾ വ്യത്യാസപ്പെടുത്തേണ്ടിവരുന്നില്ലേ? വെള്ളം ശാസ്ത്രീയമായി പറഞ്ഞാൽ ഒരു മൂലകവസ്തുവാണെന്നു ആദ്യകാലങ്ങളിൽ പറഞ്ഞിരുന്നെങ്കിലും പിന്നീട് അതൊരു സംയുക്തമാണെന്നു പറയേണ്ടിവന്നില്ലേ? അതുപോലെ ഇന്നു ദൈവമുണ്ടെന്നും മററും പറയുവാനുള്ള ന്യായങ്ങൾ ഇനിയൊരുകാലത്തു മാററപ്പെടില്ലെന്ന് ആരറിഞ്ഞു?

(പി സി പി, അന്തിക്കാട്ട്)

ഉ: ചോദ്യകർത്താവു വലിയ ഒരു ആശയക്കുഴപ്പത്തിൽ കിടന്നു വിഷമിക്കുകയാണെന്നു തോന്നുന്നു. "ചില തത്വങ്ങളനുസരിച്ചു സത്യങ്ങളാണെന്നു തെളിയിക്കപ്പെട്ട സംഗതികൾ ബുദ്ധി വികസിക്കുമ്പോൾ വ്യത്യാസപ്പെടുത്തേണ്ടിവരുന്നതുപോലെ, ദൈവമുണ്ടെന്നു പറയുന്നതിനുള്ള ന്യായങ്ങൾ മാററപ്പെടുമ്പോൾ ദൈവമില്ലെന്നു പറയേണ്ടിവരില്ലേ" എന്നാണോ അദ്ദേഹം ചോദിക്കുന്നതു്? അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന്റെ ഉദാഹരണം തെററിപ്പോയി കാരണം ഒരു "മൂലകം" എന്ന തത്വത്തിൽനിന്നു വെള്ളം എന്ന "സത്യ"ത്തെ കണ്ടുപിടിക്കുകയല്ലാ ചെയ്തതു്. നേരേമറിച്ച് വെള്ളമെന്ന "സത്യ"ത്തിന്റെ ഘടകങ്ങളെപ്പററി അന്വേഷിച്ചവർ ആദ്യം ഒരു "മൂലകം" എന്ന തത്വത്തെ സ്വീകരിച്ചെങ്കിലും "ബുദ്ധി വികസിച്ചപ്പോൾ" "സംയുക്തം" എന്ന തത്വത്തിലെത്തിച്ചേരുകയാണു ചെയ്തതു്. ഈ ഉദാഹരണത്തിനു് അനുസരിച്ച് അദ്ദേഹം ചോദിക്കേണ്ടിയിരുന്നതു് ദൈവത്തിന്റെ അസ്തിത്വത്തിനു്, ഇന്നു പറയപ്പെടുന്ന ഫലങ്ങൾ (കാരണങ്ങളല്ല) ബുദ്ധിവികസിക്കുമ്പോൾ മാററപ്പെടേണ്ടിവരില്ലേയെന്നാണ്. വെള്ളത്തിന്റെ അസ്തിത്വം ഒരു അംഗീകൃതവസ്തുതയായിരിക്കുന്നതുപോലെ ദൈവത്തിന്റെ അസ്തിത്വവും ഒരു അംഗീകൃത വസ്തുതയായിരിക്കുന്നതിനാൽ (അങ്ങനെയല്ലെങ്കിൽ താരതമ്യത്തിന് അർത്ഥമില്ലല്ലോ) കാരണം അന്വേഷിക്കേണ്ട ആവശ്യം വരുന്നില്ല.

ഇനി വെള്ളത്തിന്റെ ഉദാഹരണം പാടേ വിസ്മരിച്ചിട്ട് ലേഖകന്റെ ചോദ്യത്തെപ്പററി ആലോചിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ നിഗമനങ്ങൾ തെററാണെന്നു കാണാം. തത്വം, സത്യം മുതലായ പദങ്ങളുടെ അർത്ഥവ്യാപ്തിയിൽ നിഷ്കർഷിക്കാതിരുന്നതുകൊണ്ടുവന്ന ഒരു പ്രമാദമാണിതെന്നു തോന്നുന്നു. സത്യത്തിനു ഒരിക്കലും മാററമില്ലല്ലോ. പിന്നീടു മാററപ്പെടേണ്ടിവരുന്ന ഒന്നിനെ സത്യമെന്നു വ്യവഹരിക്കുന്നതു ശരിയുമായിരിക്കുകയില്ല. അറിയപ്പെട്ട ചില തത്വങ്ങളെ ആധാരമാക്കി മനുഷ്യൻ എത്തിച്ചേർന്ന ചില നിഗമനങ്ങൾ ഉപരിപഠനത്തിന്റെ ഫലമായി പിന്നീടു മാറേണ്ടിവന്നിട്ടുണ്ട്. (അതുകൊണ്ട് എല്ലാം മാററപ്പെടും എന്നു അനുമാനിക്കുന്നതു വിഡ്ഢിത്തമായിരിക്കും.) ഇതു മാനദണ്ഡമാക്കി ചോദിക്കേണ്ടതു "ദൈവമുണ്ടെന്നു പറയുന്നതിനുള്ള ന്യായങ്ങൾ മാററപ്പെടേണ്ടിവരില്ലേ"യെന്നല്ലാ പ്രത്യുത "ദൈവമുണ്ടെന്നു പറയുന്നതിനു് ഇന്നുള്ള ന്യായങ്ങളിൽനിന്നുള്ള അനുമാനമായ ദൈവത്തെ മാറേണ്ടിവരില്ലേ" എന്നാണ്. കാരണം ഉപമാനത്തിൽ "തത്വ"മല്ലാ "സത്യ"മാണു മാററപ്പെടുന്നതു്.

കാര്യകാരണങ്ങളെ കൂട്ടിക്കുഴച്ചതുകൊണ്ടാണു ചോദ്യകർത്താവിനു് ആശയക്കുഴപ്പം നേരിട്ടതു്. അദ്ദേഹത്തിനു് അറിയേണ്ടതു് ദൈവാസ്തിക്യത്തെ തെളിയിക്കുന്നതിനു് ഇന്നു പറയുന്ന ന്യായങ്ങൾ, മനുഷ്യബുദ്ധി വികസിക്കുമ്പോൾ ദൈവാസ്തിക്യത്തെ തെളിയിക്കുന്നതിനു പോരാത്തവയായി തീരുമോയെന്നാണെന്നു വിചാരിക്കുന്നു. വാദത്തിനുവേണ്ടി അതങ്ങു സമ്മതിക്കുക; എന്നാലെന്താണ്? ഈ ന്യായങ്ങളുടെ ഒരു അവശ്യഫലമാണു ദൈവാസ്തിക്യമെങ്കിൽ, ന്യായങ്ങൾ മാറുമ്പോൾ ദൈവാസ്തിക്യത്തിനു കോട്ടംതട്ടുമെന്നു കരുതേണ്ടിവരും. ഭൂമി ഉരുണ്ടതാണെന്നതിനു ഇന്നു പറയുന്ന ന്യായങ്ങളെല്ലാം ശരിയല്ലെന്നു തെളിഞ്ഞാൽ അതുകൊണ്ടുമാത്രം ഉരുണ്ട ഭൂമി പരന്നതായിത്തീരുമോ? ആ ന്യായങ്ങളെല്ലാം തെററിയാലും ഉരുണ്ട ഭൂമി ഉരുണ്ടതന്നെയിരിക്കും. അതുപോലെ ദൈവാസ്തിക്യത്തെ തെളിയിക്കുന്നതിനു ഇന്നു പറയുന്ന ന്യായങ്ങൾ ദുർബലങ്ങളായാൽതന്നെ ഉള്ളവനായ ദൈവം, ഇല്ലാത്തവനാകുകയില്ല.

മനുഷ്യൻ മുൻകാലങ്ങളിൽ നടത്തിയ ചില അഭ്യൂഹങ്ങൾ അറിവു വികസിച്ചപ്പോൾ മാറേണ്ടിവന്നിട്ടുണ്ടെന്നുള്ളതു ശരിതന്നെ. അതിൽനിന്നു രണ്ടും രണ്ടും നാലാണെന്നുള്ള പ്രാചീനമനുഷ്യന്റെ കണ്ടുപിടിത്തം ബുദ്ധി വികസിക്കുന്നതോടുകൂടി മാറിപ്പോകുമെന്നും രണ്ടും രണ്ടും അഞ്ചായിത്തീരുമെന്നും ആരെങ്കിലും പറയാറുണ്ടോ? രണ്ടും രണ്ടും യഥാർത്ഥത്തിൽ നാലായിരിക്കുന്നതുകൊണ്ടു മനുഷ്യന്റെ അറിവു എത്രതന്നെ വർദ്ധിച്ചാലും അതിനു മാററം വരികയില്ല. അതുപോലെ, ദൈവം യഥാർത്ഥത്തിൽ ഉണ്ടായിരിക്കുന്നതുകൊണ്ട് മനുഷ്യന്റെ അറിവു എത്ര വർദ്ധിച്ചാലും ദൈവം ഇല്ലാതാകുകയില്ല. ഇതിൽനിന്ന് ദൈവത്തിന്റെ അസ്തിത്വത്തെ തെളിയിക്കുന്നതിനു ഇന്നു ഹാജരാക്കപ്പെടുന്ന ന്യായങ്ങളെല്ലാം രണ്ടായിരമോ നാലായിരമോ കൊല്ലങ്ങൾക്കു മുൻപും മനുഷ്യൻ അറിഞ്ഞിരുന്നുവെന്നു വാദിക്കുന്നതായി ധരിക്കരുതു്. മനുഷ്യന്റെ അറിവു വർദ്ധിച്ചതോടുകൂടി പുതിയ പുതിയ ന്യായങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇനിയും ന്യായങ്ങൾ പുതുതായി കണ്ടുപിടിച്ചെന്നുംവരാം.

മനുഷ്യബുദ്ധിക്കു ഗ്രാഹ്യങ്ങളായ ചില ന്യായങ്ങളുള്ളതുകൊണ്ടാണു അപരിമേയനായ ഒരു ദൈവമുണ്ടെന്നു നാം വിശ്വസിക്കുന്നതെന്നു ധരിക്കരുതു്. സൂര്യന്റെ അസ്തിത്വം സൂര്യപ്രകാശത്തെ ആശ്രയിച്ചല്ലാ ഇരിക്കുന്നതു്. (സൂര്യപ്രകാശം നമുക്കു അനുഭവപ്പെടാത്തപ്പോഴും സൂര്യൻ ഉണ്ട്.) പക്ഷെ സൂര്യപ്രകാശം കാണുന്ന നാം സൂര്യന്റെ അസ്തിത്വത്തെ ഏററുപറയുന്നുവെന്നുമാത്രം. 'ദൈവത്തിന്റെ അസ്തിത്വത്തിനു മനുഷ്യബുദ്ധിക്കു കണ്ടുപിടിക്കാവുന്ന കാരണങ്ങൾക്കു പുറമേ മറെറാരു കാരണവും ഉണ്ട്'. ദൈവംതന്നെ ആ വസ്തുത നമുക്കു വെളിപ്പെടുത്തിതന്നിരിക്കുന്നുവെന്നതാണതു്. മനുഷ്യബുദ്ധി എത്ര വികസിച്ചാലും ഈ സത്യത്തിനു മാററം വരുന്നതല്ല.

175. ചോ: മനുഷ്യാത്മാവ് എപ്പോൾ ഉണ്ടാകുന്നു? ഒരു മനുഷ്യനിൽ ആത്മാവും ജീവനും ഒരേസമയത്തു് ഉണ്ടാകുന്നുണ്ടോ?

(എം ജെ ജെ, തിടനാട്ട്)

ഉ: മനുഷ്യന്റെ ഉത്ഭവക്ഷണത്തിൽ ദൈവം ആത്മാവിനെ അവനിൽ സൃഷ്ടിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവത്തെപ്പററി നാം വിശ്വസിക്കുന്നതും അങ്ങനെയാണ്. മറിയത്തിന്റെ "ഉത്ഭവക്ഷണംമുതൽ" അവൾ പാപരഹിതയായിരുന്നുവെന്നാണ് ആ വിശ്വാസസത്യം നമ്മെ പഠിപ്പിക്കുന്നതു്. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ ഒരു വാക്യം ഇക്കാര്യത്തിൽ നമുക്കു സഹായമായിരിക്കുന്നുണ്ട്. "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഇതു് എനിക്ക് എവിടെനിന്നു്? എന്തുകൊണ്ടെന്നാൽ ഇതാ, നിന്റെ സ്വസ്തിയുടെ സ്വരം എന്റെ ചെവികളിൽ വീണപ്പോൾ പ്രജ എന്റെ ഉദരത്തിൽ വലിയ സന്തോഷത്തോടുകൂടി കുതിച്ചുചാടി" (ലൂക്കാ I 43, 44) ഈശോയുടെ സാന്നിദ്ധ്യത്തിലുള്ള ആനന്ദംകൊണ്ടാണല്ലോ ഗർഭസ്ഥനായ സ്നാപകയോഹന്നാൻ കുതിച്ചുചാടിയതു്. മംഗലവാർത്ത കഴിഞ്ഞ ഉടനെയാണു മറിയം എലിസബത്തിനെ കാണുവാൻ പോയതു്. മറിയത്തിന്റെ ഗർഭത്തിൽ വെറും മാംസപിണ്ഡമല്ലാ, ദൈവംതന്നെയായിരുന്നുവെന്നാണല്ലോ യോഹന്നാന്റെ കുതിച്ചുചാട്ടവും എലിസബത്തിന്റെ സ്വസ്തിയും തെളിയിക്കുന്നതു്. തൊട്ടിലിൽ കിടക്കുകയോ, തെരുവീഥിയിൽ ഓടുകയോ ചെയ്യുമ്പോഴുള്ളതുപോലെയുള്ള ഒരു മാനുഷികമായ അസ്തിത്വമാണു ഗർഭസ്ഥമായ ശിശുവിനുമുള്ളതു്. അസ്തിത്വത്തിന്റെ ആരംഭംമുതൽതന്നെ അതു ജീവനുള്ള ഒരു മനുഷ്യനായിരിക്കുന്നു ആ ആരംഭക്ഷണത്തിൽതന്നെ ദൈവം അവനു് അമർത്യമായ ഒരു ആത്മാവിനേയും പ്രദാനംചെയ്യുന്നു.

ദൈവം മനുഷ്യനിൽ സൃഷ്ടിക്കുന്ന ആ ആത്മാവു അമർത്യമാണെങ്കിലും, സൃഷ്ടിക്കുമുൻപ് ഇല്ലാതിരുന്നതാണ്. മനുഷ്യാത്മാവു

(ശേഷം 9-ാംപേജിൽ)

Chakola's SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.
EP

Wednesday
December 4
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 17







പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

ബെത്തലേഹമിൽ അന്നു നടന്ന ആ മഹാസംഭവമാണ് ഇന്നു നമ്മുടെ ചിന്തയ്ക്കു വിഷയമാകുന്നതു്. ദിവ്യരക്ഷകന്റെ പിറവി. യൗസേപ്പും മറിയവും രാത്രി കഴിക്കുന്നതിനു ഒരു സ്ഥലമന്വേഷിച്ചു് ഭഗ്നാശരായി അവസാനം അവിടെയുണ്ടായിരുന്ന കാലിത്തൊഴുത്തിനെ അഭയംതേടി. മറിയത്തിന്റെ വിരുതേറിയ കരങ്ങൾ ക്ഷണനേരംകൊണ്ടു് അതെല്ലാം വൃത്തിയാക്കി. മറിയം ആ പശുത്തൊഴുത്തിനെ ഒരു രാജകീയ അരമനയാക്കി എന്നു അക്ഷരാർത്ഥത്തിൽ പറയാവുന്നതാണു്. അതാണല്ലോ യഥാർത്ഥം. നേരം പാതിരയായി. ഒരൊച്ചപ്പാടുംകൂടാതെ, ആരുമാരുമറിയാതെ, ലോകത്തിലേക്കും ഏററം പ്രധാനമായ ആ സംഭവം നടന്നു രാജാധിരാജനായ ക്രിസ്തുവിന്റെ ആഗമനം. രക്ഷകന്റെ ലോകത്തിലേക്കുള്ള ആവിർഭാവം. ലോകം അതറിഞ്ഞതേയില്ല. ലോകർ അതു പരിഗണിച്ചതുമില്ല പക്ഷെ, സ്വർഗ്ഗത്തിനു മൗനംഭജിക്കുക സാദ്ധ്യമായിരുന്നില്ല. മാലാഖാമാർ അന്തരിക്ഷത്തിൽ പ്രത്യക്ഷപ്പെട്ടു. വിനീതരായ പാവപ്പെട്ട ആട്ടിടയരോടു് അവർ ഈ സുവിശേഷം അറിയിച്ചു. ആട്ടിടയർ ഓടി, ബെത്തലേഹമിലെ അത്ഭുതശിശുവിനെ കാണുവാൻ. വാനാരൂപികളുടെ ഗാനംകൊണ്ടു് അന്തരിക്ഷം മുഖരിതമായി. ആകാശഗോളങ്ങളിൽ ഒരു പുതിയ നക്ഷത്രം പ്രത്യക്ഷപ്പെട്ടു. പൂർവ്വദിക്കിലെ വിജ്ഞാനികൾ ഇറങ്ങിപ്പുറപ്പെട്ടു വാഗ്ദത്തംചെയ്യപ്പെട്ട രക്ഷകനെ കണ്ടുപിടിക്കുവാൻ. അവർ ഹേറോദേശിന്റെ അരമനയിൽ ചെന്നുചേരുന്നു രാജശിശുവിനെ തേടി. ഹേറോദേശ് ഭയന്നുവിറയ്ക്കുന്നു, തനിക്കൊരു പ്രതിയോഗി ഉത്ഭവിച്ചു എന്നറിഞ്ഞതുകൊണ്ടു് ഭയാനകമായ ശിശുവധം നടക്കുന്നു. അങ്ങിനെ പോകുന്നു സംഭവപരമ്പരകൾ, ഈ പിറവിയെ തുടർന്നു. അവ നടക്കട്ടെ, അങ്ങനെ നമുക്കു ബെത്തലേഹമിലേക്കു തിരിക്കാം. മറിയത്തിന്റെ മടിയിൽ കിടന്നുകൊണ്ടു നമ്മെ നോക്കി പുഞ്ചിരിക്കുന്ന, നമ്മെ ആശ്ലേഷിക്കുവാൻ കൈയനക്കുന്ന ആ കോമളവിഗ്രഹത്തെ മതിവരെക്കണ്ടു നമ്മുടെ കണ്ണുകൾ കുളിക്കട്ടെ. നമ്മുടെ ഹൃദയം ആ ദിവ്യശിശുവിന്റെ സ്നേഹപാരാവാരത്തിൽ മുങ്ങിത്തുടിക്കട്ടെ. പിറവിത്തിരുനാളിനു ഒരുക്കമായുള്ള നോമ്പുകാലമാണല്ലോ വന്നിരിക്കുന്നതു്. ഈശോയുടെ വരവിനുള്ള നമ്മുടെ ഒരുക്കത്തെപ്പററി ഇക്കൊല്ലം പ്രത്യേകമായി നമുക്കൊന്നു ശ്രദ്ധിക്കാം. രക്ഷകൻ നമ്മിൽ യഥാർത്ഥത്തിൽ വന്നതളുന്നതിനു നമ്മുടെ ഹൃദയങ്ങളെ നമുക്കൊരുക്കാം. പരിശുദ്ധ അമ്മയോടു അതിനുള്ള സഹായം യാചിക്കാം.

വല്യേട്ടൻ.

## ക്രൂശും കൊടുങ്കാററും

(ചാണ്ടപ്പിള്ള പ്രായിക്കളം പുളിങ്കുന്നു്, Reg. No. 224)

ക്രിസ്തുമതത്തിന്റെ ആരംഭംമുതൽ ക്രിസ്തുവിന്റെ അനുയായികൾക്കു് പല പല വിഷമഘട്ടങ്ങളേയും തരണംചെയ്യേണ്ടതായി വന്നു ക്രിസ്തുമതത്തിന്റെ ആരംഭകാലത്തുതന്നെ റോമൻസമ്രാട്ടുകൾ ക്രിസ്തുമതത്തിന്റെ വളർച്ചയെ തടയുവാൻ ശ്രമിച്ചു. ആയിരക്കണക്കിനു ക്രിസ്ത്യാനികളുടെ തലകൾ കൊയ്തിട്ടും അതിന്റെ ശക്തി ഒന്നിനൊന്നു ശക്തിപ്പെട്ടു തന്നെവന്നു. ആയിരക്കണക്കിനു രക്തസാക്ഷികളുടെ ചുടുചോര വീണു കുതിർന്ന മണ്ണിൽ, അവരുടെ അസ്ഥികൾ പൊടിഞ്ഞുചേർന്നു് വളക്കൂറായ മണ്ണിൽ ക്രിസ്തുമതം പടർന്നുപന്തലിച്ചു് ഒരു മഹാവൃക്ഷമായിത്തീർന്നു. നീറോയുടേയോ, ട്രാജന്റേയോ ശക്തികൾക്കു് ക്രിസ്തുമതത്തെ തച്ചുടയ്ക്കുവാൻ സാധിച്ചില്ല. കമ്മ്യൂണിസ്റ്റ് നാരകീയശക്തി ക്രിസ്തുമതത്തെ നിർമ്മാർജ്ജനം ചെയ്യുവാൻ ശ്രമിക്കുന്ന ഒരു കാലഘട്ടമാണിതു്. അവർ ലോകത്തിന്റെ നാനാഭാഗങ്ങളിലും അലതല്ലുന്ന ഒരു കൊടുങ്കാററായി മാറിയിരിക്കയാണു്. റഷ്യയിലും ചൈന, ഹങ്കറി മുതലായ കമ്മ്യൂണിസ്റ്റ്പിടിയിൽ അമന്നിരിക്കുന്ന പല രാഷ്ട്രങ്ങളിലും ക്രിസ്തുമതത്തെ നശിപ്പിക്കുവാൻ ശ്രമിക്കുകയാണു്. അവരുടെ വിപ്ലവകരമായ ആദർശങ്ങൾ പ്രചരിക്കണമെങ്കിൽ ക്രിസ്തുമതം നശിക്കണം, ഈശ്വരൻ ഇല്ലാതാകണം. എന്നാൽ 20 നൂററാണ്ടുകൾക്കുമുൻപു് കാൽവരിമലയിൽ നാട്ടപ്പെട്ട കുരിശിന്റെ ശക്തിയെ നശിപ്പിക്കുവാൻ യാതൊരു അന്ധകാരശക്തികൾക്കും സാദ്ധ്യമല്ല. ഇന്നു കേരളത്തിൽ മുപ്പത്തഞ്ചുശതമാനം ജനങ്ങളുടെ പിൻതുണയോടുകൂടി ഒരു കമ്മ്യൂണിസ്റ്റ്ഗവൺമെണ്ടു് ഭരിക്കയാണു്. കേരളം ഒരു ജനാധിപത്യരാഷ്ട്രമാണെങ്കിലും ജനാധിപത്യഭരണരീതിക്കു വിരുദ്ധമായി കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഒരടവു് അവർ പ്രയോഗിച്ചിരിക്കുകയാണു്. ക്രിസ്തുവിന്റെ പരിപാവനമായ രക്തത്തെ ഒററിക്കൊടുത്ത യൂദാസിന്റെ ഭാഗം ചിലരഭിനയിക്കുന്നു. പ്രതിപക്ഷങ്ങളുടെയെല്ലാം ഒന്നിച്ചുള്ള എതിർപ്പിനെ വകവയ്ക്കാതെ ബില്ലുകൾ പാസ്സാക്കിയെടുക്കുകയാണു്. ഭാവിതലമുറയിൽ കമ്മ്യൂണിസ്റ്റ് വിഷബീജം കുത്തിവച്ചു് ഒരു കമ്മ്യൂണിസ്റ്റ്തലമുറയെ വാർത്തെടുക്കുക എന്നുള്ളതാണു് അവരുടെ ലക്ഷ്യം. അതോടുകൂടി ഇന്നു കേരളത്തിൽ വിദ്യാഭ്യാസരംഗത്തു സേവനമനുഷ്ഠിക്കുന്ന കത്തോലിക്കാമാനേജുമെന്റിനെ തേജോവധംചെയ്തു് അവരുടെ അധികാരങ്ങളും അവകാശങ്ങളും കൈയടക്കി വിദ്യാഭ്യാസം ഗവൺമെണ്ടിന്റെ കുത്തകയാക്കിമാററുക എന്നുള്ളതുമാണു്. എന്നാൽ ഈശ്വരബോധമുള്ള കേരളീയർ ഉള്ള കാലത്തോളം വിദ്യാഭ്യാസദേശസാൽക്കരണശ്രമം എത്രത്തോളം വിജയിക്കുമെന്നു കണ്ടുതന്നെ അറിയണം.

—o—

### 142–ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—മരിയഹാരം.

### പ്രശ്നം നമ്പർ 143

(ജോർജ് വി. ചിറയത്തു്, Reg. No. 36)

ഞാൻ ലോകത്തിനു കുളുർമ്മയും ലോകർക്കു് ആനന്ദവും പ്രദാനം ചെയ്യുന്നു. എന്റെ പേർ ഉപയോഗിക്കാത്ത യാതൊരുത്തനും കാണുകയില്ല. കഥാകാരന്മാർക്കും കവികൾക്കും ഞാനൊരു ചിരാലംബമാണു്. എന്നെ പിടിച്ചടക്കാനാണു് ഇന്നു ശാസ്ത്രം ഉററുപരിശ്രമിച്ചു തുടങ്ങിയിരിക്കുന്നതെന്നു തോന്നുന്നു. എന്റെ പേരിനു മൂന്നക്ഷരമേയുള്ളു. ഒന്നാമത്തെ അക്ഷരം ചന്ദനത്തിലുണ്ടു്, കടുകയിലില്ല. രണ്ടാമത്തെ അക്ഷരം കേന്ദ്രഗവർമ്മെണ്ടിലുണ്ടു്, കേരളത്തിലെ കമ്മ്യൂണിസ്റ്റ്ഗവർമ്മെണ്ടിലില്ല. അവസാനഅക്ഷരം മൂകനിലുണ്ടു്; മണ്ഡൂകത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## ആ പൂങ്കാവനം

(എൻ. ജെ. സെബാസ്റ്റ്യൻ, നെടിയകാടു് Reg. No. 176)

വസന്തകാലത്തിലെ മനോഹരമായ ഒരു സായംസന്ധ്യയിൽ ഞങ്ങൾ ആ പ്രദേശത്തു എത്തിച്ചേർന്നു; കൊച്ചരുവികളും പുഞ്ചപ്പാടങ്ങളും പകലന്തിയോളം പാടിപ്പറന്നു് ഈശ്വരസ്തോത്രങ്ങൾ ആലപിക്കുന്ന പറവകളും മാദകപൂക്കളും പൂവല്ലികളും തിങ്ങിനിറയുന്ന ആ മലക്കാവിൽ!

എന്റെ കണ്ണിണകൾ ആ പൂങ്കാവനത്തിലൂടെ ചുററിത്തിരിഞ്ഞു. വൃക്ഷങ്ങളിലൂടെ തത്തിക്കളിച്ചു് പറവകൾ ആലപിക്കുന്ന അവ്യക്തസുന്ദരമായ ഗാനത്തിന്റെ മധുരമുള്ള ഈരടികൾ ശ്രവിച്ചു് ആനന്ദചിത്തരായി തലയാട്ടിക്കൊണ്ടിരുന്ന കേരവൃക്ഷങ്ങളും, പാറക്കൂട്ടങ്ങളിൽ പുഷ്പഹാരങ്ങളർപ്പിച്ചുകൊണ്ടിരുന്ന കാട്ടുവല്ലികളും എന്നെനോക്കി പുഞ്ചിരിതൂകി.

ആ പൂങ്കാവനത്തിൽ, ശാന്തിയുടെ ശ്രീകോവിലിൽ, പ്രകൃതിസൗന്ദര്യത്തിന്റെ അണിയറയിൽ നില്ക്കവേ എന്റെ സ്മൃതിപഥത്തിൽ മധുരവികാരങ്ങളുടെ തേൻതുള്ളികൾ തുളുമ്പിനില്ക്കുന്ന ആ ബാല്യകാലജീവിതത്തിലെ നിർമ്മലമായ ഓർമ്മകൾ തെളിഞ്ഞുവന്നു. നിഷ്കളങ്കതയുടെ വെള്ളിച്ചിറകുകൾ വിടർത്തി സ്നേഹത്തിന്റെ മലക്കാവിലൂടെ കൂട്ടുകാരുമൊത്തു് വിഹരിച്ചുല്ലസിച്ച ആ മോഹനദിനങ്ങൾ! ജീവിതത്തിലെ നിഷ്കളങ്കമായ ആ പഴകിയ വടി! പുലരിത്തുടിപ്പിൽ പൊന്നിളംചുണ്ടുകൾ വിടർത്തി പരാശക്തിയെ സ്തുതിക്കുന്ന കാട്ടുപൂക്കൾ അടർത്തിയെടുത്തു് പുഷ്പഹാരങ്ങൾ നിർമ്മിച്ചു് പരി: മാതാവിന്റെ തിരുകണ്ഠത്തിൽ അർപ്പിച്ചിട്ടുള്ള നൂറുനൂറു പൊന്നുഷസ്സുകൾ! സ്നേഹസമ്പന്നരായ മാതാപിതാക്കന്മാരുടെ ചിറകിൻകീഴിൽ വിശപ്പും ദാരിദ്ര്യവുമേശാതെ സുഖനിദ്രചെയ്ത ആ പൊൻനാളുകൾ! ബാല്യകാലം! ഹൊ! ദിനരാത്രങ്ങളെ തള്ളിനീക്കിക്കൊണ്ടു് ജീവിതം മുന്നോട്ടുനീങ്ങുകയാണു്.

ആ പ്രദേശത്തെപ്പററിയുള്ള സ്നേഹിതന്റെ അഭിപ്രായങ്ങളും വർണ്ണനകളും എന്നെ ചിന്തയിൽനിന്നും തട്ടിയുണർത്തി.

പടിഞ്ഞാറെ താഴ്‌വരയിലൂടെ നവോഢയെപ്പോലെ ശാലീനയായി കുണുങ്ങിക്കുണുങ്ങി ഗമിക്കുന്ന പൂഞ്ചോലയിൽനിന്നും ഉയരുന്ന മൃദുലനാദം അപ്പോഴും ഞങ്ങളുടെ കാതുകളിൽ തറച്ചുകൊണ്ടിരുന്നു. സമീപത്തുള്ള ആഞ്ഞിലിമരത്തിന്റെ ചില്ലയിലിരുന്നു ഒരു പൈങ്കിളി കണ്ണും കരളും കുളിർപ്പിക്കുമാറു പാടുകയാണു്!

ആ പ്രകൃതിമനോഹരതയിൽ അവ്യക്തമായ ഒരു ദിവ്യരൂപം തെളിഞ്ഞു നില്ക്കുന്നതായെനിക്കു തോന്നി. ആ പൂങ്കാവനത്തെ ഇക്കിളിയിടുവിച്ചുകൊണ്ടു് സന്ധ്യാസമയത്തെ ഇളംകാററു വീശിക്കൊണ്ടിരുന്നു. വാടിത്തളർന്ന പൂക്കളുടെ പൊന്നിളംചുണ്ടുകൾ മധുരമുള്ള മൂന്നക്ഷരങ്ങൾ ഉരുവിടുന്നതുപോലെതോന്നി. മൃദുലമായി അതെന്റെ കാതുകളിൽ മുഴങ്ങിക്കേട്ടു: "ഈശ്വരൻ!" "ഈശ്വരൻ!" സർവ്വലോകനിയന്താവായ ആ പരംപൊരുളിനെ അവററകൾ

(ശേഷം 5-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Mamorial Press,
Ernakulam-1